Reg. M. No. 2293

ഒറ്റപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 ചിങ്ങം 10—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1953 ആഗസ്റ്റ് 26 | ലക്കം 2

## അനശ്വരതയുടെ പ്രേമഗായകൻ

(ജയിംസ് കെ. സി., മണിമല)

ശതാബ്ദങ്ങൾ കടന്നുപോയി. സംഭവപരമ്പരകൾ കാലഗർത്തത്തിൽ മറഞ്ഞു. ജീവിതചക്രം ഉരുണ്ടുനീങ്ങുകയാണ്. മറവിയുടെ കൈകൾ മടിക്കാതെ മായിച്ചുകൊണ്ടിരിക്കുന്നു, എണ്ണമററ സ്മരണകളെ.

പക്ഷേ ഉജ്ജ്വലദീപ്തിയോടെ ഉയർന്നു വിരാജിക്കുകയാണ്, കാലാംബരത്തിൽ ആ ജ്യോതിർഗ്ഗോളം—ആഗുസ്തീനോസ്.

### അദ്ദേഹം ആര്?

അദ്ദേഹം ഒരമാനുഷനല്ലായിരുന്നു; അലൗകികനല്ലായിരുന്നു. പിന്നെയോ? ജഡത്തിന്റെ മായാമോഹങ്ങളിൽ മുങ്ങിമറിഞ്ഞ ഒരു ലോകായതികൻ; ഭോഗാസക്തിയുടെ മുമ്പിൽ അനശ്വരപ്രേമത്തെ അടിയറവയ്ക്കാനും തയ്യാറായ ഒരു സ്ത്രീലമ്പടൻ. പെററ തള്ളയുടെ "കണ്ണുനീരിൽ ഉപ്പുനോക്കുവാൻ" പോലും മടിക്കാത്ത വജ്രഹൃദയൻ. പണവും പദവിയും ലൗകികസുഖഭോഗങ്ങളുമുണ്ടെങ്കിൽ ജീവിതത്തിന്റെ വിജയപതാക വാനോളമുയർത്താമെന്നാശിച്ചുപോയി, അദ്ദേഹത്തിന്റെ മാനുഷികബലഹീനത.

### ഹാ! എന്നിട്ടോ?

എന്നിട്ടോ ഇന്നദ്ദേഹം തിരുസ്സഭാസൗധത്തിന്റെ നെടുംതൂണുകളിലൊന്നായി വിലസുന്നത്? നമ്മുടെ അൾത്താരകളിൽ ആരാധ്യപുരുഷനായി കാണപ്പെടുന്നത്? അച്ചടിവിതാശയങ്ങളുടെ അനർഗ്ഗളധോരണിയാൽ അപാരപണ്ഡിതനായി എണ്ണപ്പെടുന്നത്? അനശ്വരതയുടെ കവാടത്തിൽ അതിപ്രശസ്തനായ ഒരു പ്രേമഗായകനായി അറിയപ്പെടുന്നത്? വക്രതയിൽനിന്നു ജന്മമെടുത്ത ആർജ്ജവത്വം! വൈരൂപ്യം രൂപംകൊടുത്ത സൗന്ദര്യധാമം! കാമാന്ധത കത്തിച്ചുവച്ച പ്രേമദീപം! ഇതു വൈചിത്ര്യമല്ലേ? വൈരുദ്ധ്യമല്ലേ?

ആയിരിക്കാം. സംഭവബഹുലമായ ആ ജീവചരിത്രം ഒന്നോടിച്ചു മറിക്കുകയാണിന്നു.

### അച്ഛന്റെ മകൻ

ന്യൂമീഡിയാ എന്ന ആഫ്റിക്കൻപ്രദേശത്തെ പ്രകൃതിരമണീയമായ ഒരു ഗ്രാമത്തിലാണു ആഗുസ്തീനോസ് ജനിച്ചത്. ദമ്പതികളെ പലപ്പോഴും ഇരുത്തിച്ചിന്തിപ്പിക്കുന്ന ഒരു വസ്തുതയുണ്ട്; തങ്ങളിൽ ആരുടെ സ്വഭാവമാണു സന്താനങ്ങളിൽ അധികം പ്രതിഫലിക്കുക എന്നുള്ളത്. ചിന്തകന്മാർക്ക് അക്കാര്യം ഇനിയും പരിച്ഛേദിച്ചു പറയാൻ സാധിച്ചിട്ടില്ല. പക്ഷേ ആഗുസ്തീനോസിന്റെ കാര്യത്തിൽ ഇതൊരുപ്രശ്നമേയല്ല. അദ്ദേഹം പിതാവിന്റെ "തനിപ്പുത്രനായിരുന്നു. ഭൗതികസുഖങ്ങളുടെ പിമ്പേ അന്ധമായി ഉഴറിക്കൊണ്ടിരുന്ന പട്രീഷ്യസ് പുത്രന്റെ സ്വഭാവത്തിൽ അഭിമാനംകൊണ്ടിരുന്നേയുള്ളു. പക്ഷേ സുചരിതയായ മോനിക്കാ—ആഗുസ്തീനോസിന്റെ മാതാവ്—പുത്രന്റെ സ്വഭാവവൈകല്യത്തിൽ അകമുരുകിക്കരഞ്ഞു.

ഒന്നു നില്ക്കണേ. ഹൃദയവും ഹൃദയവും തമ്മിലറിയാത്ത ദാമ്പത്യം മനുഷ്യലോകത്തിൽ മൃഗാധിപത്യം പുലർത്തുവാൻ പ്രയത്നിക്കുകയായിരിക്കും ചെയ്യുക. നാല്പതുകാരൻ പട്രീഷ്യസ് പതിനേഴുകാരി മോനിക്കായെ പരിഗ്രഹിച്ചതു കേവലം ഭൗതികാത്മകമായ ലക്ഷ്യം വച്ചുകൊണ്ടായിരുന്നു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള സ്ത്രീസഹജമായ പ്രവണതകളെ തല്ലിക്കെടുത്തുന്ന പട്രീഷ്യസിന്റെ ഭോഗാലസത താന്തോന്നിയായ ഒരു ആഗുസ്തീനോസിനെ പ്രദാനംചെയ്തെങ്കിൽ അത്ഭുതത്തിനു വകയില്ല.

ബാല്യത്തിൽത്തന്നെ അന്യരെ ബുദ്ധിപൂർവ്വം കബളിപ്പിക്കുവാനും "പല്ലും പഴുതുമിട്ട്" കള്ളംപറഞ്ഞു ഫലിപ്പിക്കുവാനും "കൊഞ്ചം കൊഞ്ചം മോഷണം" നടത്തുവാനും നമ്മുടെ കഥാപുരുഷൻ വശമാക്കി. സ്വന്തം ജീവിതസുഖംമാത്രം അന്വേഷിച്ചിരുന്ന പട്രീഷ്യസ് പുത്രന്റെ ജീവിതരംഗങ്ങളിലേക്കു കടന്നുചെന്നില്ല. അല്ലെങ്കിൽത്തന്നെ അവന്റെ നടത്തകളിൽ പാകപ്പിഴയുള്ളതായി അദ്ദേഹം വിശ്വസിച്ചുമില്ല.

എന്നിരിക്കിലും ഗുണവതിയായ മാതാവ് ഈ ധൂർത്തപുത്രനെ കൈയൊഴിഞ്ഞില്ല. പ്രാർത്ഥനയും പരിത്യാഗവും സദുപദേശവുംകൊണ്ട് അവർ ഓമനപ്പുത്രനെ സന്മാർഗ്ഗത്തിലേക്കു നയിക്കുവാൻ ശ്രമിച്ചു. അമ്മയുടെ ഈ "ശല്യം" ആഗുസ്തീനോസിനു് ആരോചകമായിത്തോന്നി. സ്വതന്ത്രമായ ഒരു ജീവിതാന്തരീക്ഷത്തിലേക്കു പറന്നുമാറുവാൻ അവന്റെ ഹൃദയം കൊതിച്ചു.

### "അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും"

ഇങ്ങനെയിരിക്കെയാണ് "മഡവുര" നഗരത്തിലേക്ക് ആഗുസ്തീനോസ് വിദ്യാഭ്യാസാർത്ഥം അയക്കപ്പെട്ടത്. "അച്ഛൻ ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാലു" തന്നെ. രക്ഷാകർത്താക്കളുടെ നിയന്ത്രണങ്ങൾക്കതീതനായ ആ യുവാവു സ്വതന്ത്രവിഹാരം തുടങ്ങി. എങ്കിലും കുശാഗ്രബുദ്ധിയായ അവനു പഠനത്തിൽ പരാജയം പററിയില്ല. ലോകത്തിലെ മികച്ച പ്രണയകവിതകളെല്ലാം ആഗുസ്തീനോസു ഹൃദിസ്ഥമാക്കി. വിശ്വകവിയായ വേർജിലിന്റെ ഭാവനയിലെ കരൾകവരുന്ന കാമിനിമാർ കഥാപുരുഷനെ സങ്കല്പസ്വർഗ്ഗത്തിലേക്കുയർത്തി. "പ്രേമം—പ്രേമം" ആ ഉന്മത്തചിത്തൻ പുലമ്പി. ഭോഗതൃഷ്ണ പ്രേമത്തിന്റെ കൊലക്കയറാണെന്ന് അറിയുവാൻ അന്നു് അദ്ദേഹത്തിനു സാധിച്ചില്ല.

### "പ്രേമമേ! നിൻ പേരു കേട്ടാൽ—"

പതിനേഴാമത്തെ വയസ്സിലാണ് ആഗുസ്തീനോസ് കാർത്തേജിലെ കലാലയത്തിൽ പ്രവേശിച്ചത്. "നിന്ദാവഹമായ ഭോഗാസക്തി പതഞ്ഞുയരുന്ന" കാർത്തേജ് എന്നാണ് അദ്ദേഹം ആ പട്ടണത്തെ നിർവ്വചിക്കുന്നത്. അവിടത്തെ വാസത്തിനിടയിൽ പ്രകൃതിയുടെ വികൃതി ആഗുസ്തീനോസിനെ ഒരു പിതാവുമാക്കി. ഇതൊക്കെക്കാണുമ്പോൾ മഹാകവിയുടെ പരിദേ



കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനി നീണാൾ വാഴട്ടെ!

വനം നാം എങ്ങനെ ആവർത്തിക്കാതിരിക്കും:-

"പ്രേമമേ! നിൻപേരുകേട്ടാൽ
പേടിയാം വഴിപിഴച്ച
കാമകിങ്കരന്മാർചെയ്യും കട്ടംകൈകളാൽ"

"എടുത്തു വായിക്കുക"

പക്ഷെ അന്തഃകരണം അദ്ദേഹത്തെ അനുസ്യൂതം കുററപ്പെടുത്തി. അസാന്മാർഗ്ഗികചര്യകളെ നീതീകരിക്കുന്ന വല്ല തത്വസംഹിതയുമുണ്ടോയെന്നു് അദ്ദേഹം ആരാഞ്ഞു. "മനുഷ്യനു രണ്ടാത്മാവുണ്ടെങ്കിൽ ഭൗതികബന്ധങ്ങൾ അതിനെ മലിനപ്പെടുത്തും; പരിത്യാഗവും പരലോകചിന്തകളുമേ അതിനുപകരിക്കൂ" എന്നുള്ള സിസറോയുടെ സിദ്ധാന്തം അദ്ദേഹത്തെ ഞെട്ടിച്ചു. എങ്കിലും ശരീരംതന്നെ തിന്മയാണെന്നും അതിന്റെ പ്രചോദനത്തിൽ പാപം അനപലപനീയമാണെന്നുമുള്ള "മനിക്കേയിസ്സ്" തത്വം ആ ചിന്താവിവശനെ താങ്ങിനിറുത്തി.

എന്തൊക്കെയായാലും ഉള്ളിൽനിന്നൊരു സ്വരം അദ്ദേഹത്തെ സദാ കുററപ്പെടുത്തിക്കൊണ്ടിരുന്നു. പക്ഷെ അതിനു പരിപൂർണ്ണം കീഴ്പ്പെടുവാൻ തിളച്ചുമറിയുന്ന ഭോഗതൃഷ്ണ അദ്ദേഹത്തെ അനുവദിച്ചില്ല.

വിദ്യാഭ്യാസാനന്തരം ഒരധ്യാപകനായി ആഗുസ്തീനോസ് റോമാനഗരത്തിൽ കുറെനാൾ ജീവിച്ചു. . . . എന്നിട്ടും അതൃപ്തനായ ആ ജ്ഞാനഭിക്ഷു മിലാനിലേക്കു പോയി. അവിടെ വച്ചു വശ്യവചസ്സായ വി. അംബ്രോസിന്റെ പ്രഭാഷണചാതുര്യം അദ്ദേഹത്തെ ആകർഷിച്ചു. പദധോരണിയുടെ സ്പൃഹണീയതയിലൂടെ അതിപ്രശസ്തവും അലോകസുന്ദരവുമായ ആശയങ്ങളിലേക്കു് ആഗുസ്തീനോസ് ഇറങ്ങിച്ചെന്നു. അദ്ദേഹത്തിന്റെ ചിന്തകൾക്കു ചൂടുപിടിച്ചു; ഹൃദയസ്പന്ദനത്തിനു വേഗതയേറി; താൻ അതുവരെ പടുത്തുയർത്തിയിരുന്ന വിജ്ഞാനത്തിന്റെ ഉരുക്കുകോട്ടകൾ തകർന്നു വീഴുന്നതായി അദ്ദേഹത്തിനു തോന്നി.

ആയിടയ്ക്കാണു് ഒരു ബാലന്റെ കരൾകവരുന്ന ഗാനതല്ലജത്തിലൂടെ "എടുത്തു വായിക്കുക" എന്ന നിർദ്ദേശം അദ്ദേഹത്തിനു കിട്ടിയതു്. സുപരീക്ഷിതനായ ഒരാജ്ഞാനുവർത്തിയെപ്പോലെ അദ്ദേഹം അതനുസരിച്ചു. വേദപുസ്തകമെടുത്തു തുറന്നു് വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിൽനിന്നു് അദ്ദേഹം ഇങ്ങനെ വായിച്ചു:

"അമിതഭോഗത്തിലല്ല; മദ്യപാനത്തിലല്ല; അശുദ്ധ ശയനത്തിലല്ല; അസൂയയിലല്ല; വിവാദങ്ങളിലുമല്ല; പിന്നെയോ നിങ്ങൾ നമ്മുടെ കർത്താവീശോമിശിഹായെ ധരിക്കുവിൻ. ദുരിച്ഛാപൂരണത്തിനായി നിങ്ങളുടെ ജഡത്തെപ്രതി വിചാരപ്പെടാതെയുമിരിക്കുവിൻ." (Roma. XIII., 13—14)

ആ തിരിഞ്ഞു നോട്ടം

ആഗുസ്തീനോസു സിദ്ധാർത്ഥനായി. മഗ്ദലനയെപ്പോലെ അദ്ദേഹം ജീവിതത്തിന്റെ ആ നാല്ക്കവലയിൽനിന്നു തിരിഞ്ഞുനോക്കി. ആരംഭം കാണാൻപാടില്ലാത്ത ആ നീണ്ട പാതയിൽ നിണമണിഞ്ഞ വഴിക്കല്ലുകൾ അദ്ദേഹം കണ്ടു. തന്റെ ചരിത്രവും ചാരിത്രവും ആ ഇരുളടഞ്ഞ വഴിത്താരയിൽ ചിതറിക്കിടക്കുന്നു. സത്യവും സന്മാർഗ്ഗവും സദാചാരവും ക്ഷതമേററു നിലവിളിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. അന്ധകാരം! സർവ്വത്ര ഘോരാന്ധകാരം!! അങ്ങകലത്തിൽ അമ്മയുടെ കണ്ണീർത്തുള്ളികൾ മാത്രം വെള്ളിത്താരകൾ പോലെ വിരാജിക്കുന്നു.

മതി. ആ പണ്ഡിതപ്രവീണൻ ആ വഴിത്തിരിവിൽനിന്നു തന്റെ പുനരാഗമനപന്ഥാവു പരിശോധിച്ചു. ഇതുവരെ നടന്നതുപോലെതന്നെ ഇരുളടഞ്ഞ മാർഗ്ഗം ഒരുവശത്തു്. പ്രഭാവീചികൾ വെട്ടിത്തിളങ്ങുന്ന സുന്ദരരഥ്യ മറെറാരു ഭാഗത്തും.

അദ്ദേഹം ഒട്ടും അമാന്തിച്ചില്ല. വി. പൗലോസിന്റെ വാക്യങ്ങൾ ആ ജീവിതത്തിനു് ഒരു ചൂണ്ടുപലകയായി.

അമ്മയുടെ മടിയിൽ

അങ്ങനെ ക്രി. വ. 387 ഏപ്രിൽ 25-ാംനു ആ മഹാസംഭവം നടന്നു. മിലാൻ കത്ത്ഡ്രലിൽവച്ചു ധന്യചരിതനായ അംബ്രോസ് മെത്രാൻ ആ ധൂർത്തപുത്രനെ അമ്മയുടെ മടിയിലേക്കു് ആനയിച്ചു. അന്ധകാരത്തിന്റെ സന്തതികൾ പല്ലിറുമ്മി. ജഡത്തിന്റെ പ്രവണതകൾ ഫണമൊതുക്കി ആ വിജിഗീഷുവിനു വഴിമാറിക്കൊടുത്തു.

കരഞ്ഞുകരഞ്ഞു കരിഞ്ഞുതുടങ്ങിയ മോനിക്കായുടെ ജീവിതവല്ലി പിന്നെയും തളിരണിഞ്ഞു. കണ്ണീർക്കണങ്ങൾകൊണ്ടു കൊരുത്തൊരുക്കി സ്വന്തവക്ഷസ്സിൽ സദാ അണിഞ്ഞിരുന്ന മഹിതമാല്യം അവർ ആദ്യമായി ഓമനപ്പുത്രനെ അണിയിച്ചു. ആഗുസ്തീനോസു പശ്ചാത്തപിച്ചു. അകമുരുകിക്കരഞ്ഞു. ആ കണ്ണുനീരിൽ, കട്ടിപിടിച്ച പാപച്ചെളി കുതിർന്നിടിഞ്ഞുവീണു് ഒലിച്ചുപോയി. അങ്ങനെ അമ്മയുടെ അശ്രുമാല്യം അരിമസുതനു വിജയമാല്യമായി. ആ കാഴ്ചകണ്ടു് ആനന്ദനിർവൃതിനേടിയ ശേഷം "ഓസ്തിയാ"യിൽവച്ചു് ആ മാതൃകാമാതാവു നിത്യനിർവൃതിയടഞ്ഞു.

പണ്ഡിതസാർവ്വഭൗമൻ

ഒരേഒരു മനുഷ്യായുസ്സിൽ രണ്ടു വ്യക്തിത്വവും രണ്ടു ജീവിതവും സൃഷ്ടിച്ച അദ്ദേഹം പുതിയ രംഗത്തേക്കിറങ്ങി. അതൊരു വിപ്ലവയുഗമായിരുന്നു. അന്ധകാരശക്തികളുടെ അപ്രതിഹതമായ ഇരച്ചുകയററം അന്നു തിരുസ്സഭയുടെ പാവനസിദ്ധാന്തങ്ങളെ വെല്ലുവിളിച്ചു. ഇത്തരുണത്തിൽ ഹിപ്പോയിലെ മെത്രാനായിരുന്ന വലേരിയൻ തിരുമേനി ആഗുസ്തീനോസിനെ വൈദികപദവിയിലേക്കുയർത്തി. അധികകാലവിളംബമെന്യേ അദ്ദേഹം മെത്രാൻസ്ഥാനത്തിലും ആരോഹിതനായി.

വിശ്രമരഹിതമായ കൃത്യാന്തരബാഹുല്യമായിരുന്നു അദ്ദേഹത്തിന്റെ അനന്തരജീവിതം. ഡൊണേററിസം (Donatism), പെലേജിയനിസം (Palegianism), ആര്യനിസം (Arianism), മനിക്കേയിസം (Manicheism) തുടങ്ങിയുള്ള തത്വാഭാസങ്ങൾ കരാളക്കരുത്തോടെ തിരുസ്സഭയെ ആക്രമിച്ചു. പണ്ഡിതാഖണ്ഡലനായ ആഗുസ്തീനോസാകട്ടെ ചങ്കൂററത്തോടെ അവയെ നേരിട്ടു. വിശ്വാസത്തിന്റെ പടയുടുപ്പണിഞ്ഞു് പാണ്ഡിത്യഖഡ്ഗവുമേന്തി അദ്ദേഹം പടക്കളത്തിലേക്കിറങ്ങി. ആ യുക്തിതീക്ഷ്ണമായ വാക്ശരം എതിരാളികളുടെ മർമ്മം പിളർന്നു. ആ സുശക്തമായ തൂലികാദണ്ഡം അവരുടെ തല തല്ലിപ്പൊളിച്ചു. ഉള്ളിലേക്കു് ആഞ്ഞിറങ്ങുന്ന ആ അദ്ധ്യാപനചാതുര്യം ലക്ഷങ്ങളുടെ ഹൃദയങ്ങളിൽ പാഷണ്ഡതകളെ ചെറുത്തുനിറുത്തുവാനുള്ള നെടുങ്കോട്ട ചമച്ചു. എന്തിന്നേറെ, ആ തൂലികപ്പടയാളി തിരുസ്സഭാമാതാവിന്റെ "അംഗരക്ഷക"സൈന്യത്തിലെ അജയ്യനായ നേതാവായിത്തീർന്നു.

മികച്ച ഗ്രന്ഥകാരൻ

അനശ്വരമായ ആ പാണ്ഡിത്യപാരാവാരത്തിൽ വിളഞ്ഞ രത്നങ്ങൾ ഒട്ടേറെ വാരിയെടുത്തു് അദ്ദേഹംതന്നെ ഗ്രന്ഥരൂപേണ അനുവാചകലോകത്തിനു സമർപ്പിച്ചിട്ടുണ്ടു്. ഗഹനങ്ങളായ തത്വങ്ങൾ, ഗാംഭീര്യമേറിയ നിഗമനങ്ങൾ, ഹൃദയതന്ത്രികളെ കോൾമയിർക്കൊള്ളിക്കുന്ന ആത്മാലാപങ്ങൾ, എന്നുവേണ്ട പഠിച്ചു ചിന്തിക്കുവാനും, ചിന്തിച്ചു പഠിക്കുവാനുമുള്ള അനവധി ആശയതല്ലജങ്ങൾ അദ്ദേഹം ഭംഗിയായി കോർത്തിണക്കിയിട്ടുണ്ടു്. പശ്ചാത്താപഭരിതമായ ആത്മാവിന്റെ സ്ഥിതിവിലാസം അദ്ദേഹത്തിന്റെ "ആത്മസംവേദന" (Confessions)ത്തിലൂടെ കാണുമ്പോൾ ഏതു വജ്രഹൃദയമാണു് അലിഞ്ഞു വശാകാത്തതു്.

ആഗുസ്തീനോസിന്റെ ചതുർദ്ദശാബ്ദങ്ങളിലെ സുദീർഘവിചിന്തനങ്ങളുടെ സമുചിതസമാഹാരമാണു് "ദൈവനഗരം" (City of God) എന്ന വിശ്രുതഗ്രന്ഥം. പ്രസ്തുത ഗ്രന്ഥദ്വാരാ അനർഘപ്രേമത്തിന്റെ ജൈത്രയാത്രയെ അദ്ദേഹം പ്രകീർത്തിക്കുന്നു. "രണ്ടു പ്രേമബന്ധങ്ങൾ രണ്ടു നഗരങ്ങളെ സൃഷ്ടിച്ചു. ദൈവായത്തമായ സ്നേഹഭാവം ഓർശ്ലേമിനെയും സ്വാത്മജടിലത ബാബിലോണിനെയും. അതിനാൽ ജനതതിയും രണ്ടു വിഭാഗങ്ങളായി പിരിഞ്ഞു. ഓർശ്ലേം പക്ഷക്കാരും, ബാബിലോൺപക്ഷക്കാരും, കാലചക്രത്തിന്റെ ഗതിവിഗതികളിൽക്കൂടി ഇങ്ങനെ രണ്ടു വലിയ സമൂഹങ്ങൾ പുരോഗമിക്കുകയാണു്. പരസ്പരബദ്ധങ്ങളായ ജനസമുദായങ്ങളിൽക്കൂടിയുള്ള ഈ തത്വങ്ങളുടെ വളർച്ചയാണു് ലോകചരിത്രം പ്രതിഫലിപ്പിക്കുന്നതു്."

പ്രേമവും പ്രേമാഭാസവും രണ്ടു സമാന്തരരേഖകളായി ജനഹൃദയങ്ങളിലൂടെ മുമ്പോട്ടുപോകുകയാണു്. ഒരിക്കലും അവ തമ്മിൽ യോജിക്കുകയില്ല. എത്രദൂരം ഈ സമാന്തരരേഖകൾ നീട്ടിക്കൊണ്ടുപോകുമോ അത്രയുമേറെ മനുഷ്യനിൽ ദൈവികശക്തി പ്രബലപ്പെടുകയാണു് ചെയ്യുന്നതു്. അവസാനം ജഡരേഖ പരിച്ഛേദം മായിക്കപ്പെടുകയും ആത്മരേഖ "ദൈവനഗര"ത്തിന്റെ കവാടത്തിൽ ചെന്നെത്തുകയും ചെയ്യുന്നു. അതിസൂക്ഷ്മവും അനർഘതമവുമായ ഇത്യാദ്യാശയങ്ങൾ ആഗുസ്തീനോസിന്റെ പാണ്ഡിത്യപാരാവാരത്തിലെ കൊച്ചോളങ്ങൾ മാത്രമാണു്.

അന്ധകാരത്തിന്റെ തടങ്കലിൽനിന്നു്

അന്ധകാരത്തിന്റെ സന്തതികൾ വെളിച്ചത്തിന്റെ മക്കളോടു സദാ പൊരുതുകൊണ്ടിരിക്കുകയാണു്. ഈ സംഘട്ടനത്തിൽ ഇരുൾപ്പരപ്പിലെ തടങ്കലിലടയ്ക്കപ്പെടുന്നവർ കുറച്ചൊന്നുമല്ല. അവർക്കുവേണ്ടി വെളിച്ചത്തിന്റെ കൈത്തിരി കത്തിച്ചുകാണിച്ചുകൊണ്ടു് സ്വാതന്ത്ര്യക്ഷേത്രത്തിലേക്കു് നടന്നുപോകുന്ന ഒരു മാർഗ്ഗദർശിയാണു് വി. ആഗുസ്തീനോസ്. ജഡികാന്ധതയിൽ മുങ്ങിമറിഞ്ഞ ആ ജീവിതത്തെ അനുകരിക്കുന്നവർ അദ്ദേഹത്തെപ്പോലെ "എടുത്തു വായിക്കട്ടെ," പണ്ഡിതോചിതമായ ആ പ്രബോധനങ്ങൾ. അങ്ങനെ ഒരു വെറും നിമിഷത്തിന്റെ പ്രകമ്പനത്തിനിടയിൽ അന്ധകാരത്തിന്റെ സകല ബന്ധങ്ങളും പൊട്ടിച്ചെറിഞ്ഞു മുന്നേറിയ ആ സ്വാതന്ത്ര്യപ്രേമിയെ നമുക്കും അനുഗമിക്കാം. "പഴയ മനുഷ്യനെ കുരിശിൽ തറയ്ക്കണ"മെന്നുള്ള വി. ശ്ലീഹായുടെ ആഹ്വാനം ആദരിച്ച ആ സ്വർഗ്ഗീയപൗരന്റെ നേതൃത്വം നമുക്കും സ്വീകരിക്കാം.

"നിങ്ങൾ മരിച്ചിരിക്കുന്നു. നിങ്ങളുടെ ജീവൻ മിശിഹായോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുകയും ചെയ്യുന്നു."(Col. III—3) എന്നാണു് അപ്പസ്തോലൻ പഠിപ്പിക്കുന്നതു്. എങ്കിൽപ്പിന്നെ മരിച്ച ശരീരത്തിന്റെ അവയവങ്ങൾക്കുവേണ്ടി ആശവയ്ക്കുന്നതു മൗഢ്യമല്ലയോ? "തന്മൂലം വ്യഭിചാരം, അശുദ്ധി, മനഃക്ഷോഭങ്ങൾ, ദുർമ്മോഹം, വിഗ്രഹങ്ങളുടെ ആരാധനയായിരിക്കുന്ന അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ നിഗ്രഹിക്കുവിൻ." (Col. III· 5)

—

വേദശാസ്ത്രപംക്തി

# തിരുപ്പട്ടം

## വൈദികബ്രഹ്മചര്യം

അഞ്ചാംപട്ടം സ്വീകരിക്കുന്നതോടുകൂടി, വൈദികസ്ഥാനാർത്ഥി ആജീവനാന്തം ബ്രഹ്മചര്യം പാലിച്ചുകൊള്ളാമെന്നു വാഗ്ദാനംചെയ്യുന്നു. അഞ്ചാംപട്ടം സ്വീകരിച്ചശേഷം ഒരാൾ വിവാഹംചെയ്താൽ ആ വിവാഹം അസാധുവായിരിക്കും. മറിച്ചു പഠിപ്പിച്ച ലൂഥർപ്രഭൃതികളുടെ സിദ്ധാന്തത്തെ ത്രിദന്തീനോസ് സൂനഹദോസ് താഴെ ചേർക്കുന്ന വാക്കുകളിൽ ശക്തിയുക്തം പ്രതിഷേധിച്ചിരിക്കുന്നു. "വിശുദ്ധ പട്ടങ്ങൾ സ്വീകരിച്ചിട്ടുള്ള വൈദികപദവിക്കാർക്കു (Clerics) ......... വിവാഹം ചെയ്യാൻ കഴിയുമെന്നും, അവർ വിവാഹം ചെയ്യുന്നപക്ഷം, സഭാനിയമം അതിനെതിരായിരുന്നിട്ടും, ആ വിവാഹം സാധുവായിരിക്കുമെന്നും... ആരെങ്കിലും പഠിപ്പിക്കുകയാണെങ്കിൽ അയാൾ ശപിക്കപ്പെട്ടവനാകട്ടെ."

ആദ്യകാലങ്ങളിൽ വൈദികബ്രഹ്മചര്യം സംബന്ധിച്ചു നിർബന്ധപൂർവ്വകമായ നിയമമില്ലായിരുന്നു. 300-ാമാണ്ടിനോടടുത്തു എൽവീറയിൽ കൂടിയ ഒരു സൂനഹദോസാണു് ഡീക്കൺ, പുരോ





പ്രസിദ്ധിനേടിയ എല്ലാ വാച്ചുകമ്പനികളുടെയും വിവിധതരത്തിലുള്ള റിസ്റ്റ്‌വാച്ചുകൾ, ക്ലോക്കുകൾ, ടൈംപീസുകൾ മുതലായവ ഞങ്ങളുടെപക്കൽ എപ്പോഴും സ്റ്റോക്ക് ഉണ്ടായിരിക്കുന്നതാണു്.

Thottumkal Jewellers & Agents, Palai

# "ക്രോസ്സ് ഫിജെൻ"

അഥവാ

## ക്രൂശിതൻെറ രൂപത്തിലുള്ള പ്രാർത്ഥന

(ഫാദർ ലിയൊ ഒ. ഫ്. എം.)

### പുരാതനാചാരം

ഈശോമിശിഹാ ലോകരക്ഷാർത്ഥം കുരിശിൽ തൂങ്ങി മരിച്ചതിനെ അനുസ്മരിച്ച് ആദിമ ക്രിസ്ത്യാനികൾ കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുക പതിവായിരുന്നു. ക്രിസ്തുവിനേയും ക്രൈസ്തവസഭയേയും സൂചിപ്പിക്കുന്ന പലതും പഴയനിയമത്തിൽ വിവരിക്കുന്ന കൂട്ടത്തിൽ കുരിശിലെ ബലിയുടെ സാദൃശ്യമെന്നവണ്ണം മോശ നിവ്യം കൈകൾ വിരിച്ചുപിടിച്ച് പ്രാർത്ഥിച്ചിരുന്നതായും, അത്തരം പ്രാർത്ഥനകൾ കൂടുതൽ ഫലപ്രദങ്ങളായിരുന്നതായും വേദപുസ്തകം സാക്ഷിക്കുന്നു. ഇസ്രായേൽക്കാർ അമലേക്കുകാരോടുള്ള യുദ്ധത്തിൽ വിജയം വരിച്ചതിനെപ്പററി വി. ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "മോശ അദ്ദേഹത്തിൻെറ കരങ്ങൾ ഉയർത്തിയപ്പോൾ ഇസ്രായേൽ ജയിച്ചു; അദ്ദേഹം കൈകൾ താഴ്ത്തിയപ്പോൾ അമലേക്കുകാർ ജയിച്ചു. വീണ്ടും മോശ കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിച്ചപ്പോൾ അമലേക്കുകാർ തോററു." അതിനാൽ പട്ടാളത്തിൻെറ ശക്തി കൊണ്ടെന്നതിനെക്കാൾ മോശയുടെ പ്രാർത്ഥനകൊണ്ടാണ് ഇസ്രായേൽജനം വിജയം നേടിയതെന്നു തെളിയുന്നു. "രാത്രികാലങ്ങളിൽ നിങ്ങളുടെ കരങ്ങൾ ഉയർത്തി ദൈവത്തെ സ്തുതിക്കുക" എന്ന് 133-ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നും ദാവീദ്, ഏലിയാസ് തുടങ്ങിയ പഴയനിയമത്തിലെ ഭക്തന്മാർ ഇങ്ങനെ ചെയ്തിരുന്നുവെന്ന് വ്യക്തമാണ്. ഈജിപ്തിലെ സന്യാസഗുരുശ്രേഷ്ഠനായിരുന്ന മക്കാരിയോസിനോട്, തങ്ങൾ എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്ന് ശിഷ്യന്മാർ ചോദിച്ചപ്പോൾ "അധികം വാക്കുകൾ നിങ്ങൾ ഉപയോഗിക്കണമെന്നു ഞാൻ പറയുന്നില്ല; പ്രാർത്ഥനാസമയത്തു് നിങ്ങൾ കൈകൾ വിരിച്ചുപിടിക്കണം" എന്നത്രെ പ്രസ്താവിച്ചതു്. പ്രാർത്ഥനയും പരിഹാരവും ഒരേസമയത്തു ചെയ്യുന്നതിനാൽ ഇതു് ദൈവത്തിനു വളരെ പ്രീതികരമാണ്.

പതിമൂന്നാമത്തെ വയസ്സിൽ രക്തസാക്ഷിത്വം വരിച്ച വി. അഗ്നസ് മരണത്തിനു മുമ്പായി കൈകൾ വിരിച്ചു പ്രാർത്ഥിച്ചുവെന്ന് വി. അഗ്നസിൻെറ തിരുനാളിലെ കാനോൻജപത്തിൽ കാണുന്നു. കൈകൾ വിരിച്ചുപിടിച്ച് പ്രാർത്ഥിക്കണമെന്ന് വി. അഗുസ്തീനോസിൻെറയും വി. അംബ്രോസിൻെറയും ലേഖനങ്ങളിൽ അനുശാസിക്കുന്നുണ്ട്. 465-നോടടുത്തു മരണമടഞ്ഞ റൂറിനിലെ വി. മാക്സിമൂസ് പറയുന്നു: "മനുഷ്യൻ കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുമ്പോൾ അവൻ കുരിശാകൃതിയായിത്തീരുന്നു. അതിനാലാണ് പ്രാർത്ഥിക്കുമ്പോൾ കൈകൾ വിരിച്ചുപിടിക്കണമെന്ന് പിതാക്കന്മാർ മേൽ പഠിപ്പിച്ചിരിക്കുന്നതു്. ഈ രീതിയിൽ കർത്താവിൻെറ പീഡാനുഭവം നാം പ്രത്യക്ഷപ്പെടുത്തുന്നു. ഇത്തരത്തിലുള്ള പ്രാർത്ഥന ദൈവത്തിനു കൂടുതൽ സ്വീകാര്യമാകുന്നു. എന്തുകൊണ്ടെന്നാൽ ആത്മാവ് മിശിഹായോടു ചേർന്ന് പ്രാർത്ഥിക്കുമ്പോൾ ശരീരം അവിടത്തെ കുരിശുമരണത്തെയത്രെ അനുസ്മരിപ്പിക്കുന്നതു്." ദിവ്യരക്ഷകനെ പലപ്രാവശ്യം ദർശിക്കുവാൻ ഭാഗ്യമുണ്ടായ വി. ജർത്രൂദ് ഒരിക്കൽ ഈശോയോടു ഇപ്രകാരം അപേക്ഷിച്ചു: "ദിവ്യഗുരോ, അങ്ങയുടെ പീഡാനുഭവത്തെ അനുസ്മരിപ്പിക്കത്തക്ക ഒരു സൽകൃത്യം ഞങ്ങളെ പഠിപ്പിക്കേണമെ." അതിനു ഈശോ, "ലോകപാപത്തിനു പരിഹാരമായിട്ടുള്ള എൻെറ കുരിശുമരണത്തിൻെറ ഛായ പിതാവായ ദൈവത്തെ കാണിക്കുവാൻ തക്കവണ്ണം കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുക" എന്നരുളിച്ചെയ്തു. അതിനു വിശുദ്ധയുടെ മറുപടി, "ഇങ്ങനെ ഒരു പതിവില്ലാത്തതുകൊണ്ട് ഇതു ചെയ്യുവാൻ ഞാൻ വല്ല മൂലയിലും പോകണമല്ലോ" എന്നായിരുന്നു. പതിമൂന്നാം നൂററാണ്ടിൻെറ അവസാനത്തിൽ ജർമ്മനിയിൽ ജീവിച്ചിരുന്ന വി. ജർത്രൂദിൻെറ ഈ വാക്കുകളിൽനിന്ന് അക്കാലത്തു് കൈകൾ വിരിച്ചു പ്രാർത്ഥിക്കുന്ന പതിവ് അവിടങ്ങളിൽ ഇല്ലായിരുന്നുവെന്നു തോന്നുന്നു. ആദ്യശതകങ്ങളിൽ ഈജിപ്ററ്, ഇററലി, ഫ്രാൻസ്, ഐർലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ സർവസാധാരണമായിരുന്ന ഈ ആചാരം കാലക്രമേണ, വിവിധകാരണങ്ങളാൽ ജർമ്മനിയിൽ തീരെ നിന്നുപോയിരിക്കാം. രക്ഷാകരമായ ഈ സൽകൃത്യം വീണ്ടും നടപ്പിലാക്കാൻ വേണ്ടിയാണല്ലോ ഈശോതന്നെ നേരിട്ട് വി. ജർത്രൂദിനെ അതു പഠിപ്പിച്ചതു്. മാത്രമല്ല "നീ കൈ വിരിച്ചുപിടിച്ചുകൊണ്ട് ചോദിക്കുന്നതെല്ലാം ഞാൻ സാധിച്ചുതരാം" എന്നും അവിടുന്ന് അരുളിച്ചെയ്തു.


### വിവിധരീതികൾ

കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുന്ന സാധാരണരീതി എഴുന്നേററുനിന്ന്, കൈകൾ ഇരുവശങ്ങളിലേക്കും പൂർണ്ണമായി നീട്ടി തോളിൻെറ സമം ഉയർത്തിപ്പിടിക്കുക എന്നതായിരുന്നു. അപ്പോളാണ് മനുഷ്യൻ കുരിശിൻെറ ആകൃതിയിൽ കാണപ്പെടുന്നതു്. വേറൊരു രീതി, കൈമുട്ടുകൾവരെ രണ്ടുവശങ്ങളിലേക്കും നീട്ടിപ്പിടിച്ചും, മുട്ടിനു താഴെയുള്ള ഭാഗങ്ങൾ മുകളിലേക്ക് ഉയർത്തിയും പിടിക്കുകയാണ്. ഇങ്ങനെ പിടിക്കുന്നതിനു് രണ്ടു കാരണങ്ങളുണ്ട്: വളരെ നേരം കൈകൾ മുഴുവനായി വിരിച്ചുപിടിക്കുമ്പോൾ മനസ്സറിയാതെതന്നെ കൈമുട്ടുകൾ മടങ്ങിപ്പോകുവാൻ എളുപ്പമുണ്ട്; വളരെപ്പേർ കൂട്ടമായി നിന്നുകൊണ്ട് കൈകൾ വിരിക്കുമ്പോൾ സ്ഥലസൗകര്യത്തിനുവേണ്ടി അറിഞ്ഞുകൊണ്ടുതന്നെ അങ്ങനെ പിടിച്ചുവെന്നും വരാം. സാധാരണയായി അഞ്ചുമിനിട്ടുമുതൽ ഒരു മണിക്കൂർവരെയാണ് കൈകൾ പൂർണ്ണമായി വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുക. ആകാശങ്ങളിലിരിക്കുന്ന നമസ്കാരവും സങ്കീർത്തനങ്ങളും ആയിരിക്കും ഈ സമയങ്ങളിൽ ചൊല്ലുക. എന്നാൽ പല വിശുദ്ധന്മാരും നാവുകൊണ്ട് യാതൊരു പ്രാർത്ഥനയും ചൊല്ലാതെ, ധ്യാനനിരതരായി, അനേകമണിക്കൂറുകൾ തുടർച്ചയായും, ചിലപ്പോൾ രാത്രി മുഴുവനും, കൈകൾ വിരിച്ചു പ്രാർത്ഥിച്ചിരുന്നു. വി. ഗിൽദാസ് രാത്രിയുടെ അധികഭാഗവും ഇങ്ങനെ പ്രാർത്ഥിച്ചിരുന്നതായി അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ കാണുന്നു. ഇപ്രകാരം പരിശീലിച്ചിരുന്ന ഭക്തന്മാർ, വാർദ്ധക്യത്താൽ ബലഹീനരായി അധികസമയം കൈവിരിച്ചു നില്ക്കാൻ ശക്തിയില്ലാത്തവരാകുമ്പോൾ, വിരിച്ച കൈകളോടെ സാഷ്ടാംഗപ്രണാമം ചെയ്തു മലർന്നുകിടന്നും പ്രാർത്ഥിച്ചിട്ടുണ്ട്. എട്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഗുവെർട്ടിലെ ആശ്രമശ്രേഷ്ഠൻ വി. പാർദൽഫസ് കൈകൾ വിരിച്ച് സാഷ്ടാംഗപ്രണാമം ചെയ്ത് പലപ്പോഴും രാത്രിമുഴുവൻ പ്രാർത്ഥനയിൽ കഴിച്ചിരുന്നു. വനവാസിയായ വി. പൗലോസ്, വി. ബനഡിക്ററ്, വി. അംബ്രോസ് മുതലായവർ മരിച്ചതു് കൈകൾ വിരിച്ചു പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുമ്പോഴാണ്. മുട്ടിന്മേൽനിന്ന് കൈകൾ വിരിച്ചു പ്രാർത്ഥിക്കുക എന്നതാണ് വേറൊരു രീതി. വി. ഫ്രാൻസീസ് അസ്സീസി ക്രൂശിതരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തി കൈ വിരിച്ചു പ്രാർത്ഥിച്ചപ്പോഴാണ് "ജീർണ്ണാവസ്ഥയിൽ കിടക്കുന്ന എൻെറ പള്ളി പണിയുക" എന്ന സ്വരം അദ്ദേഹം കേട്ടതു്. അപ്രകാരംതന്നെ അൽവേർണാ മലയിൽ മുട്ടുകുത്തി കൈ വിരിച്ചു പ്രാർത്ഥിക്കുമ്പോഴാണ് അദ്ദേഹത്തിനു് അഞ്ചുമുറിവുകൾ ലഭിച്ചതു്. ഇതിനെ അനുകരിച്ചായിരിക്കണം സന്യാസാശ്രമങ്ങളിൽ മുട്ടുകുത്തി കൈവിരിച്ചു പ്രാർത്ഥിച്ചുവരുന്നതു്.

അനേകദിവസങ്ങൾ തുടർച്ചയായി കൈകൾ വിരിച്ചു പ്രാർത്ഥിക്കുന്ന ഒരു പതിവ് ഐർല

ഹിതൻ, മെത്രാൻ എന്നിവർ ബ്രഹ്മചര്യം പാലിച്ചുകൊള്ളണമെന്നു നിർബന്ധപൂർവ്വകമായ നിയമം പാസ്സാക്കിയതു്. അവർ നേരത്തെ വിവാഹിതരാണെങ്കിൽ, ഒന്നുകിൽ ഭാര്യമാരിൽനിന്നും പിരിഞ്ഞു ജീവിക്കണം, അല്ലാത്തപക്ഷം അവർ വഹിക്കുന്നസ്ഥാനങ്ങൾ ഉപേക്ഷിക്കുവാൻ നിർബന്ധിക്കപ്പെടണം എന്നും സൂനഹദോസ് നിഷ്കർഷിച്ചു. 385-ൽ സിറിസിയൂസ് (Siricius) മാർപ്പാപ്പാ ഈ നിയമം ലത്തീൻസഭ മുഴുവനിലേക്കും വ്യാപിപ്പിച്ചു. അഞ്ചാംപട്ടക്കാരെ സംബന്ധിച്ചിടത്തോളം ഈ നിയമം അത്ര കർശനമായിരുന്നില്ല അക്കാലത്തു്. ചില രാജ്യങ്ങളിൽ അതു നിർബന്ധമായിരുന്നു; ചിലയിടത്തു നിർബന്ധമായിരുന്നില്ല. പതിമൂന്നാംശതാബ്ദത്തോടുകൂടി അഞ്ചാംപട്ടവും വലിയ പട്ടങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടു തുടങ്ങിയതിനാൽ, ആ പട്ടം സ്വീകരിച്ചവരും ബ്രഹ്മചര്യം പാലിച്ചുകൊള്ളണമെന്നതു നിർബന്ധമായിത്തീർന്നു.

ഗ്രീക്കുസഭയിൽ വൈദികർ ബ്രഹ്മചര്യം പാലിച്ചുവന്നിരുന്നുവെങ്കിലും അതൊരു നിർബന്ധനിയമമാക്കപ്പെട്ടില്ല. ഒന്നാം ജസ്റ്റീനിയൻ മാർപ്പാപ്പാ (527-565) മെത്രാന്മാർ ബ്രഹ്മചര്യം പാലിച്ചുകൊള്ളണമെന്ന് ആജ്ഞാപിച്ചു. ഭാര്യയോ മക്കളോ ജീവിച്ചിരിപ്പുള്ള വൈദികർ മെത്രാൻപദത്തിനു് അർഹരല്ലെന്നും അദ്ദേഹം നിയമമുണ്ടാക്കി. എന്നാലിന്നു ഗ്രീക്കുസഭയിൽ നിലവിലിരിക്കുന്നതു ത്രുള്ളോയിൽ കൂടിയ സൂനഹദോസ് (692) പാസാക്കിയ നിയമങ്ങളാണ്. മെത്രാന്മാരും സന്യാസികളും ബ്രഹ്മചാരികളായി ജീവിക്കണമെന്ന് അവയും നിഷ്കർഷിക്കുന്നുണ്ട്. പുരോഹിതന്മാർ, ഡീക്കൺമാർ, സബ്ഡീക്കൺമാർ (അഞ്ചാംപട്ടക്കാർ) എന്നിവർ വിവാഹം കഴിച്ചിട്ടുള്ളവരാണെങ്കിൽ ഭാര്യമാരോടുകൂടി ജീവിക്കാവുന്നതാണ്. എന്നാൽ പുനർവിവാഹം ചെയ്യുന്നതിനു് അനുവാദമില്ല. ഗ്രീക്കു ശീശ്മസഭയിൽനിന്നു പുനരൈക്യപ്പെട്ടവർ അവരുടെ സഭയിൽ നിലവിലുള്ള നിയമംതന്നെ പാലിച്ചുകൊള്ളുന്നതിനു 1742 മേയ് 26-ാം൹ 14-ാം ബനദിക്തോസ് മാർപ്പാപ്പ നടപ്പിൽ വരുത്തിയ ഭരണനടപടി (Constitution) അനുമതി നൽകിയിട്ടുണ്ട്. കേരളത്തിലെ പുനരൈക്യപ്പെട്ട യാക്കോബായ വൈദികരെ സംബന്ധിച്ചിടത്തോളം, അവരുടെ വൈവാഹികജീവിതം തുടരുവാൻ പരി. സിംഹാസനം അനുമതി നൽകിയിട്ടുണ്ടെങ്കിലും, വിവാഹിതർക്കു മേലാൽ പട്ടംകൊടുക്കുന്നതിനെ നിരോധിച്ചിരിക്കുകയാണ്.



അരനാട്ടുകര ഇടവകക്കാർ ക്രൂശിതരൂപത്തിൻെറ മുമ്പാകെ മുട്ടുകുത്തി കൈകൾ വിരിച്ചു പ്രാർത്ഥിക്കുന്നു.

ങ്ങളിൽ ഉണ്ടായിരുന്നു. അവരുടെ ഭാഷയിൽ അതിനുള്ള പേര് "ക്രോസ്സ് ഫി ജെൻ" എന്നാണ് —കുരിശാകൃതിയിൽ നിന്നുകൊണ്ടുള്ള പ്രാർത്ഥന എന്നർത്ഥം. സാധാരണ ചുവരിലോ, തൂണിലോ മറ്റോ ചാരിനിന്നുകൊണ്ടാണ് ഈ പ്രാർത്ഥന നടത്തിയിരുന്നതു്. ക്ലൊനാർഡിലെ (അയർലണ്ടിൽ) വി. ഫിൻറിന്റെ ശിഷ്യനായിരുന്ന മാക്ക്രീനൻ ബാഹ്യകാര്യങ്ങളിൽ പ്രജ്ഞയില്ലാതെ, പ്രാർത്ഥനയിൽ ലയിച്ച് കൈകൾ വിരിച്ചുനില്ക്കുന്നതും, പക്ഷികൾ അദ്ദേഹത്തിന്റെ കൈകളിലും തലയിലും സ്വൈരവിഹാരം ചെയ്യുന്നതും കണ്ടു എന്ന് അവിടം സന്ദർശിച്ച സെനാച്ച് മെത്രാൻ സാക്ഷിക്കുന്നു. ഗൽഡല്വവിലെ വി. കെവിൻ ഒരു പലകയിൽ ചാരിനിന്ന് ഏഴുവർഷക്കാലം തുടർച്ചയായി, രാപകൽ വിശ്രമമോ ഉറക്കമോ ഇല്ലാതെ "ക്രോസ്സ് ഫി ജെൻ" അനുഷ്ഠിച്ചതായി അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നു ജർമ്മനിയിൽ ജീവിച്ചിരിക്കുന്ന തെരേസാ ന്യൂമൻ ഭക്ഷണപാനീയങ്ങൾ ഉപയോഗിച്ചിട്ട് മുപ്പതു സംവത്സരത്തിലധികമായെന്നറിവുള്ള നമ്മൾ മുകളിൽ വിവരിച്ച സംഭവങ്ങൾ യാഥാർത്ഥ്യമായി സ്വീകരിക്കുവാൻ മടിക്കേണ്ടയാവശ്യമില്ലല്ലോ.

### ഇരുപതാം നൂറ്റാണ്ടിൽ

ലൂർദിലേക്ക് തീർത്ഥാടനം ചെയ്യുന്ന വിശ്വാസികൾ, പരസ്യമായി മുട്ടുകുത്തി കൈകൾ വിരിച്ചു കൊന്ത ജപിക്കുന്നതിനു യാതൊരു സങ്കോചവും പ്രകടിപ്പിക്കുന്നില്ല. പല സന്യാസാശ്രമങ്ങളിലും കന്യകാമഠങ്ങളിലും കൂട്ടമായും തനിച്ചും ദൈനംദിനം മുട്ടുകുത്തി കൈകൾ വിരിച്ചു പ്രാർത്ഥന നടത്തപ്പെടുന്നുണ്ട്. നമ്മുടെ പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു് വിശ്വാസികളെ ആശീർവ്വദിക്കുന്ന സന്ദർഭങ്ങളിൽ കൈകൾ പൂർണ്ണമായി വിരിച്ചു ആകാശത്തിലേക്കു കണ്ണുകൾ ഉയർത്തി പ്രാർത്ഥിച്ചുകൊണ്ടാണ് ശ്ലൈഹികാശീർവ്വാദം നൽകുന്നതു്. മംഗലാപുരം, തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ മുതലായ രൂപതകളിൽ ക്രിസ്ത്യാനികൾ എല്ലാവരും പള്ളിയിൽ കൂട്ടമായും തനിച്ചും കൈകൾ വിരിച്ചു പ്രാർത്ഥിക്കുന്നുണ്ടു്. ഈ ആചാരം നമ്മുടെ കേരളക്കരയിൽ പല കുടുംബങ്ങളിലും നടപ്പുണ്ടായിരുന്നു എന്നതിനു തെളിവുകളുണ്ടു്. കപ്പൂച്ചിൻ വൈദികർ മിഷൻ ധ്യാനം നടത്തുന്ന അവസരങ്ങളിൽ, വിശ്വാസികളെല്ലാവരും കൂട്ടമായി കൈകൾ വിരിച്ചുപിടിച്ചു് 5 ആ. 5 നന്മ. 5 ത്രിത്വ. പ്രത്യേക നിയോഗപ്രകാരം ചൊല്ലുന്നു. ഇത്തരം പ്രാർത്ഥനയുടെ ഫലമായി സങ്കടകരമായ പല കുഴപ്പങ്ങളും എളുപ്പത്തിൽ സമാധാനപരമായി തീർക്കുവാൻ സാധിച്ചിട്ടുള്ളതുകൊണ്ടു് ഈ ആചാരത്തിനു കൂടുതൽ പ്രചാരം സിദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്.

### പരിശീലനം

കൈകൾ വിരിച്ചുപിടിക്കുമ്പോൾ വേദന അനുഭവപ്പെടുന്നതിനാൽ പ്രാർത്ഥിക്കുവാൻ സാധിക്കുന്നില്ലെന്നും, സുഖമായിരുന്നാൽ നന്നായി പ്രാർത്ഥിക്കാമെന്നും അഭിപ്രായപ്പെടുന്നവരുണ്ടു്. എന്നാൽ, പ്രാർത്ഥിക്കുന്നതിനു്, മനഃപാഠം പഠിച്ചുവച്ചിരിക്കുന്ന ജപങ്ങൾ എല്ലാം ഉരുവിടുകയോ, മനസ്സിൽ തോന്നുന്നതെല്ലാം പറയുകയോ ചെയ്യേണ്ട ആവശ്യമില്ല. പാപത്തെ വെറുക്കണം, ദൈവസന്നിധിയിലേക്ക് ഹൃദയത്തെ ഉയർത്തണം, ഇവയാണ് ആവശ്യം. മിശിഹാ കർത്താവിന്റെ പീഡകളെ ഓർത്തു് കൈകൾ വിരിച്ചു പിടിക്കുമ്പോൾ ആ പീഡകൾക്കു കാരണമായ പാപത്തെ വെറുക്കുന്നതിനും നമ്മെ ഇത്രയധികം സ്നേഹിക്കുന്ന ഈശോയോടു് പ്രതിസ്നേഹം പ്രദർശിപ്പിക്കുന്നതിനും എളുപ്പത്തിൽ സാധിക്കുന്നു. ഇതുതന്നെ പ്രാർത്ഥന. മിശിഹാകർത്താവിന്റെ പീഡകളെ ഓർത്തു് കൈകൾ വിരിച്ചു നില്ക്കുകമാത്രം ചെയ്താലും ഒരുതരത്തിൽ പ്രാർത്ഥനയായി. ഇതു ചെറുപ്പത്തിലേ പരിശീലിക്കുന്നതു് ഉത്തമം. പ്രാരംഭത്തിൽ 5 ആ. 5 നന്മ. 5 ത്രി. കർത്താവിന്റെ അഞ്ചു തിരുമുറിവുകളെ ഓർത്തു് ചൊല്ലുന്നതിനുള്ള സമയം കൈകൾ വിരിച്ചുപിടിക്കുക. ക്രമേണ കൂടുതൽ കൂടുതൽ സമയം അപ്രകാരം ചെയ്യാൻ ശീലിക്കുക. ഏതാനും മാസങ്ങൾക്കകം അൻപത്തിമൂന്നുമണി ജപം മുഴുവൻ കൈവിരിച്ചു പ്രാർത്ഥിക്കാൻ സാധിക്കും. തുടർന്നുള്ള പരിശീലനത്താൽ രണ്ടുമൂന്നു കൊല്ലംകൊണ്ടെങ്കിലും നൂററിയൻപത്തിമൂന്നുമണിജപം മുഴുവനും കൈവിരിച്ചു ചൊല്ലുവാൻ സാധിക്കുന്നതാണ്. ദിവ്യരക്ഷകന്റെയും പ. കന്യകാമറിയത്തിന്റെയും ജീവചരിത്രസംക്ഷേപം ഉൾക്കൊള്ളുന്ന നൂററിയൻപത്തിമൂന്നുമണിജപം കൈവിരിച്ചു പ്രാർത്ഥിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ അനുഭവത്തിൽ അറിയാവുന്നതാണ്. "കൈ വിരിച്ചു പിടിച്ചുകൊണ്ടു നീ ചോദിക്കുന്നതെല്ലാം ഞാൻ സാധിച്ചുതരാം" എന്നു് ദിവ്യരക്ഷകൻ വി. ജർത്രൂദിനോടു ചെയ്ത വാഗ്ദാനം നമുക്കും അനുഭവപ്പെടും. എങ്കിലും പരസ്യമായി ദീർഘനേരം കൈകൾ വിരിച്ചുപിടിക്കുന്നതു് യുക്തമല്ലായിരിക്കും, അതിനിടെ അഹങ്കാരത്തിനു വഴിയുണ്ടു്. മററുള്ളവർ കാണുവാനായി ചെയ്യരുതു്. എന്നാൽ നാം കൈവിരിച്ചു പ്രാർത്ഥിക്കുന്നതു് മററുള്ളവർ കാണുന്നതിൽ തെററില്ല. സ്ത്രീകൾ പരസ്യമായി കൈകൾ വിരിച്ചുനില്ക്കുന്നതു് അഭിലഷണീയമല്ല; അവർ മാത്രമുള്ളപ്പോഴും, തനിച്ചും അങ്ങനെ ചെയ്യുന്നതു നന്നായിരിക്കും. ക്ലേശകരമായ ജോലികൾക്കുശേഷവും, ശരീരസുഖമില്ലാത്തപ്പോഴും കൈകൾ വിരിച്ചു പ്രാർത്ഥിക്കുവാൻ സാധിച്ചില്ലെന്നുവരാം. എന്നാൽ സുഖവും സൗകര്യവുമുള്ളപ്പോൾ, നേരത്തെ ചെയ്തിട്ടുള്ള പ്രതിജ്ഞപ്രകാരം നിശ്ചിതസമയങ്ങളിൽ അങ്ങനെ ചെയ്യുവാൻ വീണ്ടും ആരംഭിക്കുന്നതു് ഉത്തമം. ദിവ്യരക്ഷകന്റെ പീഡാനുഭവത്തിന്റെ സ്മരണ എല്ലാപ്രകാരവും നിലനിറുത്തുവാൻ ഭക്തജനങ്ങൾ പരിശ്രമിച്ചാൽ ലോകത്തിൽ വിശ്വാസവും സന്മാർഗ്ഗബോധവും വർദ്ധിച്ചുവരുമെന്നുള്ളതിനു സംശയമില്ല.

# ആസാമിലെ ആരാമങ്ങളിൽ

(ജോസഫ് മിനാട്ടൂർ)

III

ക്ലൈവ് ബെൽ പറഞ്ഞിട്ടുണ്ടു്, ഇന്നലെയുണ്ടായ ഒരു ഗവർമ്മെൻറു് ഖ്യാതിയെക്കാൾ കൂടുതലായി ഒന്നുംതന്നെ കൊതിക്കുന്നില്ലാ എന്നു്. കേന്ദ്രസർക്കാരോ അവിടത്തെ ഏതെങ്കിലും ഒരു മന്ത്രിയോ ഒരു കാര്യം വിചാരിക്കുമ്പോൾ, അതു നടപ്പിലാക്കി ഖ്യാതി നേടണമെന്നുള്ളതാണു് ആസാംസർക്കാരിന്റെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യം ഉടലെടുത്തതിന്റെ ഫലമായാണു് വിദേശ മിഷനറിമാർക്കു് വിഷമതകൾ നിറഞ്ഞ ഒരു നയം ആസാം സർക്കാർ സ്വീകരിക്കുവാൻ ഇടയായതു്.



ആസാമിലെ പല പ്രദേശങ്ങളും സർക്കാരിന്റെ അഭിപ്രായത്തിൽ ഇന്നും Excluded Areas ആണു്. ആ പ്രദേശങ്ങളിൽ പ്രവേശിക്കണമെങ്കിൽ പ്രത്യേകാനുവാദം വേണം. ഒരു വിദേശീയപ്രേഷിതൻ അനുവാദത്തിനു അപേക്ഷിച്ചാൽ സാധാരണമായി സർക്കാരിൽനിന്നു യാതൊരു മറുപടിയും ലഭിക്കാറില്ല. അപേക്ഷയെ അനുസ്മരിപ്പിച്ചുകൊണ്ടു് അദ്ദേഹം പല കത്തുകൾ അയച്ചാലും ഔദ്യോഗികമൗനത്തിനു യാതൊരു ഭംഗവും നേരിടുകയില്ല.



ആസാമിലെ ഖാസിവർഗ്ഗത്തിൽപ്പെട്ട രണ്ടു കുട്ടികൾ നൃത്തവേഷത്തിൽ

ഒരു ഭാരതപൗരനു് ഈ നയത്തെ നേരിടുവാൻ കൂടുതൽ സൗകര്യമുണ്ടല്ലോ. അതിനാലാണു് ഭാരതീയപ്രേഷിതരുടെ ആവശ്യം ആസാമിൽ അപരിവർജ്ജ്യമാണെന്നു് ഊന്നിപ്പറയുന്നതു്.

സമതലങ്ങളിലെ അസാമീയർ (സമതലങ്ങളിൽ അധിവസിക്കുന്ന ആസാമിലെ ഏററവും പ്രബലമായ സമുദായം) ആണു് ആസാമിൽ പ്രായേണ ഭരണസാരഥ്യം വഹിക്കുന്നതു്. ബംഗാളികളിൽനിന്നും അസാമീയരിൽനിന്നും ആകർഷകമല്ലാത്ത അനുഭവങ്ങൾ മുൻപുണ്ടായിട്ടുള്ളതുകൊണ്ടു് ആദിവാസികൾക്കു അവരിലോ അവരുടെ ഭരണത്തിലോ വിശ്വാസമില്ല. ആദിവാസികൾ മിക്കപേരും ക്രിസ്ത്യാനികളായതുകൊണ്ടും ക്രിസ്ത്യാനികളെ വേർതിരിച്ചുനിറുത്തുവാൻ വിദേശീയപ്രേഷിതന്മാർ ശ്രമിക്കുന്നതുകൊണ്ടുമാണു്, ഈ വിശ്വാസരാഹിത്യം ഉടലെടുത്തതെന്നാണു് സർക്കാരിന്റെ ധാരണ.

അപരിഷ്കൃതരെന്നു അവർ കരുതുന്ന ആദിവാസികളോടു അസാമീയർക്കു പുച്ഛമാണു്. ആദിവാസികളാകട്ടെ, അസാമീയർ വലിയ "ആസാമികൾ" ആണെന്നുള്ള അഭിപ്രായക്കാരാണു്. അങ്ങനെ ഇരുകൂട്ടരും തമ്മിൽ വലിയ യോജിപ്പില്ല. ഗിരിപ്രദേശങ്ങളിലെ ആദിവാസികൾക്കായി ഒരു പ്രത്യേകപ്രവിശ്യ സൃഷ്ടിക്കേണ്ടതു് ആവശ്യമാണെന്നു് അവർ ഇടയ്ക്കിടെ അഭിപ്രായപ്പെടാറുണ്ടു്.

സമതലങ്ങളിലെ ബംഗാളികളും അസാമീയരും അവരോടു പരുഷമായി പെരുമാറിയപ്പോൾ മിഷനറിമാർ മാത്രമാണു് അവരുടെനേർക്കു നിർമ്മലവും പേലവവുമായ സഹായഹസ്തം നീട്ടിയതു്. അതിനാൽ മിഷനറിമാരോടു അവർക്കു അതിയായ ബഹുമാനവും വിശ്വാസവുമുണ്ടു്. മിഷനറിമാരുടെ സ്വാധീനശക്തിയുടെ ഒരു ലക്ഷണമാണു് ആദിവാസികൾ മിഷനറിമാരുടെ വേഷവും പാശ്ചാത്യരീതികളും അനുകരിക്കുവാൻ ശ്രമിക്കുന്നുവെന്നുള്ളതു്. പാശ്ചാത്യവേഷത്തിനും പാശ്ചാത്യമനോഭാവത്തിനും അവരുടെ ഇടയിൽ പ്രത്യേകമായ ഒരു ആകർഷകത്വമുണ്ടു്. ഇതിനെല്ലാം കാരണം, സമതലക്കാരുടെ പരുപരുത്ത പെരുമാററമായിരുന്നു എന്ന പരമാർത്ഥം വിസ്മരിച്ചു്, അല്ലെങ്കിൽ മറച്ചുവച്ചു്, മിഷനറിമാർ ആദിവാസികളെ തങ്ങളിൽനിന്നു അകററിനിറുത്തുവാൻ ശ്രമിക്കുന്നു എന്നാണു് അസാമീയർ ആവലാതിപ്പെടുന്നതു്.

## ചോദ്യോത്തരപംക്തി

പാപ്പാധിപത്യത്തിനെതിരായി വേദവാക്യങ്ങളെ ആധാരമാക്കി ഒരുമാന്യലേഖകൻ കൊണ്ടുവന്നിരുന്ന ആക്ഷേപങ്ങളെപ്പററിയുള്ള ചർച്ച തുടരുന്നു.

10) നടപടി 15:23—24 "ഇവരുടെ (ബർശബ, ശീല) കൈവശം ഇങ്ങനെ ഒരെഴുത്തും എഴുതി അയച്ചു: ശ്ലീഹന്മാരും മൂപ്പന്മാരും സഹോദരന്മാരും പുറജാതികളിൽനിന്നുള്ള സഹോദരന്മാരായി അന്തിയോക്യയിലും സുറിയായിലും കിലിക്കിയായിലുമുള്ളവർക്കു വന്ദനം. ഞങ്ങൾ കല്പിച്ചിട്ടില്ലാത്തവരായി ഞങ്ങളിൽ ചിലയാളുകൾ പുറപ്പെട്ടു: നിങ്ങൾ പരിച്ഛേദനം ചെയ്കയും (മൂശെയുടെ) നിയമം അനുസരിക്കയുംവേണം എന്നുപറഞ്ഞ വചനങ്ങൾകൊണ്ടു് നിങ്ങളെ കലക്കുകയും നിങ്ങളുടെ മനസ്സു മറിക്കുകയുംചെയ്തു എന്നു ഞങ്ങൾ കേട്ടു."

നടപടി 15-ാം അദ്ധ്യായത്തിൽ വിവരിക്കുന്നതു പരിച്ഛേദനത്തെപ്പററിയുള്ള തർക്കം, തത്സംബന്ധമായി ഓറെശ്ലേംസംഘം ചെയ്യുന്ന തീരുമാനം, പ്രസ്തുതസംഘം അന്ത്യോക്യയിലേക്കു് അയക്കുന്ന എഴുത്തു് ഇത്യാദി സംഗതികളെപ്പററിയാണു്. പൗലോസും ബർണബായും പരിച്ഛേദനം സംബന്ധിച്ച തർക്കത്തെപ്പററി ആലോചിക്കാൻ "ഓറെശ്ലേത്തുള്ള ശ്ലീഹന്മാരുടേയും മൂപ്പന്മാരുടേയും" അടുക്കൽ പോയ സംഗതി (നടപടി 15: 1—2) കഴിഞ്ഞലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അവർ അവിടെ ചെന്നശേഷം ഇക്കാര്യത്തെപ്പററി ആലോചിപ്പാൻ "ശ്ലീഹന്മാരും മൂപ്പന്മാരും ഒരുമിച്ചുകൂടി." "വലിയ തർക്കമുണ്ടായപ്പോൾ ശെമവോൻ എഴുന്നേററു" അവരോടു സംസാരിച്ചു. അതോടെ സംഘം മുഴുവൻ "മിണ്ടടങ്ങി." പിന്നീടു് പൗലോസും ബർണബായും ചില വിശേഷങ്ങൾ പറഞ്ഞു. അതിനുശേഷം യാക്കോബു് സംസാരിച്ചു. അവസാനം അന്ത്യോക്യയിലേക്കു് ഒരെഴുത്തെഴുതി അയക്കുകയും ചെയ്തു. അതെഴുതിയതു് "ശ്ലീഹന്മാരും മൂപ്പന്മാരും സഹോദരന്മാരും" കൂടിയാണു്. അതുപോലെ 2-ാംവാക്യത്തിൽ പറഞ്ഞിട്ടുണ്ടു് പൗലോസും ബർണബായും മററും ഓറെശ്ലേത്തുള്ള "ശ്ലീഹന്മാരുടേയും മൂപ്പന്മാരുടേയും" അടുക്കൽ പോയെന്നു്. ആകയാൽ ശ്ലീഹന്മാർക്കു പൊതുവിലുള്ളതല്ലാതെ പത്രോസിനു വിശേഷവിധിയായി അധികാരമൊന്നുമില്ലെന്നാണു ചോദ്യകാരന്റെ വാദഗതിയെന്നൂഹിക്കുന്നു.

ഈ വാദം തെററാണു്. പത്രോസുംകൂടി ഉൾപ്പെട്ട ഒരു സമൂഹമാണു് തീരുമാനങ്ങൾ ചെയ്യുന്നതു്; എഴുത്തെഴുതുന്നതു്. പത്രോസു സ്വന്തംപേരിൽമാത്രം തീരുമാനം ചെയ്യുന്നില്ല, സ്വന്തംപേരിൽ എഴുത്തെഴുതുന്നുമില്ല എന്നുമാത്രം. ഇങ്ങനെ അവർ ഒരു കൂട്ടമായി, എല്ലാവരുടേയും സഹകരണത്തോടുകൂടി വർത്തിച്ചെന്നുകരുതി, പത്രോസിനു പരമാധികാരം ഇല്ലെന്നുവരുന്നില്ല. പത്രോസ് ആ കൂട്ടത്തിൽ ഇല്ലായിരുന്നെങ്കിൽ വാദത്തിനു് അല്പംവല്ല പ്രസക്തിയും ഉണ്ടാകുമായിരുന്നു. എന്നാൽ പത്രോസ് ആ കൂട്ടത്തിലുണ്ടായിരുന്നുവെന്നുമാത്രമല്ല, തർക്കം മൂത്തപ്പോൾ എഴുന്നേററു് സംസാരിക്കുകയും ചെയ്യുന്നു. അതുകൊണ്ടുമാത്രം പരമാധികാരം സ്ഥാപിക്കുക സാദ്ധ്യമല്ലെങ്കിലും, ഉദ്ധൃതവാക്യങ്ങളെ ആധാരമാക്കി പരമാധികാരം നിഷേധിക്കുക സാദ്ധ്യമല്ലെന്നു ഖണ്ഡിതമായി പറയാവുന്നതാണു്.

11) 1 പത്രോസ് 1:1—2 "ഈശോമിശിഹായുടെ ശ്ലീഹ ആയ പത്രോസ്, തിരഞ്ഞെടുക്കപ്പെട്ടവരും പൊന്തോസിലും ഗലാത്തിയായിലും കപ്പദോക്കിയായിലും ആസിയായിലും ബെസോറിയായിലും ചിതറിപ്പാർക്കുന്ന പരദേശികളുമായി ഈശോമിശിഹായെ അനുസരിക്കുവാനും അവന്റെ രക്തത്താൽ തളിക്കപ്പെടുവാനും പിതാവായ ദൈവത്തിന്റെ മുന്നറിവിൻപ്രകാരം ആത്മാവിന്റെ വിശുദ്ധീകരണം മൂലം തിരഞ്ഞെടുക്കപ്പെട്ടവർക്കു് (എഴുതുന്നതു്): കൃപയും സമാധാനവും നിങ്ങളിൽ വർദ്ധിക്കുമാറാകട്ടെ."

പത്രോസും "ഈശോമിശിഹായുടെ ശ്ലീഹ"യാണു്; എന്നാലദ്ദേഹം ശ്ലീഹന്മാരുടെ തലവൻ കൂടിയാണു്. ഈ വസ്തുത അദ്ദേഹം എല്ലായ്പോഴും സ്വയം പ്രഖ്യാപിക്കണമെന്നു നിർബന്ധമില്ലല്ലോ. "ഈശോമിശിഹായുടെ ശ്ലീഹ" (അതായതു ഈശോമിശിഹായാൽ അയക്കപ്പെട്ടവൻ) എന്നു വിനയസമന്വിതം, ലേഖനം വായിക്കാനിരിക്കുന്നവർക്കു അദ്ദേഹം സ്വയം പരിചയപ്പെടുത്തിക്കൊടുക്കുന്നു. തന്റെ സ്ഥാനമാനങ്ങൾ മുഴുവനും എടുത്തുപറയേണ്ട യാതൊരാവശ്യവും ഇത്തരുണത്തിലില്ല. വി. പൗലോസിന്റെ ചില ലേഖനങ്ങളിൽ അദ്ദേഹം ശ്ലീഹ ആണെന്നു പ്രസ്താവിച്ചിട്ടില്ല. (I തെസ്സ. 1:1; II. തെസ്സ 2:2) അതിൽ നിന്നു് അദ്ദേഹത്തിനു ശ്ലീഹാപദം ഇല്ലായിരുന്നുവെന്നു ആരെങ്കിലും വാദിക്കുമോ? പത്രോസിന്റെ കാര്യത്തിലാണെങ്കിൽ, "പത്രോസ്" എന്ന സംജ്ഞയിൽത്തന്നെ പരമാധികാരസൂചനയുണ്ടെന്ന സംഗതിയും പ്രസ്താവ്യമാണു്.

ഒരു പ്രത്യേക ജനവിഭാഗത്തെ ഉദ്ദേശിച്ചു് ലേഖനമെഴുതുന്നതുകൊണ്ടും പത്രോസിനു സഭ മുഴുവന്റെമേലും അധികാരമില്ലെന്നു് അനുമാനിച്ചുകൂടാ. ഒരു രാജാവു് എന്തെങ്കിലും കാര്യംപ്രമാണിച്ചു് തന്റെ കീഴുള്ള ഒരു പ്രദേശക്കാർക്കു കത്തെഴുതിയെന്നു വിചാരിച്ചു് മററു പ്രദേശങ്ങളിൽ വസിക്കുന്ന തന്റെ പ്രജകളുടെമേൽ അദ്ദേഹത്തിനു് അധികാരം ഇല്ലെന്നു വരുമോ?

ആദ്ധ്യാത്മികവീഥി (2)

# ഇടവകയുടെ ശക്തികേന്ദ്രം

ദൈവത്തിൻെറ വത്സലമക്കളേ,

കുറെ മുൻപു ഏതോ ഒരു ഇംഗ്ലീഷുമാസികയിൽ The Parish Power House(ഇടവകയുടെ ശക്തികേന്ദ്രം) എന്ന ശീർഷകത്തിൽ ഒരു ലേഖനം കണ്ടതായി ഓക്കുന്നു. ഒരു വികാരിയച്ചൻ തൻെറ ഇടവകയുടെ അധഃപതനം ദർശിച്ചു് ഹൃദയം തകൎന്നിരിക്കയാണു്. ആണ്ടുകുമ്പസാരം കഴിക്കാതെ നടക്കുന്നവരുടെ സംഖ്യ ഒട്ടും ചെറുതല്ല. അവരിൽ പലരും പരസ്യദുർമ്മാൎഗ്ഗികളായി നിർലജ്ജം ജീവിക്കുന്നു. പേരിനു് ഒരു സി. വൈ. എം. എ. ഉണ്ടെങ്കിലും മീററിംഗുകൾക്കു ഹാജരാകുന്നവർ ചുരുക്കം. വരുന്നവർതന്നെയും ചീട്ടുകളിക്കാണു് വരുന്നതു്. ഒരു വായനശാലയും ഉണ്ടു്. പക്ഷേ, കമ്മ്യൂണിസ്റ്റുപ്രസിദ്ധീകരണങ്ങൾക്കും അശ്ലീലനോവലുകൾക്കുമാണു് മുൻഗണന. കത്തോലിക്കാ പത്രമാസികകൾ ചിലതുണ്ടെന്നു സമ്മതിക്കണം. എന്നാൽ അവ അധികമാരും തൊടാറില്ല. പലരും ഞായറാഴ്ച പള്ളിയിൽ വരുമെങ്കിലും വിശുദ്ധ കൂദാശകളുടെ സ്വീകരണം വളരെ വിരളം. എത്രയെല്ലാം പറഞ്ഞിട്ടും ഒരു പ്രയോജനവുമില്ല. ആകപ്പാടെ ആദ്ധ്യാത്മികകാൎയ്യങ്ങളിൽ വലിയ മന്ദത.

ആയിടെ ഉണ്ടായ ഒരു സംഭവമാണു അദ്ദേഹത്തിനു ഏററവും അധികം ഹൃദയഭേദകമായി തോന്നിയതു്. കുലീനനും അഭ്യസ്തവിദ്യനുമായ ഒരു യുവാവു് അന്യമതസ്ഥയും അധഃകൃതയുമായ ഒരു യുവതിയോടുകൂടി ഒളിച്ചുപോയി രജിസ്റ്റർ വിവാഹം കഴിച്ചു. അയാളിൽനിന്നു് ഒരിക്കലും അതു പ്രതീക്ഷിച്ചിരുന്നില്ല. ഈവക ദുരവസ്ഥകൾക്കെല്ലാം എങ്ങനെയാണു ഒരു വിരാമമിടേണ്ടതെന്നു തലപുകഞ്ഞാലോചിച്ചപ്പോൾ അദ്ദേഹത്തിനു ഒരു സംഗതി ബോദ്ധ്യപ്പെട്ടു. അതായതു്, ദൈവമല്ലാതെ വേറെ യാതൊരാശ്രയവുമില്ലെന്നു്.

തൻെറ പ്രസംഗപാടവത്തിലോ ജനരഞ്ജനനയത്തിലോ ഒന്നും ആശ്രയിക്കാതെ വിനീതമായ പ്രാൎത്ഥനയാലും പരിത്യാഗത്താലും ദൈവാനുഗ്രഹം തൻെറ ഇടവകയുടെമേൽ വർഷിപ്പിക്കണമെന്നുതന്നെ അദ്ദേഹം തീച്ചപ്പെടുത്തി. തനിക്കുവേണ്ടി തന്നെ തദനുസരണമുള്ള ഒരു പരിപാടി രൂപവൽക്കരിച്ചതിനുശേഷം ഇക്കാൎയ്യത്തിൽ തന്നോടു സഹകരിക്കുന്നതിനു ഇടവകക്കാരിൽനിന്നും കുറെപ്പേരെ തിരഞ്ഞെടുക്കണമെന്നു നിശ്ചയിച്ചു. അപ്പോൾ സാധാരണ ഇടദിവസങ്ങളിൽപ്പോലും മുടങ്ങാതെ പള്ളിയിൽ വരാറുണ്ടായിരുന്ന അഞ്ചാറുപേരുടെ കാൎയ്യം അദ്ദേഹത്തിനു് ഓൎമ്മവന്നു.

പിന്നീടു് അവർ കുമ്പസാരിക്കാൻ വന്നപ്പോൾ തൻെറ ഉദ്ദേശത്തെപ്പററി തനിച്ചുതനിച്ചു് അദ്ദേഹം അവരോടു പറഞ്ഞു. അവർ ആറുപേരും അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം എന്തെങ്കിലും ചെയ്യാമെന്നു സസന്തോഷം സമ്മതിച്ചു. ഓരോരുത്തൻെറയും ജോലിക്കു വിഘാതമാകാത്തവിധത്തിൽ ആഴ്ചയിൽ ഒരിക്കൽ തിരുമണിക്കൂർ, ഉപവാസം, അതിനു സാധിക്കാത്ത പക്ഷം ക്ലേശകരമായ മറെറന്തെങ്കിലും ഒരു പ്രവൃത്തി, എല്ലാ സംഗതികളിലും മാതൃകാപരമായ ക്രിസ്തീയജീവിതം എന്നിവ ഉൾക്കൊള്ളിച്ചു് അവൎക്കു പ്രത്യേകം പ്രത്യേകം ഒരു ജീവിതപരിപാടി അദ്ദേഹം നിശ്ചയിച്ചുകൊടുത്തു. ഇടവകയ്ക്കുവേണ്ടി ദൈവാനുഗ്രഹത്തിനായി അഭ്യൎത്ഥിക്കുക എന്നതായിരുന്നു ഇവയുടെ എല്ലാം ലക്ഷ്യം.

ഇടവകയിൽ മററാരും ഇതെപ്പററി അറിഞ്ഞിരുന്നില്ല. എന്നല്ല ഈ ആറുപേൎക്കുപോലും പരസ്പരം വിവരം അറിഞ്ഞുകൂടായിരുന്നു. ഓരോരുത്തനും തന്നെ മാത്രമാണു ഈ ചുമതല ഭരമേല്പിച്ചിരിക്കുന്നതു് എന്ന ധാരണയോടുകൂടി തീക്ഷ്ണതാപൂൎവ്വം പ്രാൎത്ഥിച്ചുതുടങ്ങി. അതിൻെറ ഫലമോ! ഒരു മാസം കഴിയുന്നതിനുമുൻപു് ഇടവകയിൽ സാരമായ ചില വ്യതിയാനങ്ങൾ കാണാറായി. അന്നുവരെ നിർബന്ധിച്ചാൽപ്പോലും പള്ളിയിൽ കയറാതിരുന്ന ആളുകൾ സ്വമേധയാ വരുകയായി. ആണ്ടുകുമ്പസാരക്കടങ്ങൾ ക്രമേണ വീട്ടിത്തുടങ്ങി. ദുർമ്മാൎഗ്ഗികളുടെ കണ്ണുതുറന്നു. അവർ തങ്ങളെക്കുറിച്ചുതന്നെ ലജ്ജിച്ചു് ജീവിതം പാടേ മാററി. ചുരുക്കത്തിൽ ഏതാനും മാസംകൊണ്ടു് അവിശ്വസനീയമായ വിധത്തിലുള്ള ഒരു പരിവൎത്തനമാണു് അവിടെ നടന്നതു്. അങ്ങനെ ആയിരം പേരുണ്ടായിരുന്ന ആ ഇടവകയെ വെറും ആറുപേർ ഉദ്ധരിച്ചു.

അവൎക്കെങ്ങനെയാണു് അതു സാധിച്ചതു? അവർ ദൈവമക്കളെപ്പോലെ ജീവിച്ചു. സൎവ്വശക്തനായ തങ്ങളുടെ പിതാവിൻപക്കൽ വലിയ സ്വാധീനശക്തി അവരുടെ പരിപാവനജീവിതം അവൎക്കു പ്രദാനംചെയ്തു അതാണു് അവരുടെ വിജയരഹസ്യം. സോദോം ഗൊമോറ ആദിയായ നഗരങ്ങളിൽ വെറും പത്തു നീതിമാന്മാരുണ്ടായിരുന്നെങ്കിൽ ആ പട്ടണങ്ങൾ ഗന്ധകാഗ്നിക്കു് ഇരയാകുകയില്ലായിരുന്നല്ലോ. അത്ര വലിയ ഗുണമാണു് നല്ലയാളുകളിൽനിന്നു ലഭിക്കുന്നതു്.

മറെറാന്നുകൊണ്ടുമല്ല പുണ്യശ്ലോകനായ പത്താംപീയൂസ് മാൎപ്പാപ്പാ നമ്മുടെ ഇന്നത്തെ ഏററവും വലിയ ആവശ്യം മാതൃകാപരമായ ക്രിസ്തീയജീവിതം നയിക്കുന്നവരുടെ ഓരോ സംഘം ഇടവകതോറും ഉണ്ടാക്കുക എന്നുള്ളതാണെന്നു് ഉൽബോധിപ്പിക്കുന്നതു്. അതുകാരണത്താൽതന്നെയാണു ഞാനും അപ്രകാരമുള്ള കുറെപ്പേരെ രൂപീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാമെന്നു തീരുമാനിച്ചതു്. നന്മനസ്സുള്ളവർ മുമ്പോട്ടു വരുന്നതിനു് ഒരിക്കൽക്കൂടി ക്ഷണിക്കുന്നു. പിതാവായ ദൈവം നാമെല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്നു്

പ്രാൎത്ഥനയുടെ ഐക്യത്തിൽ,
സ്വന്തം ആത്മപിതാവു്.

---

## അറിയിപ്പ്


വായ്പൂരു് ഏജൻറു് മി. എം. ജെ. ചാക്കോയെ പാടിമണ്ണു്, ചെറുതോട്ടുവഴി, കുന്നിനിശ്ശേരി എന്നീ സ്ഥലങ്ങളിലെ ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

---

രാമപുരം ഫൊ. പള്ളിയിടവകയിൽപ്പെട്ട പ്രശസ്തവും പുരാതനവുമായ കുഴുമ്പിൽ കോലത്തു് (വള്ളോപ്പിള്ളിൽ) മത്തായി ബ്രീജീത്താ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു് 19—8—1953-ൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

ശവസംസ്കാരം 21—8—53-ൽ പരേതയുടെ സഹോദരപുത്രൻ കുഴുമ്പിൽ ബ. ദേവസ്യാച്ചൻ ബി. എ. അവർകളുടെ പ്രധാന



കാർമ്മികത്വത്തിലും, ഇരുപതോളം ബ. വൈദികരുടേയും ഒരു വൻപിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും നിർവ്വഹിക്കപ്പെട്ടു.

മോൺ. ജോൺ കച്ചിറമററം ബി. എ. ബി. ററി. ചരമപ്രസംഗം നടത്തി. സംസ്കാരാനന്തരം പള്ളിയിലും വീട്ടിലുംവച്ചു് സാധുക്കൾക്കു് മൃഷ്ടാന്നഭോജനവും നൽകുകയുണ്ടായി.

സ്ഥലത്തെ വണിഗ്വരനും, പൊതുക്കാൎയ്യപ്രസക്തനുമായ ശ്രീ കെ. എം. ആഗസ്തി പരേതയുടെ പുത്രനും, റവ. സി. ഹില്ലാറിയാ സി. ഡി. പുത്രിയും, കുഴുമ്പിൽ ബ. ആഗസ്തി അച്ചൻ പരേതനായ ബ. കുഴുമ്പിൽ തോമാച്ചൻ ഇവർ സഹോദരന്മാരും പരേതനായ യൗസേപ്പച്ചൻ പിതൃസഹോദരനും ആയിരുന്നു.

---

## ആവശ്യപ്പെടുക

മിക്ക കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും, പ്രാൎത്ഥനപ്പുസ്തകങ്ങൾ, കൊന്ത, കുരിശുരൂപങ്ങൾ, പടങ്ങൾ ആദിയായവയും, പള്ളികൾക്കാവശ്യമുള്ള മെഴുകുതിരി, കാസ, കുസ്തോദി അരുളിക്കാ, തിരിക്കാലുകൾ, മുത്തുക്കുടകൾ മുതലായവയും മിതമായ വിലയ്ക്കു കിട്ടുന്നതും ഓർഡർ അനുസരിച്ചു ചെയ്തുകൊടുക്കുന്നതുമാണു്.

മാനേജർ, മൂക്കന്നൂർ തിരുഹൃദയ
അനാഥശാലഡിപ്പോ, എറണാകുളം

---

## പുസ്തകാഭിപ്രായം

### മാർക്സിസത്തിൻെറ മരണമണി

(തൊഴിലാളിപ്രസിദ്ധീകരണം നമ്പർ 4. ഗ്രന്ഥകർത്താ: ശ്രീ വടക്കേത്തല. പക്ഷം 32. വില 2ണ. 6പ. എ. സി. എഫ്. ബുക്കുസ്റ്റാൾ, ഹൈറോഡു്, തൃശ്ശൂർ)

കമ്മ്യൂണിസം അധഃപതനത്തിൻെറ ആരംഭത്തിൽ എത്തിച്ചേൎന്നിരിക്കുന്നുവെന്നുള്ള രാജാജിയുടെ അഭിപ്രായത്തിനു് ഉപോൽബലകമായി എഴുതിയിട്ടുള്ളതല്ല "മാർക്സിസത്തിൻെറ മരണമണി" പേരുകേട്ടാൽ അങ്ങനെ വിചാരിച്ചുപോകാനിടയുണ്ടെങ്കിലും മാർക്സിസത്തിൻെറ അടിസ്ഥാനമായ ഭൗതികവാദത്തെ—ഡയലക്ടിക്കൽ മെററീരിയലിസത്തെ—ഖണ്ഡിക്കുന്ന ഒരു കൃതിയാണു് "മരണമണി". ലോമാഗ്രവിദലനം (Hair splittiug)തന്നെയാണു് ഡയലക്ടിക്കൽ മെററീരിയലിസം. അതിനുള്ള പ്രത്യാഖ്യാനവും പ്രൗഢമാണു് വിഷയാനുയോജ്യമായ ഈ പ്രൗഢത ശ്രീ വടക്കേത്തലയുടെ തൂലികയിൽ ആവുന്നിടത്തോളം സുലളിതവും സരളവുമായിട്ടുണ്ടു്. ഉപസംഹാരവാക്യം ഒരു സാമ്പിളായി ഇവിടെ ഉദ്ധരിക്കാം: "ആകയാൽ വൻകിടനേതാക്കളുടെ പാൽപ്പുഞ്ചിരിയിലും നറുതേനൊലിക്കും വചനങ്ങളിലും മയങ്ങിമുങ്ങി കമ്മ്യൂണിസ്റ്റു് നേതൃത്വത്തിലുള്ള പലപല യൂണിയനുകളിലും കുടുങ്ങിക്കിടക്കുന്ന വിപ്ലവവീര്യം വിങ്ങിവിങ്ങി പുകഞ്ഞുപൊങ്ങുന്ന യുവജനങ്ങളുടെയും ധീരതൊഴിലാളികളുടെയും അടിയന്തിരകർത്തവ്യം സ്വയം വഞ്ചിതരാകാതിരിക്കുന്നതിനും തൊഴിലാളിലോകത്തെ വഞ്ചിക്കാതിരിക്കാനുംവേണ്ടി അപകടനില മനസ്സിലാക്കി മുൻകൂട്ടിത്തന്നെ സഖാക്കളോടു് "ലാൽ സലാം" ചൊല്ലി കമ്മ്യൂണിസ്റ്റു് സംഘടനകളിൽനിന്നും മടങ്ങി ദൈവവിശ്വാസത്തിലും സ്വരാജ്യസ്നേഹത്തിലും അടിയുറച്ചുനിന്നു രചനാത്മകവും സൃഷ്ടിപരവുമായ പ്രവൎത്തനങ്ങൾവഴി തൊഴിലാളിസമുദ്ധാരണസംരംഭങ്ങൾക്കായി ജീവിതശേഷം ഉഴിഞ്ഞുവയ്ക്കുകയാണു്."

"മരണമണി"കൊണ്ടു വല്ല മാർക്സിസ്റ്റുകാരൻെറയും ഹൃദയത്തിൽ സജീവമായി നിലകൊള്ളുന്ന മാർക്സിസം മരണമടഞ്ഞാലേ ശ്രീ വടക്കേത്തല കൃതാൎത്ഥനാകയുള്ളു. ഗ്രന്ഥകാരൻെറ ഈ അഭിലാഷം സാധിതമാകട്ടെ.

### സഖാക്കൾ

(ഒരു ഗദ്യനാടകം. പക്ഷം 98. വില 8ണ. കമ്മ്യൂണിസ്റ്റു് വിരുദ്ധമുന്നണിയിൽനിന്നു് പ്രസിദ്ധംചെയ്തിരിക്കുന്നതു്. ഗ്രന്ഥകർത്താ: ശ്രീ ജോസ് പൂവ്വത്തിങ്കൽ, ഒല്ലൂർ. എ. സി. എഫ്. ബുക്കുസ്റ്റാൾ, ഹൈറോഡു്, തൃശ്ശൂർ)

മദ്രാസിലെ ഒരു കോളെജിൽ അദ്ധ്യയനംചെയ്തിരുന്ന ടോം എന്ന വിദ്യാൎത്ഥിയുടെ കമ്മ്യൂണിസ്റ്റുകൂട്ടുകെട്ടും കമ്മ്യൂണിസത്തിൽനിന്നുള്ള വിട്ടുതലുമാണു് ഈ നാടകത്തിലെ കഥാവസ്തു. ചില കമ്മ്യൂണിസ്റ്റുസഖാക്കളുടെ പ്രേരണയ്ക്കു വിധേയനായി ടോം ഒരു പണിമുടക്കിനു വട്ടംകൂട്ടി. സ്വസഹോദരൻതന്നെ ആ കോളെജിൽ പഠിക്കുന്നുണ്ടായിരുന്നു. സഹോദരൻെറ ഉപദേശത്തെക്കൂടി അവഗണിച്ചു സഖാക്കളോടുകൂടെ തിന്നും മദ്യപിച്ചും ടോം എത്രയും അധഃപതിച്ചെങ്കിലും ഈശ്വരഭയമുള്ള വിദ്യാൎത്ഥികൾ ചേൎന്നുനിന്നു ടോമിൻെറയും സഖാക്കളുടെയും സ്ട്രൈക്കു പരാജയപ്പെടുത്തി. ടോം മാനസാന്തരപ്പെട്ടു് കോളെജ് അധികാരികളോടും സഹോദരനോടും മാതാപിതാക്കന്മാരോടും മാപ്പപേക്ഷിച്ചു് സമാധാനപരമായി പഠനം തുടരുന്നതാണു് ഈ നാടകത്തിലെ പ്രതിപാദ്യവിഷയം. ഗദ്യനാടകമെന്നു പുസ്തകത്തിൻെറ പുറത്തടിച്ചിട്ടുണ്ടെങ്കിലും അഞ്ചുപത്തു ഗാനങ്ങൾ ഇതിലുണ്ടു്.

വായിക്കുമ്പോൾ അനുവാചകർക്കും അഭിനയിക്കുമ്പോൾ കാണികൾക്കും ആസ്വദിച്ചാനന്ദിക്കാവുന്ന പല രംഗങ്ങളും ഈ നാടകത്തിലുണ്ടെന്നാണു് ബ്രദർ വടക്കൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്. മിസ്റ്റർ ജോസിൻെറ ആദ്യത്തെ ഈ കാൽവെപ്പു് അത്യന്തം സമാകർഷകമായിരിക്കുന്നതോടൊപ്പംതന്നെ ഭാവിയിൽ അതിൻെറ ചലനങ്ങൾ കൈരളിയുടെ കലാമണ്ഡലത്തെ കിക്കിളിയിളക്കാൻ പോരുന്നതാണെന്നത്രെ വിരുദ്ധമുന്നണി പ്രസിഡൻറു് പ്രൊഫസർ ടി. ഒ. മാത്യു അവർകളുടെ അഭിപ്രായം.

എന്നുവരുകിലും "സഖാക്കൾ" കമ്മ്യൂണിസ്റ്റു് വിരുദ്ധമുന്നണിയുടെ ഇതരപ്രസിദ്ധീകരണങ്ങളോടു കിടപിടിച്ചുനില്ക്കുമോയെന്നു ചിലരെങ്കിലും സംശയിക്കാതിരിക്കയില്ല. അവതാരകനായ ശ്രീ ആൻറണി കുഞ്ഞുക്കാരൻ സൂചിപ്പിച്ചിട്ടുള്ളതുപോലെ ചില ദീർഘമായ പ്രസംഗങ്ങളും സ്ഥാലിക ഐക്യത്തിൻെറ കുറവും തമിഴു് പ്രസംഗങ്ങളുടെ ദൈർഘ്യവും കോളെജു പ്രിൻസിപ്പലിൻെറ തമിഴു് പ്രസംഗത്തിൽ കടന്നുകൂടിയിട്ടുള്ള മലയാളഭാഷാപ്രയോഗങ്ങളും അപ്രസക്തമായ തത്വോപദേശങ്ങളും ഗ്രന്ഥകർത്താവിൻെറ പ്രഥമപരിശ്രമമെന്നനിലയിൽ അനുവാചകർ ക്ഷമിക്കുമായിരിക്കും. ഭൃത്യനായ പപ്പുവിൻെറ കോമാളിത്തരങ്ങൾക്കു സ്വാഭാവികത കുറവാണു്. ഇംഗ്ലീഷും മലയാളവും കൂട്ടിക്കലർത്തിയുണ്ടാക്കിയിട്ടുള്ള ഫലിതങ്ങൾ അധികമായെന്നും ചിലൎക്കു തോന്നും. 49-ാം പക്ഷത്തു ക്രിസ്തുവിനോടൊപ്പം ഇതരമതനേതാക്കളുടെ പേരുചേൎത്തു് പറഞ്ഞിട്ടുള്ളതു് അത്ര ഭംഗിയല്ല.

വിമർശകൻ ദർശിക്കുന്ന ഈ തെററുകൾ എളുപ്പത്തിൽ തിരുത്തി "സഖാക്കൾ" എന്ന ഈ നാടകം പ്രയോജനകരമാകുംവിധം അഭിനയിക്കാവുന്നതാണു്. സൎവ്വപ്രകാരേണ സഖാക്കളുടെ അടവുകൾ വെളിവാക്കിയിരിക്കുന്ന ഈ നാടകം ശരിയായി അഭിനയിച്ചുകാണുമ്പോൾ പലരും ഇരുന്നു ചിന്തിക്കുന്നതാണു്. ശ്രീ ജോസു് പൂവ്വത്തിങ്കലിൻെറ ഈ പ്രഥമോദ്യമം വിജയശ്രീലാളിതമായിത്തീരട്ടെ. (T. M.)

---

## ഇനി ഒരു മാസമില്ല

സെൻറു് വിൻസെൻറു് ഡി പോൾ സംഘസ്ഥാപകനായ ഫ്രെഡറിക്കു് ഒസ്സാനാമിൻെറ ചരമശതാബ്ദജൂബിലിക്കു്.

സംഘസ്ഥാപകനായ ഒസ്സാനാമിൻെറ ജീവചരിത്രം, കാലം, സംഘനിയമാവലി എല്ലാം ഉൾപ്പെടുന്ന ബുക്കിൻെറ പുതിയ പതിപ്പു് സാഹിത്യതിലകൻ വെ. റവ. ഫാ. സി. കെ. മററം തയാറാക്കിയതിനു് വില രൂപ ഒന്നു് അണ എട്ടു്. അട്ടിപ്പേററി ആർച്ചുബിഷപ്പു് തിരുമേനിയുടെ അവതാരികയുള്ളതും.

സി. കെ. മററം, കുറവിലങ്ങാടു്

---

## സൗജന്യവിതരണ ഫണ്ടു്

റവ. ഫാ. അഗസ്റ്റിൻ
കണ്ടത്തിൽ ക. 6—8—0

---

സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ, പല വൈദ്യന്മാർ അസാദ്ധ്യമെന്നുപറഞ്ഞ എൻെറ കുട്ടിയുടെ സുഖക്കേടു സുഖമായതിനു് ഉപകാരസ്മരണ.

A. V. Naduparambil,
Thottakara

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 || ERNAKULAM, AUGUST 26, 1953 || No. 2


## തിരുനാൾമംഗളം

സത്യദീപത്തിന്റെ ജനയിതാവും സംരക്ഷകനുമായ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗ്രസ്തീനോസ് തിരുമേനിയുടെ നാമഹേതുകദിനം അടുത്തുവന്നിരിക്കുന്ന ഈ സുവർണ്ണാവസരത്തിൽ, കൃതജ്ഞതാനിർഭരവും ആനന്ദപൂർണ്ണവുമായ ഒരു ഹൃദയത്തോടെയാണു ഞങ്ങൾ തിരുമനസ്സിലേക്കു മംഗളമാശംസിക്കുന്നതു്. ഈ പത്രശിശു തിരുമനസ്സിലെ പൈതൃകകരങ്ങളിൽനിന്നു സ്വീകരിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കു നന്ദിപറയുകയെന്നതു് ഞങ്ങളുടെ അനുപേക്ഷണീയമായ കർത്തവ്യമാണു്. എന്നാൽ അതിനെക്കാളുപരിയായി, വന്ദ്യപിതാവിന്റെ ആരോഗ്യനാശക ഗുരുതരമായ ഒരു രോഗത്തിന്റെ കോളിളക്കത്തിൽ പെട്ടിട്ടും, ആപച്ഛങ്കയെ അത്ഭുതകരമായി തരണംചെയ്തു ആശ്വാസതുറമുഖത്തിൽ എത്തിച്ചേരുവാൻ ഇടയായതിനു് സർവ്വശക്തനായ ദൈവത്തോടു് കൃതജ്ഞത പ്രകാശിപ്പിക്കുകയെന്നതാണു് അവിടുത്തെ അജഗണങ്ങളിൽപ്പെട്ട മറ്റെല്ലാവരുടേയുമെന്നതുപോലെ ഞങ്ങളുടേയും കർത്തവ്യം. "കർത്താവേ! ഞാൻ അങ്ങിൽ ശരണപ്പെട്ടു, ഞാനൊരിക്കലും ലജ്ജിതനാകയില്ല" എന്നുള്ള വന്ദ്യതിരുമേനിയുടെ മുദ്രാവാക്യം അന്വർത്ഥമായതിനുള്ള മറ്റൊരു ദൃഷ്ടാന്തമാണു തിരുമേനിയുടേയും മറ്റെല്ലാവരുടേയും പ്രാർത്ഥനാഫലമായി തിരുമേനിക്കു് അടുത്തകാലത്തു് കൈവന്ന രോഗശമനം.

തിരുമനസ്സിലെ അധീനതയിലുള്ള വിദ്യാദാനസ്ഥാപനങ്ങൾക്കു മകുടംചാർത്തുമാറു് മൂവ്വാറ്റുപുഴപ്പട്ടണത്തിൽ സമാരംഭിച്ചിരിക്കുന്ന "നിർമ്മല കോളെജാ"ണു് തിരുമേനിയുടെ ഈ വർഷത്തിലെ ഏറ്റവും വലിയ നേട്ടം. അതു് ഉൽഘാടനം ചെയ്ത അവസരത്തിൽ തിരുമനസ്സുകൊണ്ടു് അയച്ചുകൊടുത്ത സന്ദേശത്തിൽ അവിടുന്നു് ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "മൂന്നുനാലുകൊല്ലത്തെ പരിശ്രമഫലമായി വളരെ പണച്ചിലവുകൾചെയ്തു് ഈ കോളെജ് ഈ (ജൂൺ)മാസാവസാനത്തിൽ തുടങ്ങുവാൻ സാധിച്ചു എന്നുള്ളതിൽ നമുക്കു വളരെ കൃതാർത്ഥതയുണ്ടു്. നമ്മുടെ യുവജനങ്ങളുടെ ആദ്ധ്യാത്മികവും ലൗകികവുമായ അഭിവൃദ്ധിയെ കാംക്ഷിച്ചുമാത്രമാണു് ഇത്ര മുതലയേറിയതും ഭാരിച്ചതുമായ ഈ സ്ഥാപനം നാം തുടങ്ങിയിട്ടുള്ളതു്. ഇതു നമ്മുടെ അതിരൂപതയിൽ എല്ലാവർക്കും ഒരുപോലെ ഉപയോഗപ്രദമാകുന്നതിനാണു് അതിരൂപതയുടെ മദ്ധ്യസ്ഥാനമായ മൂവ്വാറ്റുപുഴ നാം തിരഞ്ഞെടുത്തിരിക്കുന്നതു്. ഈ നിലയിൽ തുടങ്ങാറാകുന്നതിനു് ഇതിൽ ഓരോവിധത്തിൽസംബന്ധിച്ചവർ എന്തുമാത്രം ബുദ്ധിമുട്ടിയിട്ടുണ്ടെന്നും ഇതുമുഖാന്തിരം എത്രവലിയ ഭാരമാണു ഈ അതിരൂപത വഹിച്ചിരിക്കുന്നതെന്നും ഇതു പൂർത്തിയായിക്കാണുന്നതിനു ഇനിയും എന്തുമാത്രം പണച്ചിലവും ക്ലേശങ്ങളും സഹിക്കേണ്ടതായിട്ടുണ്ടെന്നും നിങ്ങൾക്കെല്ലാം അറിയാവുന്നതാണു്......" ഇത്ര വ്യയഹേതുകവും ഭാരിച്ചതുമായ ഒരു പ്രസ്ഥാനമാണു് തിരുമനസ്സിലെ വാർദ്ധക്യദശയിൽ തിരുമനസ്സുകൊണ്ടു സമാരംഭിച്ചിരിക്കുന്നതു്. തിരുമേനിയുടെ യുവസഹജമായ ഊർജ്ജസ്വലതയ്ക്കും കർമ്മകുശലതയ്ക്കും ഇതൊരു മകുടോദാഹരണമായിരിക്കുന്നു.

ഏവംവിധം സഭയ്ക്കും സമുദായത്തിനും സേവനമനുഷ്ഠിച്ചുകൊണ്ടു ജീവിക്കുന്ന തിരുമേനി ആയുരാരോഗ്യവാനായി വിരാജിക്കുവാൻ സർവ്വശക്തനായ ദൈവം കനിയുമാറാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

## വി. ഡി. പോൾ സംഘങ്ങളോടു്
## പരിശുദ്ധ പിതാവിന്റെ പ്രഭാഷണം

1952 ഏപ്രിൽ 27-ാംനു പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ റോമിൽ സമ്മേളിച്ച വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ ദേശീയകോൺഗ്രസ്സിൽ പങ്കെടുത്തവരോടായിട്ടു് ഒരു പ്രഭാഷണം നടത്തി. തിരുസ്സഭയിലെങ്ങും ക്രൈസ്തവസ്നേഹത്തിന്റേയും നീതിയുടേയും പ്രേരണയാൽമാത്രം ത്യാഗപൂർവ്വകമായ സേവനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന അത്മേനികളുടെ സംഘടനകളിൽ പ്രാമുഖ്യം വഹിക്കുന്ന ഒന്നാണു് വിൻസെൻറ് ഡി പോൾ കോൺഫറൻസു്. ഇന്ത്യയിലെ പല രൂപതകളിലുമെന്നപോലെ കേരളത്തിലും ഈ സംഘങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. തന്മൂലം അവയെസംബന്ധിച്ചു് തിരുസ്സഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാ നൽകിയിരിക്കുന്ന ഉപദേശങ്ങളും ഉദ്ബോധനങ്ങളും എന്തൊക്കെയെന്നറിയുന്നതു് അവശ്യാവശ്യകംതന്നെ. ആകയാൽ പ്രസ്തുതപ്രഭാഷണത്തിന്റെ ഉള്ളടക്കം വായനക്കാരെ അറിയിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്.

വിൻസെൻറ് ഡി പോൾ കോൺഫറൻസുകളുടെ അംഗങ്ങളായി, ഈ പ്രിയപ്പെട്ട പട്ടണത്തിൽ സമ്മേളിച്ചിരിക്കുന്ന കോൺഗ്രസ്സിൽ സന്നിഹിതരായിരിക്കുന്ന പ്രിയപ്പെട്ട പുത്രന്മാരേ, പുത്രിമാരേ, വളരെയധികം ഉൽക്കണ്ഠ ബാധിച്ചിരിക്കുന്ന നമ്മുടെ ഹൃദയത്തിനു് നിങ്ങൾ വലിയ സമാശ്വാസം നൽകുന്നുണ്ടു്. ക്രിസ്തീയസ്നേഹത്തിന്റെ അനേകതരങ്ങളായ രംഗങ്ങളിൽ അണിയണിയായി സർവ്വത്ര പ്രയത്നിച്ചുകൊണ്ടിരിക്കുന്നവരുടെ ഗണത്തോടു ചേർന്നുനിന്നുകൊണ്ടു്, ഇന്നു ലോകത്തെ ആവരണം ചെയ്യുന്ന അന്ധകാരത്തിനിടയിൽ മങ്ങൽതട്ടാത്ത ഒരു ദീപമായി നിങ്ങൾ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ലോകത്തെ ബാധിച്ചിരിക്കുന്ന നാശകരമായ കുഴപ്പങ്ങൾക്കു കാരണം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ബോധം മിക്കവാറും ശൂന്യമായിരിക്കുന്നു എന്നതാണു്. സ്നേഹത്തിന്റെ സംഘടിതങ്ങളായ പ്രവർത്തകന്മാർ മനുഷ്യകുടുംബത്തിന്റേയും തിരുസ്സഭയുടേയും ഇടയിൽ സജീവശക്തികളാകുന്നു. സജീവങ്ങളായിരിക്കുന്നതു്, അവർക്കു പ്രചോദനം നൽകുന്ന സ്നേഹത്തേയും അവരെ തന്റെ മടിയിലുൾക്കൊള്ളുന്ന തിരുസ്സഭയെയുംപോലെ, അവ ഫലപൂർണ്ണങ്ങളും അപ്രതിഹതങ്ങളുമായ ശക്തികളായിരിക്കകൊണ്ടാണു്. സ്നേഹത്തിന്റെ സഭയെന്നു്, ആ പദത്തിന്റെ ഏറ്റവും ആഴവും ഏറ്റവും വിസ്തൃതവുമായ അർത്ഥത്തിൽ, തിരുസ്സഭയെ വിളിക്കാവുന്നതാണു്.

തിരുസ്സഭയുടെ ഭൂതകാലചരിത്രവും വർത്തമാനകാലത്തെസ്ഥിതിയും ശാന്തമായി നിരീക്ഷണം ചെയ്യുന്ന ആർക്കാണു് അതിന്റെ പ്രത്യേകമായലക്ഷണംസ്നേഹമാണെന്നു് മനസ്സിലാക്കാൻ കഴിയാത്തതു്? തിരുസ്സഭതന്നെ ദിവ്യസ്നേഹത്തിന്റെ ഫലമാകുന്നു. ആ സ്നേഹമാണു് സൃഷ്ടികർമ്മത്തിന്റേയും പരിത്രാണകർമ്മത്തിന്റേയും ആരംഭം. സൃഷ്ടിക്കപ്പെട്ട സകല ആത്മാക്കളും ആ ദിവ്യസ്നേഹത്തിന്റെ അനന്തവും സൗഭാഗ്യകരവുമായ പങ്കുവഹിക്കാനായുള്ളവരാകകൊണ്ടു് അവരുടെ അന്ത്യവും ആ സ്നേഹം തന്നെയാകുന്നു.

മനുഷ്യദുരിതത്തിന്റെ നിവാരണത്തിനായി ആളുകളേയും പ്രവർത്തനങ്ങളേയും എല്ലാക്കാലങ്ങളിലും പ്രദാനംചെയ്യുവാൻ ക്രിസ്തീയസ്നേഹം സന്നദ്ധമാണെന്നുള്ളതു് ഒരു വസ്തുതയാകുന്നു. ഈ വസ്തുതയാകട്ടെ തിരുസ്സഭാചരിത്രം പഠിക്കുന്ന ഏവരിലും എന്നും ആശ്ചര്യം ജനിപ്പിച്ചിട്ടുണ്ടു്; വിശ്വാസികൾക്കു് അതു തിരുസ്സഭയുടെ ദിവ്യമായ ഉത്ഭവത്തെ സ്ഥിരീകരിക്കുന്ന ന്യായവുമായിരുന്നിട്ടുണ്ടു്. വേറൊരു വസ്തുത ആലോചിക്കുമ്പോൾ ഈ ആശ്ചര്യം വർദ്ധിക്കുകയാണു ചെയ്യുന്നതു്: അതെന്തെന്നാൽ തിരുസ്സഭയിൽ കുടികൊള്ളുന്ന സ്നേഹചൈതന്യത്തിനു് പ്രവർത്തനമാർഗ്ഗങ്ങൾ നിശ്ചയിച്ചുകൊടുത്തവർ അധികവും എളിയവരും ആർഭാടമൊന്നുമില്ലാത്തവരുമായ ആത്മാക്കളായിരുന്നു; അസംഖ്യങ്ങളും വിശ്വസ്തരുമായ അനുയായികളെ നിഷ്പ്രയാസം അവർക്കു ലഭിക്കുകയും ചെയ്തിരുന്നു. ഇന്നത്തെ സ്ഥിതിയും അതുതന്നെയാണു്. ക്രിസ്തീയസ്നേഹത്തിന്റെ ആശ്ചര്യകരമായ പ്രവർത്തനങ്ങളുടെ പ്രകാശനമായിത്തന്നെയിരിക്കുന്ന ഏതെങ്കിലുമൊരു മഹനീയനാമമുള്ള സംഘടന ഇല്ലാത്ത യാതൊരു കത്തോലിക്കാപ്രദേശവും കാണുകയില്ല. എന്നാൽ തിരുസ്സഭയുടെ ആരംഭത്തിൽ തുടങ്ങിയതും ശ്ലീഹന്മാർതന്നെ വെട്ടിത്തുറന്നതുമായ ഈ പന്ഥാവിന്റെ ചരിത്രം ആരായുവാൻ ആർക്കുകഴിയും? ക്രിസ്തീയസഹോദരന്മാർ സ്നേഹപരമായി നടത്തിയിരുന്ന സദ്യകൾക്കിടയിൽ സംഭാവനകൾ ശേഖരിക്കുന്ന സമ്പ്രദായങ്ങൾ അവർ ഏർപ്പെടുത്തി. ആ സദ്യകളിൽ പ്രഭുക്കന്മാരും അടിമകളും അടുത്തടുത്തിരുന്നു പങ്കുകൊണ്ടു. ഡീക്കന്മാരുടെ പട്ടസ്ഥാനം അവർ ഏർപ്പെടുത്തുകയും, കുഞ്ഞുങ്ങൾക്കും വിധവകൾക്കും സ്നേഹസഹായങ്ങൾ നൽകുന്ന ജോലി ഈ 6-ാംപട്ടക്കാരെ ഏല്പിക്കുകയും ചെയ്തു. ക്രിസ്തുമതത്തെപ്പററിയുള്ള അറിവു് ആദ്യകാലത്തു് ദ്രുതഗതിയിൽ പരന്നതിന്റെ പ്രധാനകാരണം ആശ്ചര്യകരമായ ഈ സ്നേഹപ്രകടനമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അക്കാലത്തിനുമുമ്പു് അങ്ങനെയൊന്നു ലോകത്തിൽ അജ്ഞാതമായിരുന്നു. തന്മൂലം "കണ്ടാലും, അവർ പരസ്പരം എങ്ങനെ സ്നേഹിക്കുന്നു!" എന്നു ഘോഷിക്കുവാൻ പേയ്ഗൺമതക്കാർ നിർബ്ബദ്ധരായി. ഈ സ്നേഹപ്രകടനം ഒരു സ്വർണ്ണരേഖപോലെ തിരുസ്സഭാചരിത്രത്തിനുള്ളിൽ ഉടനീളം വ്യാപിച്ചുകിടക്കുകയാണു്. ആ നൂലു് സഭയെ അതിന്റെ ഉത്ഭവസ്ഥാനമായ സ്നേഹംനിറഞ്ഞ തിരുഹൃദയത്തോടു് ബന്ധിക്കുകയും ചെയ്യുന്നു.

സ്നേഹം സ്വതവേ പ്രവൃത്ത്യുന്മുഖമായിരിക്കുന്നു. സൂര്യന്റെ പുത്തൻചൂടു തട്ടുമ്പോൾ താനെ പുറത്തു ചാടുന്ന വസന്തകാലംപോലെയാണതെന്നു പറയാം. ക്രിസ്തുവാണു് തന്റെ സഭയുടെ സൂര്യൻ...സ്നേഹം സദാജാഗരൂകമാണു്. പരിശുദ്ധാരൂപിയുടെ ഒരു പ്രത്യേകപ്രചോദനം എല്ലാത്തരം കഷ്ടതയും, അതെവിടെ മറഞ്ഞിരുന്നാലും, കണ്ടുപിടിക്കുന്നതിനു് ക്രിസ്ത്യാനിയുടെ കാഴ്ചയ്ക്കു മൂർച്ചകൂട്ടുന്നതുപോലെയും, ഓരോരോ രൂപത്തിലുള്ള കഷ്ടപ്പാടിനൊത്ത പ്രവൃത്തി ആരംഭിക്കയും അതിൽ ഒരുസംഘം സഹോദരന്മാർ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നതുവരെ അവന്റെ ഹൃദയത്തെ അസ്വസ്ഥമാക്കുന്നതുപോലെയും തോന്നിപ്പോകുംസ്നേഹത്തിന്റെ ഉണർവ്വു് കണ്ടാൽ.

അങ്ങനെ ജീവകാരുണ്യത്തിന്റെ ഉപകാരപ്രദമായ പ്രവാഹം ജന്മമെടുക്കുകയും വികാസം പ്രാപിക്കുകയും ചെയ്തു. ഇന്നു എല്ലാ പരിഷ്കൃത ജനതയുടേയും അഭിമാനവിഷയമായിരിക്കുന്ന സ്ഥാപനങ്ങൾക്കു് അതാണു ജീവൻ നൽകിക്കൊണ്ടിരിക്കുന്നതു്. പലപേരുകളിൽ അവ അറിയപ്പെടുന്നു. ആസ്പത്രികൾ, അനാഥശാലകൾ, അടിമകളുടെ മോചനത്തിനായുള്ള സഭകൾ, തീർത്ഥകരെ ഉദ്ദേശിച്ചുള്ള സംഘടനകൾ, അപകടസാഹചര്യങ്ങളിൽ വർത്തിക്കുന്ന സ്ത്രീകൾക്കു വേണ്ടിയുള്ള മന്ദിരങ്ങൾ, തടവുകാരെ സന്ദർശിക്കുവാനും സഹായിക്കുവാനുമുള്ള സംഘങ്ങൾ മുതലായവ മേല്പറഞ്ഞതിനു് ഉദാഹരണങ്ങളാണു്. അടുത്തകാലത്താണെങ്കിൽ കുഷ്ഠരോഗസങ്കേതങ്ങളും, സാധുക്കളേയും വൃദ്ധരേയും അന്ധരേയും ബധിരമൂകരേയും അഭയാർത്ഥികളേയും കാരാഗൃഹവാസികളുടെ കുട്ടികളേയും അംഗവൈകല്യം ഭവിച്ച ശിശുക്കളേയും സഹായിക്കുന്നതിനുള്ള സ്ഥാപനങ്ങളും ഉടലെടുത്തിട്ടുണ്ടു്. ഇവയെല്ലാംതന്നെയും ഇവയുടെ സ്ഥാപകരുടെയും സഹപ്രവർത്തകരുടേയും നാമങ്ങളും ക്രിസ്തുവിന്റെ മൗതികശരീരത്തെ അലങ്കരിക്കുന്ന ഏററവും വിലപിടിച്ച രത്നങ്ങളിൽ പെടുന്നു.

കാലോചിതമായി വർത്തിക്കുവാനുള്ള ദൂരവീക്ഷണചതുരമായ ഈ കഴിവിന്റെ പശ്ചാത്തലത്തിലാണു് വിൻസെൻറു് ഡി പോൾ കോൺഫറൻസുകളുടെ ഉദയവും സ്ഥാപനവും വളർച്ചയും നാം കാണുന്നതു്. ഈ പുണ്യവാന്റെ നാമംതന്നെ സഭയ്ക്കു അഭിമാനാവഹമാണു്. പ്രസ്തുത കോൺഫറൻസുകൾ സ്ഥാപിക്കുവാൻ പാരീസിലെ ആ എട്ടു വിദ്യാർത്ഥികളെ എല്ലാററിലുമുപരിയായി പ്രേരിപ്പിച്ചതു് എന്താണു്? അവയുടെ ആത്മാവെന്നു ന്യായമായി വിളിക്കപ്പെടുന്ന, 19-ാം നൂററാണ്ടിലെ വലിയ അത്മായപ്രേഷിതനാകുന്ന ഫ്രെഡറിക്കു് ഓസാനാമിൽനിന്നു നിങ്ങളതു പഠിച്ചിട്ടുണ്ടു്. ഏതാണ്ടു് ഒരുനൂറു വർഷങ്ങൾക്കുമുമ്പു്, അദ്ദേഹം മരിച്ചകൊല്ലത്തിൽ ഫ്ളോറൻസിൽവച്ചു് അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "കത്തോലിക്കരായ ഞങ്ങൾ ക്രിസ്തുമതത്തിന്റെ മഹനീയനേട്ടങ്ങൾ വഴിപിഴച്ച ഞങ്ങളുടെ സഹോദരന്മാരുടെ ശ്രദ്ധയിൽ പെടുത്താൻ ശ്രമിച്ചപ്പോൾ അവർ ഞങ്ങളോടു പറഞ്ഞു: "ക്രിസ്തുമതം മററുകാലങ്ങളിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടു്; എന്നാൽ ഇന്നതു മൃതിയടഞ്ഞിരിക്കുന്നു. ഉദാഹരണത്തിനു്, കത്തോലിക്കരെന്നു് സ്വയം അഭിമാനിക്കുന്ന നിങ്ങൾ എന്താണു ചെയ്യുന്നതു്? നിങ്ങളുടെ വിശ്വാസത്തിനു തെളിവു നൽകുകയും അതിനെ ബഹുമാനിപ്പാനും അതിനെ സ്വീകരിപ്പാനും ഞങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ എവിടെയാണു്?" ഈ ചോദ്യംതന്നെ, അതു വാസ്തവത്തിൽ സഭയുടെ ജീവനെപ്പററിയുള്ള അല്പജ്ഞാനത്തിൽനിന്നു് ഉദയംചെയ്യുന്നതാണെന്നിരുന്നാലും, ചിലപ്പോഴെല്ലാം ഇക്കാലത്തേ അക്രൈസ്തവരും ചോദിക്കുന്നുണ്ടു്. ഏതാനുംകൊല്ലങ്ങൾക്കുമുമ്പു നാമതിനൊരു ദൃഷ്ടാന്തം ഒരു മിഷനറിമാസികയിൽ കാണുകയുണ്ടായി. ഒരു ജാപ്പനീസ് പ്രൊഫസ്സർ ഒരു മിഷനറിയോടു പറഞ്ഞു: "കത്തോലിക്കാമതമാണു് ഏകസത്യമതമെന്ന തീരുമാനത്തിൽ ഞാനെത്തിയിരിക്കുന്നു. എന്നിരുന്നാലും കത്തോലിക്കരായ നിങ്ങൾ പറകയും പ്രസംഗിക്കുകയും ചെയ്യുന്നതിൽ കത്തോലിക്കരായ നിങ്ങൾക്കുതന്നെ വിശ്വാസമില്ലെന്നു പറയേണ്ടിയിരിക്കുന്നു ... എന്തുകൊണ്ടെന്നാൽ നിങ്ങളതു പ്രയോഗത്തിൽ വരുത്തുന്നില്ല." ക്രിസ്തീയസ്നേഹം മൊട്ടിട്ടു വികസിക്കുന്നതും, പ്രത്യേകിച്ചും കോൺഫറൻസുകൾ സ്ഥാപിതമാകുന്നതുമാണു് പാരീസു വിദ്യാർത്ഥികളുടെ അടിസ്ഥാനരഹിതമായ ഇടർച്ചയ്ക്കും അതുപോലെതന്നെ അധുനാതനവിമർശകരുടെ ഹ്രസ്വവീക്ഷണജന്യമായ ഉതപ്പിനുമുള്ള ശക്തിമത്തായ സമാധാനം. "അപ്പോഴാണു ഞങ്ങൾ ഞങ്ങളോടുതന്നെപറഞ്ഞതു്"— ഓസാനാം തുടരുന്നു —"വേല ചെയ്യുക! നമുക്കു നമ്മുടെ അയൽക്കാരനെ സഹായിക്കാം. നമുക്കു നമ്മുടെ വിശ്വാസത്തെ സ്നേഹത്തിന്റെ സംരക്ഷണയിലാക്കുകയും ചെയ്യാം." അങ്ങനെയാണു നിങ്ങളുടെ കോൺഫറൻസുകൾ ജന്മമെടുത്തതു്. അനേകകൊല്ലങ്ങൾ കഴിഞ്ഞുപോയിട്ടും അവ, ദൈവം അഭിലഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളുടേയും സ്വഭാവത്തിനു് അനുയോജ്യമായി, അവയുടെ ആദിമചൈതന്യം മുഴുവൻ സംരക്ഷിച്ചുപോകുന്നുണ്ടു്. അവയുടെ സ്ഥാപകരുടെ മാററം വരാത്ത യുവത്വം അവയ്ക്കു പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നതുപോലെ തോന്നുന്നു.

ആകയാൽ, നിങ്ങളുടെ ദൈവവിളിയുടെ അനുഷ്ഠാനത്തിൽ പ്രകാശത്തിനും പ്രോത്സാഹനത്തിനുമായി ഒരുവാക്കു പറയണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് നമ്മുടെ സന്നിധിയിൽ വന്നിരിക്കുന്ന നിങ്ങളോടു നാം ഇത്രമാത്രം പറയുന്നു: നിങ്ങളുടെ പ്രവർത്തനം പ്രയോജനരഹിതമാണെന്നുള്ള ഭയംകൂടാതെ മുന്നോട്ടു പോകുക. അങ്ങേ മുന്തിരിത്തോ

ട്ടത്തിൽ ഈ പ്രത്യേകജോലി നിർവ്വഹിക്കുവാനായി ദൈവത്താൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുകയാൽ, നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം നിവൃത്തിയാക്കുവാനും സഭയുടെ വിജയത്തിനായുള്ള യത്നത്തിൽ പങ്കുവഹിക്കുവാനും ആത്മാക്കളുടെ രക്ഷയിൽ സഹകരിക്കുവാനും ഇതിനെക്കാൾ മെച്ചമായി നിങ്ങൾക്കു ചെയ്യാവുന്നതു യാതൊന്നുമില്ല. (ശേഷം അടുത്തതിൽ)

## പ്രസാധകക്കുറിപ്പുകൾ

### രാഷ്ട്രപതിയുടെ സന്ദേശം

"ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിയുടെ ആറാംവാർഷികം ആഘോഷിക്കുന്ന ഈ സുദിനത്തിൽ ലോകത്തിൻെറ പുരോഗതിക്കും നാടിൻെറ നന്മയ്ക്കുംവേണ്ടി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം. ഇതു നമ്മുടെ കർത്തവ്യവും സ്വാതന്ത്ര്യത്തിൽനിന്നു് ഉത്ഭവിക്കുന്ന ഒരവകാശവുമാകുന്നു" എന്നത്രെ ഇക്കഴിഞ്ഞ സ്വാതന്ത്ര്യദിനം പ്രമാണിച്ചു് രാഷ്ട്രപതി രാജേന്ദ്രപ്രസാദ് ഇന്ത്യൻ ജനതയ്ക്കു നൽകിയ സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

സന്ദേശം ഇപ്രകാരം തുടരുന്നു: ലോകത്തിൻെറ ആകമാനമുള്ള സുസ്ഥിതിക്കും സമാധാനത്തിനുംവേണ്ടി നാം നമ്മെത്തന്നെ സമർപ്പിക്കുവാൻപോകുന്ന ഇന്നേദിവസം സന്തോഷത്തോടും സംതൃപ്തിയോടുംകൂടി മാത്രമേ ഇന്ത്യക്കു ലോകസമാധാനത്തിനുവേണ്ടിയുള്ള അവളുടെ വിനീതയത്നങ്ങളിലേക്കു്, പ്രത്യേകിച്ചു കൊറിയായിലെ നമ്മുടെ വിജയത്തിലേക്കു്, തിരിഞ്ഞുനോക്കുവാൻ സാധിക്കു.

പാക്കിസ്ഥാനോടുള്ള ഇന്ത്യയുടെ ബന്ധം കൂടുതൽ സംതൃപ്തിക്കു് അവകാശം നൽകുന്നുണ്ടു്. രണ്ടു രാജ്യങ്ങളും തമ്മിലുള്ള ശത്രുമനോഭാവം അപ്രത്യക്ഷമായി സുസ്ഥിരമായ ഒരു ബന്ധത്തിനുള്ള സകല സാദ്ധ്യതകളും തെളിഞ്ഞുകാണുന്നുണ്ടു്. രണ്ടു രാജ്യങ്ങളും തമ്മിൽ ആരംഭിച്ചിരിക്കുന്ന സൗഹാർദ്ദസംഭാഷണങ്ങൾ വിജയത്തിൽ എത്തിച്ചേരുമെന്നു നമുക്കു പ്രതീക്ഷിക്കാം. വിജയമോ പരാജയമോ നോക്കാതെ അന്തർദ്ദേശീയപ്രശ്നങ്ങളെക്കുറിച്ചു് സമാധാനമാർഗ്ഗങ്ങളിൽക്കൂടി സൗഹാർദ്ദസംഭാഷണങ്ങൾ നടത്തുവാൻ നാം തയാറാണു്.

ഒരു യോഗക്ഷേമരാഷ്ട്രത്തിൻെറ സ്ഥാപനമാണു് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിൽ എത്രയുംവേഗം എത്തിച്ചേരുന്നതിനു് നാം ഏതുതരം യാതനകളും സഹിക്കാൻ തയാറാണു്. കർഷകൻെറയും സ്റ്റേററിൻെറയും ഇടയ്ക്കു നില്ക്കുന്നവരെ നിഷ്കാസനം ചെയ്യുന്നതിനു് പല സംസ്ഥാനങ്ങളും മുമ്പോട്ടു വന്നിട്ടുണ്ടു്. സെമീന്ദാരിസമ്പ്രദായം പലയിടത്തും നിരുത്തലാക്കിക്കഴിഞ്ഞിരിക്കുന്നു. മററു സംസ്ഥാനങ്ങൾ അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കും തൊഴിലാളിപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുവാൻ ജനപ്രതിനിധികൾ നിയമങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഈ മാസത്തിൽത്തന്നെ ഇന്ത്യൻ വിമാനക്കമ്പനികളുടെ ദേശവൽക്കരണം നടന്നുകഴിഞ്ഞിരിക്കുന്നു.

ഈ പുരോഗമനങ്ങളോടൊപ്പം ഇന്നാട്ടിൽ പട്ടിണിയും പഞ്ഞവും അജ്ഞതയുമായി കഴിഞ്ഞുകൂടുന്ന അനേകായിരങ്ങളുടെ ഉൽക്കർഷത്തിനുവേണ്ടി നാം പടിപടിയായി പണിയെടുത്തു് മുമ്പോട്ടുപോകണം. ഈ ലക്ഷ്യപ്രാപ്തിക്കായി ഓരോ പൗരനും ഗവർമ്മെൻറും അവരുടെ സകല കഴിവുകളും പ്രയോഗിക്കണം. പഞ്ചവത്സരപദ്ധതിയുടേയും കമ്മ്യൂണിററി പ്രോജക്റ്റിൻെറയും പ്രവർത്തനങ്ങൾ വളരെയധികം പുരോഗമിച്ചിട്ടുണ്ടു്. ഈ രാജ്യത്തിൻെറ നോട്ടം ഈ പദ്ധതികളുടെ വിജയത്തിലേക്കാണു്. ജനങ്ങളുടെ സഹകരണംകൊണ്ടു മാത്രമേ ഏതൊരു പദ്ധതിയും വിജയിക്കാൻപോകുന്നുള്ളുവെന്നു ഓരോ പൗരനും മനസ്സിലാക്കണം.

* * *

### രാജാജിയുടെ സന്ദേശം

"ദൈവം നമുക്കു നൽകിയിരിക്കുന്ന ശക്തികളെല്ലാം രാഷ്ട്രസേവനത്തിനായി ഏകീകരിക്കുക; ഇക്കൊല്ലത്തെ ആഗസ്റ്റ് 15 സ്വാർത്ഥതയിൽനിന്നു സഹകരണത്തിലേക്കും അസൂയയിൽനിന്നു് അറിവിലേക്കും ഉള്ള ഒരു ഹൃദയപരിവർത്തനത്തിൻെറ നാന്ദിയായിരിക്കട്ടെ" എന്നാണു മദ്രാസ് പ്രധാനമന്ത്രി രാജാജി സ്വാതന്ത്ര്യദിനം പ്രമാണിച്ചു ചെയ്ത പ്രക്ഷേപണിപ്രസംഗത്തിൽ പ്രസ്താവിച്ചതു്. രാജാജി പ്രസംഗം ഇപ്രകാരം തുടർന്നു:

അടിമത്തത്തിൽനിന്നും അപമാനത്തിൽനിന്നും നാം മോചനം പ്രാപിച്ചതിനുശേഷം ആറുകൊല്ലങ്ങൾ കടന്നുപോയി. സ്വതന്ത്രരെങ്കിലും നാം ഉറച്ചുനില്ക്കാൻ ഇനിയും പഠിച്ചിട്ടില്ല; വിനയത്തിൻെറയും സഹകരണത്തിൻെറയും അദ്ധ്വാനത്തിൻെറയും അറിവു്.

പരസ്പരം അസൂയയിലും, വിദ്വേഷത്തിലും നാം കഴിഞ്ഞുകൂടരുതു്; നമുക്കു വളരെയേറെ ജോലി ചെയ്തുതീർക്കുവാനുണ്ടു്; നമ്മൾ ദരിദ്രരാണു്; ദാരിദ്ര്യം അനേകമനേകം തിന്മകളുടെ വിളനിലമാകുന്നു. നിർദ്ധനത്വത്തെ സമ്പത്തായി മാററുവാൻ കഴിവുള്ള മന്ത്രമില്ല. നമുക്കു പരസ്പരം മോഷ്ടിക്കാനും തട്ടിയെടുക്കാനും കഴിഞ്ഞേക്കും. പക്ഷേ അതുകൊണ്ടും ധനം വർദ്ധിക്കുന്നില്ല. കഠിനാദ്ധ്വാനം ഒന്നുകൊണ്ടേ സമ്പത്തുണ്ടാകൂ; ബുദ്ധിപൂർവ്വമായ സഹകരണവും ശരണവും സ്ഥിരോത്സാഹവും അദ്ധ്വാനത്തിൻെറ തോഴരായി നിന്നുകൊള്ളട്ടെ. അവ ഐശ്വര്യത്തിൻെറ വഴികളെയും ഊടുവഴികളെയും ഒരുക്കും.

വ്യാമോഹങ്ങളെ നാം അകററിനിർത്തുക; കക്ഷിസംഘട്ടനങ്ങളിൽനിന്നു ലഭിക്കുന്ന ക്ഷണികങ്ങളായ സംതൃപ്തികളെ പരിത്യജിക്കുക.

നല്ലവരുണ്ടു് പാശ്ചാത്യരുടെ കൂട്ടത്തിൽ; അവർ നമ്മെ സഹായിക്കുന്നുണ്ടു്; പക്ഷെ അവരുടെ ഇടയിൽ ചില ചെറിയവരുമുണ്ടു്; അവർ നമ്മുടെ തെററുകളെയും കെടുതികളെയും കളിയാക്കാറുണ്ടു്. അവർ തമ്മിൽത്തമ്മിൽ പറയും "ഞങ്ങൾ പറഞ്ഞില്ലേ!" വരും തലമുറകളിലേക്കു് നാം നമ്മുടെ ചിന്തകളെ തിരിക്കുക. അമ്പതുകൊല്ലം കഴിഞ്ഞു് അവർ നാം ചെയ്ത തെററുകളുടെ നീണ്ടപട്ടിക വായിക്കും. നമ്മുടെ തെററുകളിൽനിന്നു് അവർ വിജ്ഞരായിക്കൊള്ളും. നാം നമ്മുടെ ഹൃദയങ്ങളെ വെടിപ്പാക്കണം; മൺകൂനകൾ പണിയുന്ന എറുമ്പുകളെപ്പോലെയും, തേൻകൂട്ടിലെ തേനീച്ചകളെപ്പോലെയും നമുക്കു് പണിയെടുക്കാം.

ഞാൻ ഇപ്പറയുന്നതു വെറും വാക്കുകളാണെന്നു് ചിലർക്കു തോന്നിയേക്കാം; പക്ഷെ ആത്മാർത്ഥതയോടുകൂടി, സ്വന്തം തെററുകളെ കാണുവാൻ ശ്രമിക്കുന്നവർക്ക് എൻെറ ഈ വാക്കുകൾ അർത്ഥപൂർണ്ണങ്ങളാണെന്നു് ബോദ്ധ്യമാകും. ജയ്ഹിന്ദ് എന്നു് സത്യമായി പറയുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

* * *

### പണ്ഡിററ് നെഹ്റുവിൻെറ സന്ദേശം

ലോകത്തിൽ സമാധാനം സംരക്ഷിക്കുന്നതിനു സർവ്വകഴിവും പ്രയോഗിച്ചു പ്രവർത്തനം തുടരാൻ ഇന്ത്യ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നു ആഗസ്റ്റ് 15-ാംനു- ന്യൂഡൽഹിയിലെ റെഡ്ഫോർട്ടിൽ തടിച്ചുകൂടിയിരുന്ന ജനാവലിയോടു പ്രധാനമന്ത്രി പണ്ഡിററ് നെഹ്റു പ്രസ്താവിച്ചു. ഇന്ത്യക്കു സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാഗാന്ധിയെ സ്മരിക്കുവാൻ അഭ്യർത്ഥിച്ചശേഷം പണ്ഡിററ്ജി, ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന കടമകളെപ്പററി പ്രതിപാദിച്ചു. നമുക്കു കരഗതമായ സ്വാതന്ത്ര്യം സംരക്ഷിക്കുക, സമാധാനത്തിൻെറ മാർഗ്ഗത്തിൽ പുരോഗമിക്കുക തുടങ്ങിയവയാണു് നമ്മുടെ കടമകളെന്നു അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം തുടർന്നു: "മററു രാജ്യങ്ങളുടെ കാര്യങ്ങളിലിടപെടണമെന്നു നമുക്കു് ഉദ്ദേശമില്ല. അതേസമയം മററു രാജ്യങ്ങൾ നമ്മുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നതിനെ നാം ഇഷ്ടപ്പെടുന്നില്ല." സാംസ്ഥാനികവും ജാതീയവും വർഗ്ഗീയവുമായ പരിഗണനകളെ ആധാരമാക്കിയുള്ള സമസ്ത ഭിന്നതകളും ഉപേക്ഷിക്കുവാനും ശ്രീ നെഹ്റു ഉദ്ബോധിപ്പിക്കുകയുണ്ടായി.

* * *

### ശ്രീ എ. ജെ. ജോണിൻെറ ഉദ്ബോധനം

സ്വാതന്ത്ര്യദിനം പ്രമാണിച്ചു് തിരുവനന്തപുരത്തു നടന്ന പതാകവന്ദനാവസരത്തിൽ തിരുക്കൊച്ചി മുഖ്യമന്ത്രി ശ്രീ എ. ജെ. ജോൺ ചെയ്ത പ്രസംഗത്തിൽ സ്വാതന്ത്ര്യദിനത്തെപ്പററിയുള്ള ഭാഗം പ്രത്യേകം ശ്രദ്ധാർഹമായിരിക്കുന്നു:—

"പാരതന്ത്ര്യത്തിലകപ്പെട്ടുവാനും അളവറ്റ മുള്ള ക്ലേശങ്ങളും ദുരിതങ്ങളും അനുഭവിക്കാനും നിർഭാഗ്യമുണ്ടായ ഏതു ജനതയും, തങ്ങളുടെ ചരിത്രത്തിൽ അതിവിശിഷ്ടമായി ഗണിക്കുന്നതു്, മേല്പറഞ്ഞ ദുരവസ്ഥയിൽനിന്നും മുക്തിനേടിയ സുവർണ്ണദിനത്തെയാണു്. ദേശാഭിമാനിക്കു് ഇതിനെക്കാൾ പാവനമായ ഒരു ദിവസമില്ല. ഇന്നു ഭാരതത്തിലെ വൻനഗരങ്ങളിലെന്നല്ല കുഗ്രാമങ്ങളിൽപ്പോലും യഥാർത്ഥ സ്വരാജ്യസ്നേഹികൾ ഈ ദിനം അഭിമാനത്തോടും ആഹ്ലാദത്തോടുംകൂടി ആഘോഷിക്കുന്നുണ്ടു്. മാതൃഭൂമിയെ പാരതന്ത്ര്യത്തിൽനിന്നും വിമോചിപ്പിക്കുവാൻ ആത്മാഹുതി നടത്തിയ വീരാത്മാക്കളായ രക്തസാക്ഷികളേയും നാട്ടുകാർ ഈയവസരത്തിൽ കൃതജ്ഞതാപുരസ്സരം സ്മരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ സുദിനത്തിലെ ആഹ്ലാദപ്രകടനങ്ങളെ അതിലംഘിച്ചു നിൽക്കുന്നതും നിൽക്കേണ്ടതും മേൽപ്രസ്താവിച്ച ധീരപുരുഷസ്മരണയാണു്. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ മറെറാരു ആന്തരികലക്ഷ്യത്തെപ്പററിയും നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാൻ ഈയവസരം ഉപയോഗിച്ചുകൊള്ളട്ടെ. രാഷ്ട്രീയപരാധീനതയുടെ ഏററവും അപകടകരമായ ഫലം സാമ്പത്തികമായ നിർവ്വീര്യത്വമാണു്. വളരെക്കാലം ചൂഷണത്തിനു വിധേയമാകുന്ന ഒരു രാജ്യം രാഷ്ട്രീയമായ സ്വാതന്ത്ര്യം നേടിയാലും ഉടനടി സാമ്പത്തികപരാധീനതകളിൽനിന്നും വിമോചനം സമ്പാദിക്കാനുള്ള ത്രാണി പ്രകടിപ്പിക്കുന്നില്ല. അതിനാലാണു് വിമോചനത്തിനു ഏററവും അടുത്ത അനന്തരഘട്ടങ്ങൾ പ്രായേണ ക്ലേശങ്ങളും ഉപദ്രവങ്ങളും നിറഞ്ഞവയായി കാണപ്പെടുന്നതു്. അത്തരത്തിലുള്ള ഒരു പ്രതിസന്ധിഘട്ടത്തിൽ ഒരു രാഷ്ട്രത്തിൻെറ നേട്ടങ്ങളുടെയും ചേതങ്ങളുടെയും കണക്കുകൂട്ടലിനുള്ള ഉചിതാവസരങ്ങളായും സ്വാതന്ത്ര്യദിനങ്ങൾ പരിഗണിക്കപ്പെട്ടുപോരുന്നു."

മേലുദ്ധരിച്ച പ്രസംഗങ്ങളിലെ മഹത്തായ ആശയങ്ങൾക്കു് അനുയോജ്യമായി ഇൻഡ്യൻ ജനത വർത്തിക്കുകയാണെങ്കിൽ, ഗാന്ധിജി നമുക്കു നേടിത്തന്ന സ്വാതന്ത്ര്യത്തിൻെറ അടിത്തറയിൽ ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ നിഷ്പ്രയാസം സാധിക്കുമെന്നതിനു സംശയമില്ല.

* * *

### നമ്മുടെ പതാക

ഇക്കഴിഞ്ഞ ആഗസ്റ്റ് 17-ാംനു- തിരുവനന്തപുരത്തുനിന്നും, പബ്ലിക് റിലേഷൻസ് ഡിറക്ടരുടെ പത്രാധിപത്യത്തിൽ "ദക്ഷിണസന്ദേശം" എന്ന ഒരു പ്രതിപക്ഷപത്രിക പ്രസിദ്ധീകരിച്ചുതുടങ്ങിയിട്ടുണ്ടു്. "ഗവമ്മെൻറിൻെറ നയപരിപാടികൾ വിശദീകരിച്ചു പൊതുജനങ്ങളെ മനസ്സിലാക്കുക" എന്നതാണു് ഈ പ്രസിദ്ധീകരണത്തിൻെറ പ്രധാനോദ്ദേശ്യം. 1-ാം ലക്കത്തിൽ "നമ്മുടെ പതാക" എന്ന ശീർഷകത്തിൽ ഒരു ലേഖനമുണ്ടു്. അതിൽ പതാകയിലെ വർണ്ണങ്ങളുടെ അർത്ഥം കൊടുത്തിരിക്കുന്നതു് ഏവരും ഹൃദിസ്ഥമാക്കേണ്ടതാണു്. 1947 ജൂലൈ 22-ാംനു- ശ്രീ നെഹ്റു ഭരണഘടനാനിർമ്മാണസഭയിൽ പതാക അവതരിപ്പിച്ചു് അംഗീകരിപ്പിച്ച സംഗതി പ്രസ്താവിച്ചശേഷം ലേഖനം ഇങ്ങനെ തുടരുന്നു: "ആ ത്രിവർണ്ണപതാക കുങ്കുമം, ശ്വേതം, ഹരിതകം എന്നീ വർണ്ണങ്ങളിൽ ഒരേ നീളം വീതിയിലുള്ള മൂന്നു പാളികൾ യഥാക്രമം വരുന്ന ഒരു ദീർഘചതുരമാണു്. മദ്ധ്യസ്ഥമായ വെള്ളപ്പാളിയിൽ സാരാനാഥത്തിലെ സിംഹസ്തംഭത്തിൽ കാണുന്ന അശോകചക്രം അങ്കിതം ചെയ്തിരിക്കുന്നു.

"ഡോ. രാധാകൃഷ്ണൻ പ്രസ്തുത പതാകയിലെ വർണ്ണങ്ങളെ ദാർശനികദൃഷ്ട്യാ വ്യാഖ്യാനിച്ചിട്ടുള്ളതിപ്രകാരമാണു്: കുങ്കുമം അഥവാ കാഷായവർണ്ണം ത്യാഗത്തെയും നിഷ്കാമത്തെയും കുറിക്കുന്നു. നമ്മുടെ നേതാക്കൾ ഭൗതികലാഭത്തെ തൃണവൽഗണിച്ചു് തങ്ങളുടെ കർത്തവ്യനിർവ്വഹണത്തിനു സ്വയം അർപ്പിക്കണമെന്നാണു് അതിൻെറ വ്യംഗ്യം. മദ്ധ്യസ്ഥമായ ശ്വേതവർണ്ണം നമ്മെ നയിക്കുവാനുള്ള വെളിച്ചമാണു്. ഹരിതവർണ്ണം ഭൂമിയോടുള്ള നമ്മുടെ ബന്ധത്തെ കുറിക്കുന്നു. എന്നുവെച്ചാൽ ഭൂമിയിലുള്ള സകലത്തിനും ജീവനായി നില്ക്കുന്ന സസ്യലോകത്തോടു നമുക്കുള്ള ബന്ധം. നടുവിലത്തെ അശോകചക്രം ധർമ്മനിയമചക്രമാണു്. ചക്രം ചലനത്തെ കുറിക്കുന്നു. നിശ്ചലത മരണമാണു്. ചലനത്തിലാണു് ജീവൻ."

പതാകയുടെ ഉപയോഗംസംബന്ധിച്ച നിർദ്ദേശങ്ങളും നമ്മുടെ ശ്രദ്ധയിലിരിക്കേണ്ടതാകകൊണ്ടു് അവയും പ്രസ്തുതലേഖനത്തിൽനിന്നു് ഇവിടെ പകർത്തുന്നു:

"ദേശീയപതാക ആരുടെയും ഒന്നിൻെറയും മുമ്പിൽ കുനിക്കരുതു്. മററു യാതൊരു പതാകയും ദേശീയപതാകയുടെ മുകളിലോ വലതുവശത്തോ വയ്ക്കരുതു്. ഒരേ നിരയിലാണെങ്കിൽ മറെറല്ലാ പതാകകളും ദേശീയപതാകയുടെ ഇടതുവശത്തേ വരാവൂ. കൊടികൾ ഒന്നിനുമുകളിൽ ഒന്നായി പറപ്പിക്കുന്നപക്ഷം ദേശീയപതാക എല്ലാററിലും മുകളിലായിരിക്കണം. ഒരേസ്തംഭത്തിൽ ദേശീയപതാകയും മററുപതാകകളുംപറത്തുകയാണെങ്കിൽ ഏററവും മുകളിലായിരിക്കണം ദേശീയപതാക. മററുകൊടിയുമായി ഒരുചുമരിൽ കത്രികരൂപത്തിൽ സ്ഥാപിക്കുകയാണെങ്കിൽ ദേശീയപതാക വലത്തുവശത്തും അതിൻെറ ദണ്ഡു് മറേറ പതാകാദണ്ഡിൻെറ മുകളിലും ഇരിക്കേണ്ടതാണു്.

"ഘോഷയാത്രയിലും പൊതുയോഗത്തിലും പതാക ഒരിക്കലും മുന്നിലേക്കോ വശത്തേക്കോ പിടിച്ചുകൊണ്ടു പോകരുതു്. അതു് എപ്പോഴും ഉയരത്തിൽ തടസ്സംകൂടാതെ പാറണം. ഒരു ഘോഷയാത്രയിൽ പതാക കൊണ്ടുപോകുന്നപക്ഷം ഘോഷയാത്രയുടെമുമ്പിൽ പതാകാവാഹകൻ വലതുതോളിനെ അവലംബമായി അതു ഉയർത്തിപ്പിടിച്ചുകൊള്ളണം.

"ഒരു യോഗത്തിലാണെങ്കിൽ പതാക എപ്പോഴും പ്രസംഗകൻെറ പിന്നിൽ അയാളുടെ തലയ്ക്കു വളരെ മുകളിലും മറെറല്ലാ അലങ്കാരങ്ങൾക്കും ഉപരിയായും പറത്തേണ്ടതാണു്.

"മററു പതാകകളുടെക്കൂടെ ഉയർത്തുമ്പോൾ ദേശീയപതാകയായിരിക്കണം ആദ്യം ഉയർത്തുന്നതും ഒടുവിൽ ഇറക്കുന്നതും. മററു പതാകകളുടെ സാന്നിദ്ധ്യത്തിൽ അവ ഒരിക്കലും ഇറക്കാൻ പാടില്ല. സായുധസേനകളുടെ ചടങ്ങുകളിലാണെങ്കിൽ ദേശീയപതാകയും സൈനികപതാകയും ഒരുമിച്ചു ഉയർത്തുകയും ഇറക്കുകയും ചെയ്യാം.

"ജന്നൽപടിയിൽ നിന്നോ, ബാൽക്കണിയിൽനിന്നോ മന്ദിരത്തിൻെറ മുൻഭാഗത്തുനിന്നോ നേരെയോ ചരിച്ചോ സ്ഥാപിച്ചിട്ടുള്ള ദണ്ഡിൽ ആണു് പറത്തുന്നതെങ്കിൽ പതാകയുടെ കുങ്കുമവശം മുകളിലായിരിക്കണം.

"പതാകയിൽ യാതൊരു എഴുത്തും പാടില്ല."

* * *

### ആഭാസലേഖനങ്ങൾ

കേരളയൂണിയൻ പത്രാധിപസംഘടനയുടെ ഒരു യോഗം ആഗസ്റ്റ് 16-ാംനു- കോട്ടയത്തുകൂടി പല പ്രമേയങ്ങളും പാസാക്കി. അക്കൂട്ടത്തിൽ ആഭാസലേഖനങ്ങൾ പ്രസിദ്ധംചെയ്യുന്ന മാസികകളുടെമേൽ ഗവമ്മെൻറു് നടപടി എടുക്കേണ്ടതിൻെറ ആവശ്യകത സംബന്ധിച്ചും ഒരു പ്രമേയം പാസാക്കുകയുണ്ടായി. അതിപ്രകാരമാണു്:-

ചില മാസികകൾ ആഭാസമായ ലേഖനങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനെ തടയുവാൻ യാതൊരു നടപടികളും ഗവമ്മെണ്ടു സ്വീകരിക്കുന്നില്ല എന്നു കാണുന്നതിൽ സംഘം ഖേദിക്കുന്നു. ഗവർമ്മെണ്ടു ചില മാസികകളുടെകാര്യത്തിൽ പ്രസ് അഡ്വൈസറി ബോർഡിനോടു അഭിപ്രായം ചോദിക്കുകയുണ്ടായി. ബോർഡു് ഈ മാസികകളുടെപേരിൽ നടപടി നടത്തണമെന്നു അഭിപ്രായപ്പെടുകയും ചെയ്തു. ബോർഡിൻെറ യോഗം നടന്നിട്ടു മാസങ്ങൾതന്നെ ആയെങ്കിലും ഗവർമ്മെണ്ടു ഇതിൽ യാതൊരു നടപടികളും എടുത്തുകാണുന്നില്ല. ഇതു ഈ മാസികകൾക്കു തങ്ങളുടെ സമുദായവിരുദ്ധനടപടികൾ തുടരുവാൻ മൗനാനുവാദം നൽകുകയാണെന്നു സംഘടന കരുതുന്നു. ഗവർമ്മെണ്ടിനു വേണ്ട നടപടികൾ എടുക്കണമെന്നു താ

ല്പര്യമില്ലായിരുന്നുവെങ്കിൽ ബോർഡിനെക്കൊണ്ടു ഒരു അഭിപ്രായപ്രകടനം നടത്തിക്കാതെ കഴിക്കുകയും അങ്ങനെ അവരെ ഒരു വല്ലാത്ത ബുദ്ധിമുട്ടിൽ കൊണ്ടിടാതിരിക്കുകയും ചെയ്യാമായിരുന്നു. ഗവർമ്മെണ്ടു ഇക്കാര്യത്തിൽ തുടന്നു ഒരു അലസമനോഭാവം കൈക്കൊള്ളുകയും ന്യായമായ ഒരു കാലയളവിനുള്ളിൽ നടപടികൾ ആരംഭിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ സംഘടനകളുടെ പ്രതിനിധികളെ ബോർഡിൽനിന്നും പിൻവലിക്കുവാൻ നിർബന്ധിതരാകുന്നതാണ്. ബോർഡിൽ സംഘടനയെ പ്രതിനിധീകരിക്കുന്ന മെമ്പർമാക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ സ്റ്റാൻഡിങ്ങ് കമ്മിററിയെ യോഗം അധികാരപ്പെടുത്തുന്നു.

പത്രാധിപസംഘടനയുടെ പ്രസ്തുത പ്രമേയത്തെ ആദരിച്ച് ഗവർമ്മെൻറ് നടപടികൾ ആരംഭിച്ചിരിക്കുന്നതായറിയുന്നു. ഇക്കാര്യത്തിൽ പത്രാധിപസംഘടനയും ഗവർമ്മെൻറും അഭിനന്ദനമർഹിക്കുന്നു.

## അടുത്തആഴ്ചയിൽ

ആഗസ്റ്റ്

30 ഞാ: പന്തക്കുസ്ത 14-ാം ഞായർ

31 തി: റൈമുന്തോസ്

സെപ്റ്റംബർ

1 ചൊ: എഗീദിയോസ്

2 ബു: എസ്റ്റപ്പാനോസ്

3 വ്യാ: ക്രിസ്ത്യാനികളുടെ സഹായമായ മറിയം

4 വെ: അന്നാമ്മ

5 ശ: ലൗറന്തിയോസ് യുസ്തീനി

### ജപാപ്പസ്തോലസഖ്യം

സെപ്റ്റംബർ

പൊതുനിയോഗം: സാമ്പത്തികജീവിതത്തിൽ കൂടി ദൈവനിയമം അനുസരിക്കപ്പെടുന്നതിനു്.

മിഷൻനിയോഗം: മിഷൻരാജ്യങ്ങളിൽ വ്യവസായകാർഷികതുറകളിൽ കത്തോലിക്കരായ വിദഗ്ദ്ധരെ പരിശീലനം നൽകി ഉണ്ടാക്കാൻ.

## തിരുകൊച്ചിവാർത്തകൾ

### അരി പ്രത്യേകറേഷൻ

കർക്കടകമാസത്തിൽ ഒരാൾക്കു് രണ്ടൗൺസ് അരിവീതം പ്രത്യേകറേഷൻ നൽകിയിരുന്നതു രണ്ടാഴ്ചത്തേക്കുകൂടി തുടരുവാൻ ഗവർമ്മെണ്ടു് ഉത്തരവായിരിക്കുന്നു.

### ആരോഗ്യകേന്ദ്രങ്ങൾ

ചാലക്കുടി, കുന്നത്തുനാട്ട്, നെയ്യാററിങ്കര, വിളവങ്കോട്ട് എന്നീ കമ്മ്യൂണിററി പ്രോജക്ട് കേന്ദ്രങ്ങളിൽ ഓരോന്നിലും നാലു പ്രൈമറി ഹെൽത്തു സെൻററുകളും ഓരോ സെക്കണ്ടറി ഹെൽത്തു സെൻററും ആരംഭിക്കുവാൻ ഗവമ്മെണ്ടു് അനുവദിച്ചിരിക്കുന്നു. അവയോടനുബന്ധിച്ച് ഓരോ ശിശുക്ഷേമകേന്ദ്രവുമുണ്ടായിരിക്കുന്നതാണ്.

### വധശിക്ഷനൽകി

പുല്ലുപ്പള്ളിയിൽ നടന്ന ഒരു കൊലക്കേസിൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട കേളൻ മാധവൻ എന്നയാളെ ആഗസ്റ്റ് 20-ാംനു- തിരുവനന്തപുരം സെൻട്രൽ ജയിലിൽവച്ച് തൂക്കിക്കൊന്നിരിക്കുന്നു. 1944-ൽ ഒരു രാജകീയവിളംബരംമൂലം സംസ്ഥാനത്തു് നിറുത്തലാക്കിയിരുന്ന വധശിക്ഷ ഇൻഡ്യാസംയോജനത്തെ തുടന്നു് 1951-ൽ ഇവിടെ വീണ്ടും പ്രാബല്യത്തിൽ വന്നതിനുശേഷം ആദ്യമായി നടത്തപ്പെടുന്നവധശിക്ഷയാണിതു്.

### ഹൈന്ദവസൗഹൃത സമ്മേളനം

കോട്ടയം താലൂക്കു് നായർ സമാജംഹാളിൽവച്ച് ആഗസ്റ്റ് 15-ാംനു- ഒരു ഹൈന്ദവസൗഹൃൽ സല്ലാപസമ്മേളനം നടന്നിരിക്കുന്നു. മന്ത്രിമാരായ മെ. കളത്തിൽ വേലായുധൻനായർ, കൊച്ചുകുട്ടൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, വി. മാധവൻ എന്നിവർ സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായി. മെ. മന്നത്തു പത്മനാഭൻ, പനമ്പിള്ളി, ആർ. ശങ്കർ എന്നിവർ ചെയ്ത പ്രസംഗങ്ങളിൽ ഹൈന്ദവ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ ഏതാദൃശസമ്മേളനങ്ങളിൽ ആശയവിനിമയംചെയ്തു് ഹൈന്ദവരുടെ ആവശ്യങ്ങൾ അന്യോന്യം ഗ്രഹിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ഊന്നിപ്പറയുകയുണ്ടായി.

## അറിയിപ്പ്

ഇരിഞ്ഞാലക്കുട സത്യദീപം ഏജൻറായി മി. സി. ഡി. വാറുണ്ണിയെ നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

## ഇൻഡ്യാ വാർത്തകൾ

### ഇൻഡ്യാ-പാക്കിസ്ഥാൻ ഒത്തുതീർപ്പ്

കാശ്മീർപ്രശ്നം സംബന്ധിച്ച് പ്രധാനമന്ത്രി നെഹ്റുവമായി കൂടിയാലോചന നടത്തുന്നതിലേക്കു് പാക്കിസ്ഥാൻ പ്രധാനമന്ത്രി മി. മഹമ്മദാലി ആഗസ്റ്റ് 16-ാംനു- ന്യൂഡൽഹിയിലെത്തുകയുണ്ടായല്ലോ. നാലുദിവസത്തെ കൂടിയാലോചനകൾക്കുശേഷം ആഗസ്റ്റ് 20-ാംനു- ഇരു പ്രധാനമന്ത്രിമാരും ചേന്നു് പുറപ്പെടുവിച്ച ഒരു സംയുക്തപ്രസ്സ് കമ്മ്യൂണിക്കെയിൽ, ജമ്മു-കാശ്മീരിൽ ഒരു ജനഹിതപരിശോധന നടത്തുന്നതിനും അതിലേക്കു് ഒരു അഡ്മിനിസ്ട്രേററെ അടുത്തവർഷം ഏപ്രിൽമാസാവസാനത്തോടുകൂടി നിയമിക്കുവാനും തീരുമാനിച്ചിരിക്കുന്നതായി വെളിപ്പെടുത്തിയിരിക്കുന്നു. നിഷ്പക്ഷവും നിരാക്ഷേപവുമായ വിധത്തിൽ സംസ്ഥാനമൊട്ടാകെ ഹിതപരിശോധന നടത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ അദ്ദേഹം സമപ്പിക്കുന്നതായിരിക്കും. പാക്കിസ്ഥാൻപ്രധാനമന്ത്രി ആഗസ്റ്റ് 21-ാംനു- കറാച്ചിയിലേക്കു മടങ്ങിയിരിക്കുന്നു.

### ഭക്ഷ്യനില

അരി ഒഴികെയുള്ള എല്ലാധാന്യങ്ങളുടേയും നിയന്ത്രണം നീക്കുവാൻ ഇൻഡ്യാഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നുവെന്നും അരിയുടെ കാര്യത്തിൽ കശനമല്ലാത്ത ഒരു നിയന്ത്രണം കുറച്ചുനാളത്തേക്കുകൂടി തുടരുന്നതാണെന്നും കേന്ദ്രഭക്ഷ്യമന്ത്രി മി. കിദ്വായി പ്രസ്താവിച്ചിരിക്കുന്നു. മേലിൽ അരി ഇറക്കുമതിചെയ്യാതെതന്നെ ഇന്ത്യക്കുകഴിഞ്ഞുകൂടാമെന്നും ഇറക്കുമതിചെയ്ത അരി ഇക്കൊല്ലം വിതരണം ചെയ്യേണ്ടിവന്നിട്ടില്ലെന്നും, ഗോതമ്പു് സ്റ്റോക്കു് അമിതമായി വർദ്ധിച്ചിരിക്കയാണെന്നും മന്ത്രി തുടന്നുവെളിപ്പെടുത്തി.

### കോൺ. എം. എൽ. എ.മാർ ഭരണത്തിൽ ഇടപെടരുതു

സംസ്ഥാനനിയമസഭകളിലെ കോൺഗ്രസ് മെമ്പർമാർ അവിടങ്ങളിലെ അനുദിനഭരണകാര്യങ്ങളിൽ ഇടപെടരുതെന്നു് അഖിലേന്ത്യാ കോൺഗ്രസ് കമ്മിററിയിൽനിന്നു് എല്ലാ പ്രവിശ്യാ കോൺഗ്രസ് ഘടകങ്ങൾക്കും നിർദ്ദേശംനൽകിയിരിക്കുന്നു.

## വിദേശവാർത്തകൾ

### പേർഷ്യയിൽ വിപ്ലവകരമായ ഭരണമാററം

ഡോക്ടർ മഹമ്മദ് മൊസാദക്കിൻെറ നേതൃത്വത്തിലുള്ള പേർഷ്യൻ ഗവമ്മെണ്ടിനെ അവിടത്തെ ഷാപക്ഷക്കാർ സൈനികവിപ്ലവം മുഖന പരാജയപ്പെടുത്തുകയും ആഗസ്റ്റ് 19-ാംനു- ഭരണക്കൂടം പിടിച്ചെടുക്കുകയും ചെയ്തിരിക്കുന്നു. പേർഷ്യൻ എണ്ണപ്രശ്നം സംബന്ധിച്ചും മററും ഷായും പ്രധാനമന്ത്രി മൊസാദക്കുംതമ്മിൽ നേരത്തേതന്നെ അഭിപ്രായഭിന്നതകളുണ്ടായിരുന്നതാണു്. ആഗസ്റ്റ് 16-ാംനു- ഷാപക്ഷക്കാർ പ്രത്യക്ഷമായ സൈനികവിപ്ലവമാരംഭിച്ചതോടെ ഷാ പത്നീസമേതം നാടുവിട്ടുപോകുകയാണുണ്ടായതു്. ഡോ. മൊസാദക്കിനെ ഡിസ്മിസ് ചെയ്യുകയും പകരം ജനറൽ ഫാസുള്ളാ സഹേദിയെ പ്രധാനമന്ത്രിയായി നിയമിക്കുകയും ചെയ്തശേഷമാണു് താൻ നാടുവിടുന്നതെന്നു യാത്രാമദ്ധ്യേ അദ്ദേഹം പ്രസ്താവിക്കയുണ്ടായി. വിപ്ലവം മൂർദ്ധന്യത്തിലെത്തിയതോടെ മൊസാദക്കു് ഒളിച്ചോടുകയും അദ്ദേഹത്തിൻെറ പാർശ്വവത്തികൾ ബന്ധനത്തിലാവുകയും ചെയ്തു. ജനറൽ സഹേദി പുതിയ പ്രധാനമന്ത്രിയായി ചാർജെടുത്തിരിക്കുന്നു. റോമിൽ അഭയംപ്രാപിച്ചിരുന്ന ഷാ ഇപ്പോൾ പേർഷ്യയിൽ തിരിച്ചെത്തിയിട്ടുണ്ടു്. ഒളിവിലായിരുന്ന മൊസാദക്കു് ആഗസ്റ്റ് 20-ാംനു- അറസ്റ്റുചെയ്യപ്പെട്ടു. വിപ്ലവത്തിൻെറ ഫലമായി അനേകശതം പേർ മൃതിയടയുകയും വളരെപ്പേർക്കു പരുക്കേൽക്കുകയും ചെയ്തിട്ടുള്ളതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

### മൊറോക്കോയിൽ

വടക്കു പടിഞ്ഞാറേ ആഫ്രിക്കയിലെ ഒരു ഫ്രഞ്ചധീനപ്രദേശമായ മൊറോക്കോയിലെ സുൽത്താനെ ഫ്രഞ്ചുഗവമ്മെൻറു് സ്ഥാനത്യാഗം ചെയ്യിക്കുകയും അദ്ദേഹത്തെയും രണ്ടു പുത്രന്മാരെയും രാജ്യാതിർത്തിക്കു പുറത്തുവിടുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിൻെറ പിതൃവ്യനായ 64 വയസ്സു പ്രായമുള്ള മൗലവി മുഹമ്മദ ബെൻഅഫറാ പുതിയ സുൽത്താനായി നിയമിക്കപ്പെട്ടിരിക്കുന്നു. മൊറോക്കോയിലെ ദേശീയസ്വാതന്ത്ര്യപ്രസ്ഥാനക്കാരായ പലരും അറസ്റ്റുചെയ്യപ്പെട്ടിട്ടുമുണ്ടു്.

### റഷ്യയിൽ ഹൈഡ്രജൻ ബോമ്പ് പരീക്ഷണം

ഹൈഡ്രജൻബോമ്പു രഹസ്യം അമേരിക്കയുടെ മാത്രം കുത്തകയല്ലെന്നു് റഷ്യൻ പ്രധാനമന്ത്രി മി. മലങ്കോവ് രണ്ടാഴ്ചമുമ്പു് മോസ്കോയിൽനിന്നും പ്രഖ്യാപിക്കുകയുണ്ടായല്ലോ. ഇപ്പോൾ ഒരുതരം ഹൈഡ്രജൻ ബോംമ്പ് സോവ്യററധികാരികൾ പൊട്ടിച്ചു പരീക്ഷണംനടത്തിയിരിക്കുന്നുവെന്നു് മോസ്കോയിലെ പ്രവ്ദാപത്രം പ്രസ്താവിച്ചിരിക്കുന്നു.

### റിപ്പബ്ലിക്കൻ നേതാവ്

സെനററർ ടാഫ്ററിൻെറ മരണത്തെ തുടന്നു സെനററർ വില്യം എഫ്. നോലണ്ടു് അമേരിക്കയിലെ റിപ്പബ്ലിക്കൻപാർട്ടിയുടെ പുതിയ നേതാവായി നിയമിക്കപ്പെട്ടിരിക്കുന്നു.

## വന്ദ്യതാതൻ

കണ്ടത്തിൽ മാർ ആഗുസ്തീനോസ്

(യേ ദിൽനെ മുഝ്സെ — എന്ന മട്ടു്)

ആനന്ദമാന്നുവാഴ്ത്തുനാം വന്ദ്യനാം താതനെ.
ദീനക്ക ദാനലോലനാം കന്യകാനന്ദനസ്ഥാനിയെ (ആനന്ദ...

ആദർശഭാനുമൽപ്രഭാപൂരിതാകാരനാം ധന്യനെ,
പ്രാദുർഭവിച്ച ദൈവികശാന്തിതൻ പൊന്നരിപ്രാവിനെ,
കൈകൾ കൂപ്പിയും, മെയ വഴങ്ങിയും, ഹർഷകഞ്ചുകം തഞ്ചിയും
(ആനന്ദ...

പ്രായം പട്ടത്തുയത്തിയ പാകമാം സൽഗുണശ്രേണിയാൽ
മായാത്ത വ്യക്തിമുദ്രകൾ ജീവിതഭിത്തിയിൽ ചേക്കയാൽ
എന്നുമെന്നുമീ മന്നിലങ്ങയെ സവ്വമർത്ത്യരും വാഴ്ത്തിടും (ആനന്ദ...

പാരമ്യവും കടന്നൊരാ ഭക്തിയാൽ ദധ്രനാണുത്തമൻ,
ആരമ്യവാനഗീതികൾ പാടിടും കോകിലമാണുതാൻ,
താതനാണുതാൻ, പൂതനാണുതാൻ, നാഥനും ഹയരാക്കിയിൽ
(ആനന്ദ...

നീതിക്കുവേണ്ടിയാണഹോ നിസ്തുലമാം തവ ജീവിതം
നീതിക്കഴിഞ്ഞുവച്ചതാണീ തവ ദേഹവും ദേഹിയും
നീതി അങ്ങയെന്നോതിടുന്നപോൽ അങ്ങു നീതിതാൻ നിണ്ണയം
(ആനന്ദ...

സ്നേഹാഭിരമ്യദീപ്തിദവൈദികാദ്ധ്യക്ഷവൈഡൂര്യമേ!
ഊഹാതിരിക്ത ദിവ്യത തിങ്ങിടും നിമ്മലകേന്ദ്രമേ!
വെൽക മേൽക്കുമേൽ മന്നിൽ നാൾക്കുനാൾ നിമ്മലപ്രഭാപൂണ്ണനായ് (ആനന്ദ...

(വറുഗീസ് മാളിയേക്കൽ)

## ഇടവകവാർത്തകൾ

മല്ലശ്ശേരി: അതിവർഷംമൂലം പ്രവൃത്തിരഹിതരും തന്മൂലം ദരിദ്രരുമായിത്തീന്നിട്ടുള്ള 500-ൽപ്പരമാളുകൾക്കു് വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ മൂന്നുദിവസം കഞ്ഞി നൽകുകയും അതിൽ സംബന്ധിക്കാൻ സാധിക്കാഞ്ഞ 150 ദരിദ്രകുടുംബങ്ങൾക്കു് രണ്ടുദിവസത്തെ ഭക്ഷണത്തിനുള്ള വക പണമായും ധാന്യമായും വിതരണം ചെയ്കയും ചെയ്തിരിക്കുന്നു

—മൂന്നുമുറി പള്ളിയിടവകയിലെ വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 2-ാംനു- 1500 ഓളം സാധുക്കളുടെ ഇടയിൽ അരി സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി.

—ചെവ്വൂർ: വിൻസെൻറ് ഡി പോൾ സഖ്യവാർഷികം ആഗസ്റ്റ് 9-ാംനു- വെരി റവ. ഫാ. ആൻറണി തെക്കിനിയത്തിൻെറ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. അന്നുച്ചയ്ക്കു് സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ 500 ഓളം സാധുക്കൾക്കു് അന്നദാനം ചെയ്യുകയുമുണ്ടായി.

—തലയോലപ്പറമ്പ്: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ 5-ാമതു വാർഷികം ബ്രദർ സി. വി. ജേക്കബ് ബി. എസ്‌സി. ബി. എൽ. ൻെറ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ബ്ര. ഡേവിഡ് മഹാപിള്ള പ്രസംഗിച്ചു.

—പുതുവേലി: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ 50-ൽപ്പരം സാധുക്കൾക്കു് ഭക്ഷണം നൽകിയിരിക്കുന്നു.

—ഒല്ലൂർ: വിൻസെൻറ് ഡി പോൾ പൂവർ ഡിസ്പൻസറിയുടെ രണ്ടാം വാർഷികം പ്രമാണിച്ച് 275 സാധുകുടുംബങ്ങൾക്കു് ഒരുദിവസത്തെ സൗജന്യറേഷൻ നൽകിയിരിക്കുന്നു. ഒല്ലൂർ പള്ളിയിൽ വിവിധസംഘങ്ങൾ നിക്ഷേപിച്ചിട്ടുള്ള ഫണ്ടുകളുടെ ആദായംകൊണ്ടു 100 ദരിദ്രക്കു് വസ്ത്രവും 450 പേക്കു് പണസഹായവും നൽകിയിരിക്കുന്നതായുമറിയുന്നു.

—എടത്തുരുത്തി: സെൻറ് സെബാസ്റ്റ്യൻസ് ക്ലബിൻെറ ആഭിമുഖ്യത്തിൽ "യേശുവിൻ കുരിശുമരണം" എന്ന ചരിത്രം അഭിനയിക്കപ്പെട്ടിരിക്കുന്നു.

—അങ്കമാലി: വിൻസെൻഷൻ കോൺഗ്രിഗേഷൻെറ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നിരിക്കുന്നു. വെരി റവ. ഫാ. ജോർജ്ജ് മണ്ണാറ പുതിയ സുപ്പീരിയർ ജനറലും റൈററ് റവ. മോൺ. തോമസ് നെടുങ്കല്ലേൽ, റവ. ഫാ. ജേക്കബ് കല്ലറയ്ക്കൽ എന്നിവർ ആലോചനാസംഘാംഗങ്ങളും റവ. ഫാ. ആൻറണി പവ്വത്തിൽ അഡ്മോനിററുമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—ചേപ്പുംപാറ ചെറുപുഷ്പമിഷൻലീഗിൻെറ ഒരു പ്രചരണയോഗം റവ. ഫാ. ജോസഫ് ഏററുമാനൂക്കാരൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മി. കെ. കെ. ജോൺ ബി. എസ്‌സി. പ്രസംഗിച്ചു.

—വടുതല: ആഗസ്റ്റ് 9-ാംനു- ശ്രീ പി. എക്സ്. സെബാസ്റ്റ്യൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് സൊഡാലിററിയുടെ അടുത്തകൊല്ലത്തെ ഭാരവാഹികളെ തിരഞ്ഞെടുത്തിരിക്കുന്നു.

—പള്ളുരുത്തി: വിൻസെൻറ് ഡി പോൾ സഖ്യം സെൻറ് സെബാസ്റ്റ്യൻസ് കോൺഫറൻസിൻെറ ദ്വിതീയവാർഷികം ആഗസ്റ്റ് 15-ാംനു- റവ. ഡോ. ജോസഫ്. പാറേക്കാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മിസ്സിസ് മേരി ജേക്കബ് എം. എ. എൽ എൽ. ബി. ബി. ടി. പ്രസംഗിച്ചു. രാത്രി കെ. കെ. തോമസ് & പാർട്ടിയുടെ കഥാകാലക്ഷേപവുമുണ്ടായിരുന്നു.

—മല്ലശ്ശേരി: മരിയാസഖ്യം, മാതൃസംഘം, മിഷൻലീഗ്, ഗ്രന്ഥാലയം, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം ആഗസ്റ്റ് 15-ാംനു- റവ. ഫാ. അഡോൾഫ് സി ഡി. യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു.

—ചിറാട്ടുകര: മരിയാസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15-ാംനു- ചേന്ന പൊതുയോഗത്തിൽ റവ. ഫാ. റജിനോൾഡ് സി. ഡി. ഒരു പ്രസംഗം ചെയ്തു.

ചെറുകഥ

# വയലാറിൻെറ നേട്ടം

(ചാരുമ്മൂട്ട്)



മണി നാലു കഴിഞ്ഞിരിക്കും, ഞാൻ വെളിയിലെവിടെയോ പോയിട്ടു വരികയായിരുന്നു. വേഷം മാറി. ആ "മടിയൻ"കസേരയിലിരുന്നു. എൻെറ ഭാര്യ—സൂസി—കാഫിയുമായി വന്നു. കാഫി കുടിക്കുന്നതിനിടയിൽ സൂസി പറഞ്ഞു: "പിന്നേയ് ഇന്നു നമുക്കൊരു സുദിനമാണു്." "ങ്ഉം?" "ഇന്നെനിക്കൊരു സമ്പാദ്യം കിട്ടിയ ദിവസമാണു്." "സമ്പാദ്യമോ?" "ആങ്, സമ്പാദ്യംതന്നെ." "എന്താ, എന്താണ്ടു നിധി കിട്ടിയോ?" "നിധി തന്നെ, നിധി. വല്ലവരുടേയും നേട്ടം ചുളുവിൽ കിട്ടുന്നതാണല്ലോ നിധി." "കാര്യം പറയൂ, കാര്യം." "എനിക്കു കിട്ടിയതു് ഒരു നേട്ടംതന്നെയാണു്; "വയലാറിൻെറ നേട്ടം." "വയലാറിൻെറ നേട്ടമോ?" "അതിലൊരാംശം." "ഇനിയുമവിടെ എന്തു നേടാൻ? നേടാനുള്ളതൊക്കെ സഖാക്കൾ നേടിയില്ലേ?" "സഖാക്കളുടെ നേട്ടത്തിലൊരംശം."

അതേ!—അവർ രണ്ടുപേരും, എൻെറ ഭാര്യക്കു കിട്ടിയ നിധി.

അസ്ഥിയും തൊലിയുമായി ശേഷിച്ച ഒരു തള്ള. കീറിപ്പറിഞ്ഞു കഷ്ടിച്ചുപോലും നഗ്നതമറയ്ക്കാനാകാത്ത വസ്ത്രം. കരുക്കുകിടന്നുണങ്ങിയ പായലിനെപ്പററി സ്മരണയുണ്ടാകാവുന്ന തലമുടി. എന്തെല്ലാമോ ചുരുട്ടിക്കെട്ടിയ ഒരു പഴന്തുണിപ്പൊതി. ആ പൊതിക്കുമേൽ കമഴ്ത്തിയ ഒരു മൺചട്ടി. അതങ്ങനെ ഇടതുവശം ചേർത്തു പിടിച്ചിട്ടുണ്ടു്. അതിനൊരു താങ്ങായിക്കൂടി മടങ്ങിയിരിക്കുന്ന കൈത്തണ്ടിൽ തൂങ്ങിയിഴയുന്ന ഒരു കുട്ടി. ആ രണ്ടു ജീവിതത്തിൻെറ താങ്ങാണു വലതുകൈയിലിരിക്കുന്ന ഉണങ്ങിയ മടൽപ്പൊളി.

മഞ്ഞച്ചേറു ചെമ്പിച്ച എന്താനും തലമുടി. വിളറി ശുഷ്കിച്ച മുഖം. കുഴിഞ്ഞ കണ്ണു്, ഒട്ടിയ കവിൾത്തടം. വാരിയെല്ലുകൾക്കിടയിലേക്കു തൊലി കുഴിഞ്ഞിറങ്ങിയെഴുന്ന അസ്ഥികൂടം. ഈറക്കുഴൽകണക്കുള്ള കാൽകരങ്ങൾ. അതേ—അതാണവളുടെ കുട്ടി. ഇങ്ങനെ ഈ കോലങ്ങളെ രണ്ടുദിവസം മുൻപു് ആ പ്രദേശത്തു കണ്ടതായി പിന്നീടു ഞാനോർത്തു. ഇതാ ഇപ്പോൾ എൻെറ ഭാര്യക്കു നിധിയായി കിട്ടിയിരിക്കുന്നു.

* * *

ചുട്ടുപൊള്ളുന്ന അന്തരീക്ഷം. വെളിയിലേക്കു നോക്കുവാൻ പോലും മേലാ. അങ്ങകലെ, കമ്മ്യൂണിസത്തിൻെറ വ്യാമോഹിപ്പിക്കൽപോലെ മരുമരീചിക—തുള്ളുന്ന വെയിൽ. നമ്മുടെ ചോരതിന്നു നമ്മുടെ വീട്ടിൽ സർവ്വവിധ സുഖസൗകര്യങ്ങളോടും സ്വാതന്ത്ര്യത്തോടുംകൂടി ജീവിച്ചവൻ, നമ്മുടെ സാന്നിദ്ധ്യത്തിൽത്തന്നെ നമുക്കും സത്യത്തിനും വിരോധമായി കോടതിയിൽ മൊഴികൊടുത്താൽ നമുക്കുണ്ടാകാവുന്ന ഒരനുഭവവിശേഷമാണു് അപ്പോഴത്തെ പ്രകൃതി നൽകിക്കൊണ്ടിരുന്നതു്. ആരും തണൽ തേടുന്ന ഒരു സന്ദർഭം. പടിഞ്ഞാറുവശത്തെ വയലിൽനിന്നും മന്ദപവനനെ പ്രതീക്ഷിച്ചു്, അന്തഃകരണത്തിൻെറ മുൻപിൽ തലകുനിക്കാനാവശ്യമില്ലാത്തവൻെറ ആത്മസംതൃപ്തിയോടുകൂടി, പടിഞ്ഞാറുവശത്തെ വരാന്തയിൽ കിടന്ന ആ "മടിയൻ"കസേരയിൽ ഒരു പത്രവും നോക്കി ഞാൻ കിടപ്പായി. അപ്പോൾ അടുത്ത മുറിയിൽ എൻെറ ഭാര്യ ആ തോഴിയുമായി സംഭാഷണമാണു്:—

"എങ്ങനേം എൻെറ ചെറുക്കൻ ഒന്നു കീയക്കീയ മാറിക്കൊള്ളട്ടെ! ദൈവം അവനെ ആയുസ്സോടെ തരുമെങ്കിൽ അവൻ ഈ മഹാപാപികളോടു പകരം ചോദിച്ചുകൊള്ളും."

"എങ്ങനെ പകരംചോദിക്കുമെന്നാ നീ പറയുന്നതു്?"

"എൻറമ്മച്ചീ, അവന്മാരെ എൻെറ കണ്ണിലൊന്നു കണ്ടിരുന്നെങ്കി—ഒററക്കോതിനു ഞാനവന്മാരുടെ കഥ കഴിച്ചേനേം."

"ആങ്, അങ്ങനാണു പകരം ചോദിക്കുന്നതു്, അല്ലേ? അതു തെററാണു്. അങ്ങനല്ല."

"അല്ലമ്മച്ചീ, ഏവന്മാരു കേറിയെറങ്ങിനടന്നു് എത്ര കുഞ്ഞുങ്ങളെ തന്തയില്ലാത്തവരും, എത്ര പാവപ്പെട്ട പെണ്ണുങ്ങളെ ഭർത്താവില്ലാത്തോരുമാക്കീന്നാ അമ്മച്ചി വിചാരിക്കുന്നെ? ഏവന്മാക്കെന്താ കാര്യം സാധിച്ചു? ചതിക്കയെല്ലാരുന്നോ ഈ കൊട്ടം പാതകികൾ ചെയ്തതു്?"

"കാര്യം അതു ശരിയാണെങ്കിലും, ആ തിന്മയെ അതുപോലുള്ള മറെറാരു തിന്മകൊണ്ടു ജയിക്കാമെന്നു വിചാരിക്കുന്നതു നന്നല്ല. അതു സാധിക്കയില്ല. തിന്മയാൽ തിന്മയെ ജയിക്കാൻ കഴികയില്ല. ഭള്ളുപറയുന്നവനെ അങ്ങോട്ടും പറഞ്ഞാൽ ആ വാക്സമരം വാശിയും വഴക്കുമായി വർദ്ധിക്കയേയുള്ളു. അതുപോലെ ഇങ്ങോട്ടു തല്ലുന്നവനെ അങ്ങോട്ടു തല്ലിയാലും. അതുകൊണ്ടു നാശവും സമാധാനമില്ലായ്മയും വളരുകയേയുള്ളു. സമാധാനമല്ലേ ആരും ആഗ്രഹിക്കുന്നതു്?"

"അമ്മച്ചീ, എല്ലാ നാശവും വരുത്തിവെച്ചിട്ടു് ഇവന്മാരു മണ്ടിക്കളയുകയല്ല്യോ ചെയ്തതു! ഈ നേതാക്കന്മാരിലൊരുത്തനെങ്കിലും തുലഞ്ഞോ? ചത്തതൊക്കെ ആരു? പോകട്ടെ, ഈ നേതാക്കന്മാരിലാർക്കെങ്കിലും ഒരു ചെറിയ മുറിവെങ്കിലും പററിയോ? ഇല്ലമ്മച്ചീ, ഇല്ല. അപ്പോഴെന്തൊരു വലിയ ചതിവാണിവന്മാരു ചെയ്തതെന്നോക്കണം!"

"എന്നാലും അവരോടു ക്ഷമിക്കയും, അവർക്കു നല്ലബുദ്ധി ഉണ്ടാവാൻ ശ്രമിക്കയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആണു് നാം ചെയ്യേണ്ടതു്. അവരുടെ മനസ്സിനാണു മാററം വരേണ്ടതു്. അപ്പോൾ ഈ ഘാതകത്വം ഇനിയും ആവർത്തിക്കപ്പെടാതിരിക്കും."

"അമ്മച്ചീ, എങ്ങനെ പറയാതിരിക്കും! ഞങ്ങളിവിടെവന്നു പററിയതു ഞങ്ങടെ ഭാഗ്യം! അതുകൊണ്ടെൻെറ കുഞ്ഞും ഞാനും ഇന്നു ജീവിക്കുന്നു. ഞങ്ങൾ മരിച്ചുകൊണ്ടിരിക്കയായിരുന്നമ്മച്ചീ! അതു ഞങ്ങൾക്കു നല്ലവണ്ണമറിയാം."

"എൻെറ അഭിപ്രായത്തിൽ അന്നാട്ടിലെ പെണ്ണുങ്ങൾക്കു് ഈ കാര്യത്തിൽ വലിയ മണ്ടത്തരമാണു പററിയതു്."

"അമ്മച്ചീ, അതിൽ പെണ്ണുങ്ങളേം കുഞ്ഞുങ്ങളേം കുററം പറയരുതു്. ഈ ഗ്രഹപ്പിഴയ്ക്കുള്ള ഒരുക്കം ഇന്നും ഇന്നലേം ഒന്നും തുടങ്ങിയതല്ല. അവന്മാരു വളരെയൊക്കെ കരുതിക്കൂട്ടിക്കൊണ്ടാണാരംഭിച്ചതു്. വളരെ മുമ്പുമുതലേ അവന്മാരോരോ നാശം തുടങ്ങി. ആ ദേശത്തു് ആകപ്പാടെ നാലഞ്ചു വീടൊഴിച്ചാൽ ബാക്കിയുള്ള വീടൊക്കെ പുലത്തുന്നതു് വാസ്തവത്തിൽ പെണ്ണുങ്ങളാണു്. വല്ല, മുണ്ടോ തുണിയോ, വല്ലപ്പോഴുമൊരിക്കൽ റേഷനോ വാങ്ങിക്കാനും; സിനിമേം നാടകോം കാണാനുമേ ആണുങ്ങടെ പണംകൊണ്ടു സാധ്യമൊള്ളു. പിന്നവക്കെന്തുമാത്രമാ മറുചെലവു്! ഈ പാർട്ടിക്കാര്യത്തിനു തന്നെ എന്തുമാത്രം പണമാണമ്മാ ഓരോ സഖാവും കൊടുക്കുന്നെ! വല്ല കണക്കുമൊണ്ടോ? ഒരു കണക്കുമില്ല. ഒട്ടു ചോദിക്കേം വേണ്ടാ.

"രാവിലെ പൊതിച്ചതൊണ്ടു കയറാക്കി വൈകുന്നേരം ഞങ്ങൾ അങ്ങാടീയിൽ വില്ക്കും. മരക്കെഴങ്ങും റേഷനും തേയിലപ്പൊടീയുമായി അന്നതു വീട്ടിലെത്തിയെങ്കിലേ അത്താഴമൊള്ളു. ആ പണി മുട്ടിയതല്ല്യോ അമ്മച്ചീ, ഒള്ളതിലൊക്കെ നാശമായതു്."

"ങ്ഉം, അതെങ്ങനെ പററി?"

"ഇങ്ങനോരോന്നു പറഞ്ഞാലെന്തുമാത്രമാണമ്മച്ചീ!"

"നമുക്കു സമയമുണ്ടല്ലോ, പറയാം."

"നീ കാഫിക്കു വെള്ളം അടുപ്പിലോട്ടു വെച്ചിട്ടുവാ. പിന്നെ ബാക്കി കഥ പറഞ്ഞാൽ മതി."

* * *

"ആലപ്പുഴ കയററാഫീസിൽ നെയ്തുകൊണ്ടിരുന്ന ഞങ്ങടെ നാട്ടുകാരിൽ ചിലർ തിരികെ വന്നു് നാട്ടിൽ ഓരോ തറി ഇട്ടു. ഒന്നു്, രണ്ടു്, മൂന്നു് എന്നിങ്ങനെ ആയപ്പം അതിനൊരു കെട്ടിടം, കൂടുതൽ നെയ്ത്തുകാർ എന്നൊക്കെയായി. അപ്പോഴേക്കും സഖാക്കളും സംഘടനയുമൊക്കെ കുറേശ്ശെ തലപൊക്കി. കൊച്ചുകൊച്ചു മുതലാളിമാർ, കൊച്ചുകൊച്ചാഫീസുകളും. ഓരോ നെയ്ത്തുശാലകളുടെയും ഉടമസ്ഥന്മാരെ മുതലാളികളെന്നു മുദ്രയടിച്ചു. അവരാരുംതന്നെ ഈ നെയ്ത്തുതൊഴിലാളികളേക്കാൾ പറയത്തക്ക ഒരു വ്യത്യാസത്തിലും എത്തിയവരുമല്ല. എങ്കിലും മുതലാളിമാർ! ആ ഫാക്ടറികളിലൊക്കെ മുറയ്ക്കുമുറയ്ക്കു പണിമുടക്കായി. സത്യഗ്രഹമായി. ആ ഫാക്ടറി ഉടമകൾക്കു വല്ലവിധേനയും ഈ ഏടാകൂടത്തീന്നു തലവലിച്ചാ മതിയെന്നായി. അങ്ങനെ നാട്ടിലവിടവിടെ നടന്നിരുന്ന കൊച്ചുകൊച്ചു ഫാക്ടറികളെല്ലാം നിന്നു. ക്രമത്തിനാ കെട്ടിടങ്ങളും തറികളുംകൂടി നശിച്ചു. പാവപ്പെട്ട പെണ്ണുങ്ങൾ വീട്ടിൽ കത്തിയിരുന്നു അത്താഴത്തിനുണ്ടാക്കുന്ന പണി അങ്ങനെ നശിച്ചപ്പം കാര്യംകൊക്കെ കുഴഞ്ഞു. ഈ അത്താഴംമുട്ടിക്കലാണമ്മച്ചീ, ഇവന്മാരുടെ കുരുക്കിലേക്കും വലിയ കുരുക്കു്.

"മറെറാന്നാണെങ്കി, നാട്ടിലേ ചൊവ്വുള്ളോരുടെ വേഷംകെട്ടി ഇവന്മാരു രാത്രി നാടകം നടത്തുക. കോമാളിവേഷം കെട്ടൽ. നാട്ടിലേ പ്രമാണികളെ ആക്ഷേപിച്ചു് ദിവസോം രാത്രി വേഷംകെട്ടുക. കാണാനാളുകൂട്ടുക. കൂക്കലും വിളികളും കോലാഹലങ്ങളും. അവരിൽ പലരും മാന്യന്മാരും വളരെ നല്ലവരുമാണു്. എങ്കിലും ആ നാട്ടിലെ പാവങ്ങളെയും അവരെയുംതമ്മിൽ അകററി.

"ഇനി മറെറാന്നു്, ഓരോതരം തൊഴിലുകാരേയും പ്രത്യേകം സംഘടിപ്പിച്ചു് ആ തൊഴിലുകളൊക്കെ മുടക്കുകയും അലങ്കോലപ്പെടുത്തുകയും. തെങ്ങുകേററം, തേങ്ങാവെട്ടു്, കൃഷിപ്പണി മുതലായവയൊക്കെ അങ്ങനെ നേരാംവണ്ണം നടക്കാതായി. അന്നാട്ടിലെ പാവപ്പെട്ടവർക്കു വേണ്ടതൊക്കെ ചെയ്തുകൊണ്ടിരുന്ന വസ്തുവുടമകളുമായി അവരെ അകററി. തമ്മിൽ ശത്രുക്കളാക്കി. ഇങ്ങനെ ഓരോവിധത്തിലുള്ള കുഴപ്പം നാടടക്കം വരുത്തിവെച്ചു.

"ഈ സന്ദർഭത്തിലാണു് പട്ടാളത്തിൽ ചേർന്നവരൊക്കെ തിരിച്ചുവന്നതു്. അവർക്കാണെങ്കിൽ ജോലിയേയില്ല. ദെവസോം ദെവസോം സംഘംകൂടൽതന്നെ, സംഘംകൂടൽ. എത്രയെത്ര സംഘങ്ങൾ! അവിടേം ഇവിടേം, അവിടേം ഇവിടേം എല്ലാം സംഘം. കൂടിയാലോചന. പിന്നോരോ സംഘത്തിലേം നേതാക്കന്മാരൊരു കൂടിയാലോചന. പിന്നതിലുംമേലത്തേ നേതാക്കന്മാരുടെ. എൻറപ്പാ, എന്തോ പറയാനാ.

"എന്തോ നാശം ഉണ്ടാകാനൊള്ള ലക്ഷണമാണെന്നെനിക്കൊരു തോന്നൽ. കോളുകണ്ടേൽ പെയ്യുകമെന്നാക്കാ തോന്നാത്തതു?

"ഇക്കൂട്ടത്തീന്നൊക്കെ ഒഴിഞ്ഞു നിക്കണേന്നു ഞാൻ കാലുപിടിച്ചപേക്ഷിച്ചു. കേൾക്കുമോ? പറകയാ: "ഈ കഷ്ടാവസ്ഥകൾക്കൊക്കെ മാററംവരുത്തണം. അതിനു വെറുതേയിരുന്നാൽ പററുകില്ല." കാര്യം ഒക്കെ ഏതാണ്ടെനിക്കും മനസ്സിലായി. കുഴപ്പമായെന്നു ഞാൻ നിശ്ചയിച്ചു. പെൺപൂത്തിയല്ല്യോ അമ്മച്ചീ! എങ്കിലും വെറുതേ ഞാനങ്ങു പറഞ്ഞുപോയി, "പട്ടാളം വെടിവയ്ക്കത്തില്യോ" എന്നു്. എൻറമ്മച്ചീ, ഇന്നതോർക്കുമ്പം!—എങ്കിലും ഈ കരിനാക്കു!—എന്നിട്ടു പറകയാ: "ഇല്ല. പട്ടാളം വെടിവയ്ക്കത്തില്ല. ഭയപ്പെടുത്തുകേയുള്ളു" എന്നു്. അതിലൊന്നും ഭയപ്പെട്ടുപോകതുപോലും! ഒരു വേള വെടിവെച്ചാൽത്തന്നെയും മുതിരയിട്ടാണുപോലും വെടിവെക്കുന്നതു്. "ആരും ചാകയില്ല. ഒരു മുറിവുപോലും ഉണ്ടാകയുമില്ല. ഞങ്ങളാണെങ്കി വാരിക്കുന്തം ഉണ്ടാക്കിയിട്ടുണ്ടു്. ആളൊന്നുക്കോരോ വാരിക്കുന്തവും, എല്ലാവരുടേം കൈയിൽ മുളകുപൊടിയും! പട്ടാളം അടുത്തുവരുമ്പോൾ മുളകുപൊടി വാരി അവരുടെ കണ്ണിലെറിയും. അവർക്കു കണ്ണുകാണാതാകും. അത്തക്കത്തിനു വാരിക്കുന്തംകൊണ്ടു കഥയുംകഴിക്കും. പട്ടാളം നശിച്ചാൽ ഞങ്ങൾ നാടു പിടിച്ചടക്കും. ജന്മികളെയും മുതലാളികളെയും ഇല്ലാതാക്കും. ബാങ്കുകളും ഖജനാവുകളും കൈക്കലാക്കും. പിന്നെ നമുക്കു ജീവിക്കാൻ ഒരു പ്രയാസവും ഇല്ല. എല്ലാവർക്കും ജീവിക്കാനുള്ളവകകൾ അങ്ങനുണ്ടാകും. ആരാണു നശിക്കുന്നതു്? മുതലാളികളും ജന്മികളും. തൊഴിലാളികളുടേതായ ഒരു ഗവർമ്മെൻറു ഞങ്ങളുണ്ടാക്കും." ഇങ്ങനൊക്കെ സമരപദ്ധതി എനിക്കു വിവരിച്ചുതന്നു. സത്യംപറയാമമ്മച്ചീ, ഞാനന്തംവിട്ടുപോയി. ഞാൻ പറഞ്ഞു, എനിക്കു തോന്നുന്നില്ല, ഇങ്ങനൊക്കെ ജയിക്കാമെന്നു്.

"മണ്ടീ, നിനക്കെന്തറിയാം? റഷ്യയിൽ ഇങ്ങനൊരു വിപ്ലവമുണ്ടാക്കിയാണു് സഖാവു ലെനിൻ അധികാരം പിടിച്ചെടുത്തതു്."

"എൻറമ്മച്ചീ, എന്തോന്നു പറയാനാ! ഓരോന്നോർക്കുമ്പം ഇന്നു ഞാനങ്ങു തകരുകയാ. ഞാനെന്തുമാത്രം തീതിന്നു! ഇനീം എന്തു തിന്നാലൊക്കും! അതുപോലൊരാളെക്കാണാൻ വിഷമമാണമ്മച്ചീ! ഇത്രേം സ്നേഹമൊള്ള ഒരുത്തനേ ആണുങ്ങടെ കൂട്ടത്തിൽ കാണത്തില്ല. കൂട്ടുകാരുമൊത്തു ഫാക്ടറീന്നു് വരുന്നതും, രാത്രി വളരെ ഇരുട്ടിയശേഷം പാർട്ടി മീററിംഗു് കഴിഞ്ഞു് വരുന്നതും, ഹാ! എൻറമ്മച്ചീ, ആളിനെ ഒന്നു കാണേണ്ടതുതന്നാ.

"എനിക്കാണെങ്കിൽ ആരെല്ലാം സംബന്ധം ആലോചിച്ചതാണെന്നറിയാമോ! അതിനു നടന്ന ഒരു വാശി! ആരൊ ഒക്കെയായിട്ടൊരു തല്ലു്! പിന്നതിനൊരു കേസ്സു്. അങ്ങനെ എന്തെല്ലാം! ഒടുക്കം അങ്ങേരു പിടിച്ചടംതന്നെ നേടി. എന്തിനമ്മച്ചീ, ഇതൊക്കെ പറേന്നു! എൻെറ വിധി. കൂട്ടുകാരുടെ ഒരു നേതാവാരുന്നമ്മച്ചീ. ജോലിചെയ്യാനാണെങ്കിലോ? മുതലാളിമാരൊന്നും നേരെനിന്നൊന്നും പറകയില്ലമ്മച്ചീ. ഏതാണ്ടു പറഞ്ഞു രണ്ടാമത്തതിനു് ആലപ്പുഴെ രണ്ടാംമുതലാളി ഒരു സായ്പിൻെറ ചെകിട്ടിനൊരെണ്ണം അങ്ങിട്ടുകൊടുത്തു. സർപ്പെൻഡു ചെയ്തു. വിട്ടോ! പിക്കററും സത്യഗ്രഹമായി. കൂട്ടംപണിമുടക്കായി. ഒടുക്കം തിരിച്ചെടുത്തേന്നേ. ആ ക്രൂബായും ഒക്കെ ഇട്ടു വരുന്ന കണ്ടാ, ഒരു വലിയ ഉദ്യോഗസ്ഥനാണെന്നല്ലാതാരും പറകില്ല. സികർട്ടല്ലാതെ, വീടിവലിച്ചു ഞാങ്കണ്ടിട്ടില്ല.

"രാവിലേ വീട്ടിന്നങ്ങെറങ്ങും. ചായക്കടേന്നു നല്ല ഒരു പാറാങ്ങുപാറും. ഉച്ചയ്ക്കു ചെലപ്പം വീട്ടിവന്നേ ഉണ്ണൂ. ചെലപ്പഴൊട്ടലിന്നങ്ങുണ്ണും. എൻറമ്മച്ചീ, ഒരു നാടകമൊണ്ടെങ്കി. അങ്ങേരററത്തെ കസേരേടെടിക്കുറോ എ



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. ഒ. തോമസ്, മൂക്കന്നൂർ


## നാഗപ്പുഴപള്ളിയിൽ
# എട്ടുനോമ്പ്

സെപറംബർ 1-ാംനു- (ചിങ്ങം 16-ാംനു-)

**ചൊവ്വാഴ്ച കാലത്തു് ആരംഭിക്കും**

പതിവുപോലെ ആദ്യദിവസംമുതൽ ധ്യാനം ഉണ്ടായിരിക്കും.

എന്നു്. വികാരി

ട്ടുക്കു. ഞങ്ങളൊന്നിച്ചു കസേരേ പോയിരുന്നു നാടകോം സിനിമോം ഒക്കെ കാണും. ആരെല്ലാമാ അവിടട്ടത്തൊക്കെ ഇരിക്കുന്നെ? ഒരു സിനിമയെങ്കിലും ഞങ്ങൾ കാണാത്തതില്ല. ഓരോന്നോർക്കുമ്പം! എൻെറ ദൈവമേ, അക്കൂടെ വെടികൊണ്ടെൻെറ കഥേമങ്ങു കഴിഞ്ഞില്ലല്ലോന്നുതോന്നിപ്പോവാ. ഇക്കുഞ്ഞിനേ ഓത്താണമ്മച്ചീ, എങ്ങനേം ജീവിക്കണമെന്നു ഞാൻ നിശ്ചയിച്ചതു്.

"എൻെറമ്മച്ചീ, ജീവംപോയപ്പം തൊള്ളിവെള്ളം തൊട്ടു നാവിലൊഴിച്ചു കൊടുക്കാനെനിക്കൊത്തില്ലല്ലോന്നോർക്കുമ്പം! — അയ്യോ; എൻെറ ദൈവമേ!-

"ഇക്കുഞ്ഞിനെ കൈയിലെടുത്തു പൊക്കിപ്പിടിച്ചുകൊണ്ടു പറയുമാരുന്നമ്മച്ചീ, രാജ്യംഭരിക്കാനൊള്ള മോനാ, എൻെറ മോനെന്നു്. രാത്രി എത്രൊക്കെ ഇരുട്ടിവന്നാലും പൊതിഞ്ഞുകെട്ടിക്കൊണ്ടുവരുന്ന പലാരം തീററിച്ചു കൊച്ചുവത്താനം കൊറേ പറേപ്പിച്ചേ അങ്ങത്തൊള്ളു. പിന്നെ മോൻ അപ്പൻെറട്ടത്തേ കെടക്കൊറങ്ങു.

"ഒന്നോർക്കുമ്പം ചതിവുപററിയതാ അമ്മച്ചീ, ആളൊരു ശുദ്ധ പാവമാരുന്നു. പറഞ്ഞെളക്കിയാലങ്ങെളകും. അവന്മാരു ചതിച്ചതല്ല്യോ, ചതിച്ചതു്! അയ്യോ! ചതി! എന്തൊരു വഞ്ചതി!!

"ഇവിടെവന്നു കേറിയതുകൊണ്ടു ഞങ്ങളു രക്ഷപെട്ടു. എത്രെണ്ണം വഴിയാധാരമായി! എത്രെണ്ണം ഓരോവിധത്തിൽ ചാകാതെ ചത്തു. അയ്യോ! ഓമനക്കുഞ്ഞുങ്ങൾ! അവത്തുങ്ങളേയല്ല്യോ അമ്മച്ചീ, ഇവന്മാരു ചതിച്ചേ! എവന്മാർക്കു കൊണംപിടിക്കത്തില്ലമ്മച്ചീ! അക്കൂട്ടത്തിലാരെങ്കിലുമൊക്കെ എങ്ങനേം വളന്നുവരുമമ്മച്ചീ! അമ്മച്ചീ എന്തൊക്കെപറഞ്ഞാലും അവത്തുങ്ങളു എവന്മാരെ വെറുതേവിടുമോ? അവത്തുങ്ങളുടെ തന്തമാരന്വേഷിച്ചുകൊടുത്തു് അതുങ്ങൾ തുള്ളിച്ചാടിക്കളിച്ചു സന്തോഷിച്ചു പഠിച്ചു വളരേണ്ടതല്ല്യോ! എന്തൊരു നരകമാണമ്മച്ചീ, ഈ ചോരക്കുഞ്ഞുങ്ങൾ ഇന്നനുഭവിക്കുന്നതു്! ഇന്നാണെങ്കിൽ അതുങ്ങളും അതുങ്ങടെ തള്ളമാരും കാണുന്നവരുടെ മുമ്പിലൊക്കെ ചിരട്ടനീട്ടിക്കൊണ്ടു് ഒരു കാലണതരണേ! ഒരു മുക്കാലുതരണേ! ഇത്ര വെള്ളംതരണേ! എന്നു തെണ്ടുകല്ല്യോ! ഈ ദ്രോഹംചെയ്തതിവന്മാരല്ലെങ്കിലാരാണമ്മച്ചീ! ഇതിനൊക്കെ പകരം ചോദിക്കണ്ടാന്നു പറഞ്ഞാലോ?—എന്നാലും അമ്മച്ചി പറഞ്ഞതുതന്നാ നല്ലവഴി."

"ദൈവം നിങ്ങളെ ഞങ്ങൾക്കു കൊണ്ടുവന്നുതന്നു. ഞങ്ങൾ ജീവിക്കുംപോലെ നിങ്ങളും ഇവിടെ ജീവിക്കുന്നു. ജീവിക്കണം. ഇവിടെ നിൻേറതെന്നോ, എൻേറതെന്നോ ഇക്കുഞ്ഞുങ്ങളെ വ്യത്യാസമായി കാണുകില്ല. അങ്ങനെ വ്യത്യാസംകാണിച്ചാൽ, നമുക്കെല്ലാവർക്കും പിതാവായ ദൈവം എന്നെ വെറുതേവിടുമോ? അല്ലെങ്കിലും അതെൻെറ കടമയല്ലേ? എല്ലാം എൻെറ കുഞ്ഞുങ്ങൾ, അല്ലെങ്കിൽ നിൻെറ. അതുങ്ങൾ ഒന്നിച്ചു് ഒരുപോലെ വളരട്ടെ! പഠിക്കട്ടെ! പിന്നെ ജീവിതത്തിൻെറ പല പ്രയാസങ്ങൾ. അതു നമുക്കും ഒരുപോലെ അനുഭവിക്കാം!"

"ഇല്ലമ്മച്ചീ, ഇവിടെ ഞങ്ങൾക്കൊരു പ്രയാസവും ഇല്ല. ഭാഗ്യമല്ലാതെ."

"എന്നാലും നീ എപ്പോഴും കണ്ണീരൊഴുക്കുകയാണല്ലോ!"

"അമ്മച്ചീ, അതിവിടെ ദുഃഖമൊന്നുമുണ്ടായിട്ടല്ല, ഞാൻ കുറ

കണ്ണീരൊഴുക്കേണ്ടവളല്ല്യോ! ഓരോന്നോർക്കുമ്പോഴങ്ങു കണ്ണുനിറഞ്ഞുപോകയാ."

"മരിച്ചുപോയവരെക്കുറിച്ചു് ഇനി കണ്ണീരൊഴുക്കിയതുകൊണ്ടുള്ള ഫലം? അവർക്കുവേണ്ടി പ്രാർത്ഥിക്കണം! അതുമതി."

"ഇവിടത്തെ കുഞ്ഞുങ്ങളെപ്പോലെ എൻെറ കുഞ്ഞും ജീവിക്കുന്നതു കാണുമ്പോഴും എൻെറ കണ്ണു നിറഞ്ഞുപോകുന്നമ്മച്ചീ! അതു സങ്കടംകൊണ്ടല്ല."

"ഇനി ഇപ്പോഴൊന്നുകൊണ്ടും നീ സങ്കടപ്പെടരുതെന്നാണെനിക്കു പറവാനുള്ളതു്. അതുമല്ല കുഞ്ഞു് ക്രമേണ ഈ സങ്കടാവസ്ഥ മറക്കണം.

"ആ കാഫി ഒന്നു പകർന്നേരു്. അപ്പുറത്തു ഉറക്കമായിരിക്കും. കുഞ്ഞുങ്ങളും വരാറായി."

സൂസി കാഫിയുമായി വന്നു. ഞാൻ കസേരയിലൊന്നു നിവന്നിരുന്നു കാഫികുടിച്ചു. സൂസി പറഞ്ഞു! "ദാ പിള്ളേരുവരുന്നു. നോക്കിക്കോണേ, ആ "വയലാറി"ൻെറ മുഖത്തു്. (വയലാററുകാരിയായ ആ സ്ത്രീയെ ഉദ്ദേശിച്ചാണു് സൂസി വയലാർ, എന്നു പറഞ്ഞതു്.) ഞാൻ ജന്നലിൻെറട്ടത്തേക്കു മാറിനിന്നു.

പള്ളിക്കൂടത്തിൽനിന്നും വരുന്ന കുഞ്ഞുങ്ങളുടെമുഖത്തേക്കു "വയലാർ" ശ്രദ്ധകേന്ദ്രീകരിച്ചിരിക്കയാണു്. കുഞ്ഞുങ്ങൾ അടുത്തടുത്തുവന്നു. അവളുടെ നയനങ്ങളിൽനിന്നും ബാഷ്പകണങ്ങളുരുണ്ടുരുണ്ടുവീണു. അവരിൽ ഒരുകുട്ടി— അവളുടെമകൻ— അവളുടെഅടുക്കലേക്കു ഓടിച്ചെന്നു. പ്രധാന നദിയിലേക്കു ചെന്നുചേരുന്ന പോഷകനദിപോലെ. അവൾ കുഞ്ഞിനെ വാരിയെടുത്തു. ചുംബിച്ചു. ഒരു മാതാവിൻെറ വാത്സല്യവായ്പ്! ആ പ്രേമസാഗരത്തിൻെറ ആഴം ആർക്കളക്കാം! മററുകുട്ടികൾ കുതിച്ചാത്തു വീട്ടിനുള്ളിലേക്കു കയറി. പിറകേതന്നെ മറേറകുട്ടിയും എത്തി.

"അമ്മേ! അമ്മച്ചീ! കാഫി! കാഫി!! കാഫി!!!"

സൂസി എന്നെ അത്ഭുതഭരമോടെയൊന്നു നോക്കി. ഞങ്ങൾ ഇരുവരും മന്ദഹസിച്ചു. സൂസി അടുക്കളയിലേക്കുപോയി.

# ബാലപാഠം

പ്രിയ കുഞ്ഞുങ്ങളേ,

ഈയിടെപത്രത്തിൽ ഒരു സംഭവത്തെക്കുറിച്ചു് കുഞ്ഞമ്മാവൻ വായിക്കയുണ്ടായി. അതെന്താണെന്നു് കുഞ്ഞുങ്ങളറിയണമെന്നു് കുഞ്ഞമ്മാവനാഗ്രഹിക്കുന്നു.

വയസ്സായഒരമ്മയ്ക്കു് ഒററയ്ക്കൊരു ഓമനപ്പുത്രനുണ്ടായിരുന്നു. അവർ അവനെ വളരെ വാത്സല്യത്തോടുകൂടി വളർത്തിവന്നു. കുട്ടിയുടെ അച്ഛൻ നേരത്തെ മരിച്ചുപോയതിനാൽ ചിലവിനു് അമ്മതന്നെ ജോലിക്കുപോകേണ്ടിയിരുന്നു. അമ്മ എന്നും ജോലിക്കുപോകും. കിട്ടുന്ന കൂലികൊണ്ടു് മകനെ സംരക്ഷിക്കും. അമ്മ മകനുവേണ്ടി അവരുടെ ആഹാരംപോലും ചുരുക്കിയിരുന്നു. വേണു—അതായിരുന്നു അവൻെറ പേർ. നാലാംഫാറത്തിൽ പഠിക്കയാണു്. മററുചില കൂട്ടകാരുടെ പ്രേരണയാലായിരിക്കാം, അവൻ ചെറുപ്പത്തിലേ പുകവലി ശീലിച്ചുപോന്നു. ആദ്യം ബീഡിയും പിന്നീടു് സിഗററും ചിലപ്പോഴൊക്കെ കഞ്ചാവും വേണു വലിച്ചുവന്നു. പുകവലിക്കാതെ വേണുവിനു ഒരു മണിക്കൂറുപോലും കഴിച്ചുകൂടെന്നായി. സ്കൂളിൽ വച്ചും വേണു പുകവലി നിർബാധം തുടർന്നുപോന്നു. വെളിക്കുപോകുന്നെന്ന വ്യാജേന ആ കുട്ടി വൃക്ഷത്തിൻെറയോ മതിലിൻെറയോമറവിൽപോയി തീപ്പെട്ടി ഉരച്ചു് സിഗററു് കത്തിച്ചു വലിക്കും. ഒരു മുഴുവൻ സിഗരററിൻെറയും പുക ഉള്ളിലായാൽഅയാൾ തിരിച്ചുക്ലാസിൽ വന്നിരിക്കും. വേണുവിൻെറ പുകവലിയെക്കുറിച്ചു് അയാളുടെ കൂട്ടുകാർക്കെല്ലാം അറിയാമായിരുന്നു. അവരിൽ ചിലർക്കു് വേണുവിനോടു് വലിയ കാര്യമാണു്. ഒന്നോ രണ്ടോ കവിൾ പുക ചിലപ്പോൾ വേണു കൂട്ടുകാർക്കു് സംഭാവനചെയ്യാറുണ്ടു്. വേണുവിൻെറ അദ്ധ്യാപകൻ പുകവലിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചു് ക്ലാസിൽ പലപ്രാവശ്യം പ്രസംഗിച്ചു. അതിൻെറ ഫലമായി പലകുട്ടികളും പൊടിവലിയും പുകവലിയും നിറുത്തുകയുണ്ടായി. "പുകയില ഏതു രൂപത്തിലായാലും അതു പരിത്യജിക്കേണ്ടതാണു്. അതു വിഷതുല്യമാണു്" എന്നു് മഹാത്മജിതന്നെ പറഞ്ഞിട്ടുണ്ടു്. കുറെ നല്ല കുഞ്ഞുങ്ങൾ അദ്ധ്യാപകൻെറ വാക്കു് അനുസരിച്ചു. വേണു പുകവലി തുടർന്നു.

സ്വതേ അരിഷ്ടിച്ചു കാലക്ഷേപം കഴിക്കുന്ന വേണുവിൻെറ വീട്ടിൽ പുകവലിക്കുവേണ്ടിക്കൂടി പണം ചെലവാക്കാനില്ലെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഫീസിനുള്ള പണമായാലും പുസ്തകത്തിനുള്ളതായാലും ഉച്ചയ്ക്കാഹാരം കഴിക്കാൻ കൊടുക്കുന്ന പണമായാലും വേണുവിനു് കൂസലൊന്നുമില്ല. അവനതു് അടുത്ത പുകയിലഷോപ്പിൽ കൊടുക്കും. ഇഷ്ടംപോലെ സിഗററും കഞ്ചാവും വാങ്ങും. വലിക്കും. എന്നിട്ടങ്ങനെ നിലാവത്തു് അഴിച്ചുവിട്ട കോഴിയെപ്പോലെ നടക്കും.

പുകയിലപ്പീടികയിൽ കടമായി. പുകയിലക്കടക്കാരൻ വേണുവിനു സിഗററും കഞ്ചാവും കൊടുക്കാതായി. അയാൾക്കു് ആകെക്കൂടി പുക അകത്തു ചെല്ലാത്തതുകൊണ്ടൊരു പന്തികേടു്. ഏതാണ്ടു് 4 മണിക്കൂർ നേരത്തേക്കു് വേണുവിനു് പുകവലിക്കാൻ സാധിച്ചില്ല. അയാൾ അടുത്ത കടയിലും കടം ചോദിച്ചു. കിട്ടിയില്ല. നേരെ വീട്ടിലേക്കു് ചെന്നു. അവൻെറഅമ്മ അടുക്കളയിൽ കൂട്ടാനിളക്കിക്കൊണ്ടു നില്ക്കുയായിരുന്നു. വേണു അമ്മയോടു് അലറിക്കൊണ്ടു് ചോദിച്ചു: "അമ്മേ വേഗം ഒരു ആറണ തരണം. അത്യാവശ്യമാണു്." "വേണു നീയിനി പുകവലിക്കണ്ട. ഇന്നുമുതലെങ്കിലും നീ പുകയുടെ ലഹരിയിൽനിന്നും വിട്ടുജീവിക്കു" എന്നായിരുന്നു അമ്മയുടെ മറുപടി.

വേണുവിനു് ദേഷ്യംവന്നു. അവൻ ആറണ ഉടൻകിട്ടണമെന്നും അവനു് കഞ്ചാവു് വാങ്ങി വലിക്കാതെ നിവൃത്തിയില്ലെന്നും തറച്ചുപറഞ്ഞു. അമ്മയ്ക്കിതുകൊണ്ടൊന്നും ഒരു കുലുക്കവുമുണ്ടായില്ല. പുകവലിക്കു് പണംകൊടുക്കാൻ നിവൃത്തിയില്ലെന്നു് അവർ മകനോടു തീർത്തുപറഞ്ഞു.

വേണു ദേഷ്യംകൊണ്ടു് കണ്ണു കാണാത്തവനായി. അവൻ അണയ്ക്കുവേണ്ടി വീണ്ടും അലറി. അവൻെറ അമ്മ സാവധാനം അടുപ്പത്തുവച്ചിരുന്ന കറി ഇളക്കിക്കൊണ്ടിരുന്നു. വേണു മിന്നൽപോലെ വരാന്തയിലേക്കു പാഞ്ഞു. അവിടെ മൂലയിൽ ചാരിവച്ചിരുന്ന കോടാലിയുമെടുത്തു് ഓടി അടുക്കളയിൽവന്നു. "നീ ആറണ എനിക്കു് കഞ്ചാവിനു് തരുകയില്ലേടീ" എന്നു് ഗർജ്ജിച്ചുകൊണ്ടു് അവൻ ആ വൃദ്ധയായ സ്ത്രീയുടെ തലയ്ക്കു നെടുകെ ആഞ്ഞൊരുവെട്ടു്. "അയ്യോ എൻെറ മോനെ" എന്നു് നിലവിളിച്ചുകൊണ്ടു് ആ വാത്സല്യനിധിയായ അമ്മ അടുക്കളയിൽ അലച്ചുവീണു. രക്തം ധാരയായി ഒഴുകി. അവർ മരിച്ചു. വേണുഇന്നു തടവിലാണു്. അവൻ ശിക്ഷിക്കപ്പെട്ടു. ഇന്നവൻ പശ്ചാത്തപിക്കുന്നുണ്ടായിരിക്കും. ഈദാരുണസംഭവത്തിനിടയാക്കിയ അവൻെറ പുകവലി ശീലം അവനിൽ ഉറയ്ക്കാതിരുന്നെങ്കിൽ എന്നു് അവൻ ആഗ്രഹിക്കുന്നുണ്ടാകും. ഇന്നവനു പുക വലിക്കണ്ട. വേണമെന്നുവെച്ചാൽ ജയിൽമുറിയിൽ അവനതു അനുവദിച്ചിട്ടില്ല. അതുകൊണ്ടു പുകവലി കൂടാതെ, സ്വന്തം അമ്മയെ കൊലചെയ്തു വേണു അവിടെ കിടക്കയാണു്, ഇരുമ്പഴിക്കുള്ളിൽ. പുകവലി എത്ര ഭയങ്കരപാതകത്തിലേക്കാണു് അവനെ നയിച്ചതെന്നുനോക്കുക!



"വേണു തടവിലാണു്. അവൻ ശിക്ഷിക്കപ്പെട്ടു. ഇന്നവൻ പശ്ചാത്തപിക്കുന്നുണ്ടായിരിക്കും!"

കുഞ്ഞമ്മാവനൊന്നു ചോദിക്കട്ടെ! നിങ്ങൾക്കാർക്കെങ്കിലും പുകവലി ഒരു ശീലമായിത്തീർന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾക്കതു കൂടാതെ കഴിക്കാൻ സാധിക്കയില്ലേ? അതൊരു അത്യാവശ്യമല്ലാത്ത സാധനമല്ലേ?

നാം ജനിക്കുമ്പോൾത്തന്നെ നമ്മിൽ കുറെ മനുഷ്യചൈതന്യം ദൈവം തന്നിട്ടുണ്ടു്. അപൂർവ്വം ചിലർ ആ ചൈതന്യത്തെ അവരുടെ ആയുഷ്കാലം മുഴുവൻ പരിരക്ഷിക്കുന്നു. അധികം പേരും നമ്മിലടങ്ങിയിരിക്കുന്ന മനുഷ്യത്വത്തിൻെറ ആ മൂല്യവശത്തെ അനാശാസ്യമായ പെരുമാററങ്ങളാൽ നശിപ്പിച്ചുകളയുന്നു. അവർ സ്വയം അധഃപതിക്കുന്നു.

പുകവലി, മദ്യപാനം, അഴുക്കുവാക്കുകൾ പറയുക, ചീത്ത പ്രവൃത്തികൾ ചെയ്യുക ഇവയെല്ലാം നമ്മിലടങ്ങിയിരിക്കുന്ന മനുഷ്യത്വത്തെ മലിനമാക്കുന്നു. കുഞ്ഞുങ്ങളേ, നിങ്ങൾക്കീശ്വരൻ അനുഗ്രഹിച്ചുതന്നിട്ടുള്ള മനുഷ്യത്വത്തെ ഒരിക്കലും മലിനമാക്കാതെ സംരക്ഷിക്കുക. ശുദ്ധമായ സ്വഭാവങ്ങൾ നിങ്ങളിൽ വളർത്തുക. മലിനമായതും കെട്ടതുമായ ശീലങ്ങൾക്കു് നിങ്ങളുടെ ഹൃദയത്തിൽ സ്ഥാനം നൽകാതിരിക്കുക.

"പുകയില ഏതു രൂപത്തിലായാലും അതു വിഷതുല്യമാണു്" എന്ന മഹാത്മജിയുടെ അഭിപ്രായം നിങ്ങൾ ഓർമ്മിക്കുക.

സ്നേഹപൂർവ്വം നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ


തൈക്കാട്ടുമൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതുമാണ്.


# അഗസ്റ്റിൻസ്തവം

(ആയി ആയി എന്ന മട്ടു്)

താതാ താതാ സ്നേഹതാതാ!
സുകൃതസുഗന്ധസമേതാ (2)
പരിശുദ്ധ ത്രിതപം കടൽപോൽ അനന്തം
ചെറുബാലരാം നാം അതിലേതുമല്ല (2)
സ്മരണീയമാമീ പരമാത്മമോരാൻ
ചിറയായതിന്നായ് വണങ്ങാം ... ... (താതാ)
മഹനീയസ്വാത്മഹസ്സിന്നുവേണ്ടി
മടിയാതുണന്നു മരുവീടുമെങ്ങൾ (2)
മഹിതോജ്ജ്വലാ! നിൻ മഹിതപ്രഭാവം
മുകരാ വരം നീ ചൊരിഞ്ഞാൽ (2) ......(താതാ)
അവിരാമനന്മ അണിയുന്നൊരങ്ങെ
അഭയംഗമിക്കും അടിയാരിലെന്നും (2)
അറിവാറൊഴുക്കി അമലാത്മരാക്കാൻ
അകതാരണയ്ക്കാം നിനക്കായ് (2).....(താതാ)
മിശിഹാതൻ സ്നേഹലതയിൽ വിടന്ന
അസുലഭ ദിവ്യകുസുമാഭിരാമാ (2)
തവസൗകുമാര്യപ്പുഴ പുൽകിലോകം
മിശിഹായിലാഴുന്നകാലം
അകലത്തിലാകില്ല, ശ്രീലം (നൂനം) ...... (താതാ)

(വറുഗീസ് മാളിയേക്കൽ)

# ആഗസ്റ്റ് പതിനഞ്ച് ഭാരതിയും—ഭാരതവും

(എൻ. എക്സ്. കുശ്വർ ബി. എ. ബി. എൽ.)

(തുടർച്ച)

ക്രിസ്തുമതസമ്പർക്കത്തിനു മുമ്പുള്ള ഭാരതീയരുടെ മാതൃപരമായ ചിന്താഗതികളെപ്പററി മാത്രമേ നാം ഇതുവരെ പ്രസ്താവിച്ചിട്ടുള്ളു. ഇസ്രായലിനോടും, അവരുടെ ആശയങ്ങളോട് നേരിട്ട സമ്പർക്കമുണ്ടായിരുന്ന യവനന്മാരോടും പുരാതനഭാരതീയർക്ക് സംസർഗ്ഗവും, ആശയവിനിമയവും സിദ്ധിച്ചിരുന്നുവെന്നുള്ളത് സംശയരഹിതമായ സംഗതിയാണ്. അവരുടെ പ്രമാണങ്ങളിൽ ചിലവ ഇവിടെ ഉദ്ധരിക്കാം.

ഇസ്രായേൽ പ്രവാചകന്മാരുടേയും പ്രഭാഷകന്മാരുടേയും, "സനാതനകന്യാത്വ"ത്തെയും, "സനാതനമാതൃത്വത്തെയും, "വചസ്സി"നെയും മററു ലോകമാതൃപരമായ ആദർശങ്ങളേയും അല്ലേ അസ്പഷ്ടമായിട്ടും അതിശയോക്തിയായും, ദൈവനിവേശിതത്വം ലഭിക്കാത്തവർക്ക അവശ്യം സംഭവിക്കുന്ന അപൂർണ്ണജ്ഞാനത്തിലും ഈ ഭാരതീയചിന്തകന്മാർ പ്രഖ്യാപിച്ചിരിക്കുന്നത്. എബ്രായദീർഘദർശികളുടെ പ്രഖ്യാപനങ്ങൾ ഗ്രീക്കുകാരെയും ഭാരതീയരുടെ പൂർവ്വന്മാരെയും ബലമായി അവരുടെ മതാദർശങ്ങളിൽ സ്പർശിച്ചിരുന്നുവെന്നുള്ളത് താഴെപ്പറയുന്ന താരതമ്യപഠനം കൊണ്ടു കാണാം. The Greek Logos, the Stoic "Universal Word",&the Bharathiya "വച" had their origin in the Hebrew "Wisdom."

The Greek Philo diclares "On the tablet of the world Thou hast written Reason first and Man last."

The Stoic Cleanthus says "the Universal Word" etc.

"I Come out of the mouth of the Highest" says wisdom in Ecclus. (XXIV—5)

The Eternal Word"വച" was spoken by the Self Existant Mahabharatha (8—533).

എബ്രായക്കാരുടെയും ഗ്രീക്കുകാരുടെയും, ഇസ്രായലിൻെറ ആശയാദർശങ്ങളോടു അടുത്തു സമ്പർക്കമുണ്ടായിരുന്ന യവനന്മാരുടെയും മതപരവും തത്വപരവുമായ ആദർശങ്ങളോടു ഭാരതീയപൂർവ്വന്മാർക്ക് സംസർഗ്ഗമുണ്ടായിരുന്നുവെന്നുള്ളതിനു് അനിഷേദ്ധ്യമായ ഒരുദാഹരണം ഉദ്ധരിക്കാം. ഭാരതീയമതകാര്യങ്ങളെപ്പററി അധികാരസമന്വിതം പറയാൻ പ്രാപ്തിയുണ്ടായിരുന്ന സ്വാമി വിവേകാനന്ദൻ ക്രിസ്താനുകരണം എന്ന കത്തോലിക്കാ മതഗ്രന്ഥത്തെ ബംഗാളിയിലേക്കു വിവർത്തനം ചെയ്യിച്ചു. ആയതിനു് അദ്ദേഹംതന്നെ പ്രൗഢമായ ഒരു ആമുഖം ഇംഗ്ലീഷ് ഭാഷയിൽ വിരചിച്ചു് പ്രസിദ്ധപ്പെടുത്തി. ആ ആമുഖത്തിൽ ഇങ്ങനെ പറയുന്നു: "വാവനാചാര്യർ (Vavanatcharyar) മുതലായ യവനപണ്ഡിതന്മാരുടെ ആദർശങ്ങളെ, നമ്മുടെ പുരാതനപൂർവ്വന്മാർക്ക് സ്വീകരിക്കാമെങ്കിൽ, ഈ ക്രൈസ്തവഭക്തശിരോമണിയുടെ മതാദർശങ്ങളെ എന്തുകൊണ്ടു നമുക്കു സ്വീകരിച്ചുകൂടാ......"

നാം മുമ്പു പ്രസ്താവിച്ചതു് ക്രിസ്തുമതസമ്പർക്കത്തിനു മുമ്പുള്ള ഹൈന്ദവ മതചിന്താഗതികളെപ്പററിയാണ്.

എന്നാൽ, ക്രിസ്തുമതസമ്പർക്കം ഈ പണ്ഡിതന്മാരിൽ ചിലരുടെയെങ്കിലും ചിന്താഗതികളിൽ മാററങ്ങൾ സംഭവിപ്പിച്ചു. ബ്രഹ്മസമാജം, തീയസോഫിക്കൽ സംഘം മുതലായ അവാന്തരവിഭാഗങ്ങളെ അതിൽ ഉൽഭൂതമാക്കി. സ്വാമി വിവേകാനന്ദൻെറ "മാതാവും ഉണ്ണിമിശിഹായും" എന്ന ചിത്രദർശനത്തിൽ ഉണ്ടായ അനുഭവം ഇതിനു് ഒരുദാഹരണമാകുന്നു. (Reported years ago in the Bengali magazine Brabhuda Bharatha)ഇൻഡ്യൻ തിയസോഫിക്കൽ സംഘക്കാരുടെ കന്യകാമറിയമായ ലോകമാതാവിനോടുള്ള ഭക്തി ഉപരിസ്ഥാനത്തുള്ളതാണ്. മാതാവിൻെറ സ്വർഗ്ഗാരോപണദിനമായ ആഗസ്റ്റ് 15-ാം തീയതിയെ അവർ ആഘോഷപൂർവ്വം കൊണ്ടാടുന്നു. ഒരു ഇരുപതുകൊല്ലം മുമ്പ്, ഈ സുദിനാഘോഷവേളയിൽ അവർ നടത്തിയ സമ്മേളനത്തിൻെറ അദ്ധ്യക്ഷൻ പ്രസ്താവിച്ചതും, Theosophical Worker എന്ന, അഡയാറിൽ നിന്നും പുറപ്പെടുന്ന മാസികയിൽപ്രസിദ്ധപ്പെടുത്തിയിരുന്നതുമായ മരിയാമാതൃമഹിമാവർണ്ണനത്തിൻെറ ഒരുഭാഗം ഇങ്ങനെയായിരുന്നു: "ജഗദംബയായ അവൾ കാരുണ്യത്തിൻെറയും മഹിമകളുടെയും പരമകോടിയിൽ സ്ഥിതിചെയ്തുകൊണ്ടു സന്താപനിമഗ്നരായ നരകുലത്തിൻെറ ദുഃഖോപശാന്തിക്കു് ഈ സമയത്തും പ്രാർത്ഥിക്കുന്നുണ്ട്."

നോക്കണം ഹൈന്ദവരിൽ ചിലരുടെയെങ്കിലും ചിന്താഗതിയിൽ വന്നമാററം. ലോകമാതാവു് പരാശക്തിയല്ല, ആ പരമശക്തിക്കു് അവൾ വിധേയയാകുന്നു. എങ്കിലും അവൾക്കു കഴിയും, അവളുടെ പ്രാർത്ഥനാപരമായ മാദ്ധ്യസ്ഥ്യത്തിനു സാധിക്കും, പരാശക്തിയെ പ്രേരിപ്പിച്ചു മനുഷ്യരുടെ സങ്കടനിവൃത്തി വരുത്താൻ, എന്നല്ലേ ഇതിൽനിന്നും ധ്വനിക്കുന്നതു്. അതേ, വല്ല സംശയവുമുണ്ടോ. "ആതാമ്രാഭയേഫ സ്തമംബെ" നീട്ടുന്നതുകൊണ്ടല്ലേ, സ്വർഗ്ഗത്തിലേക്കുയർത്തുന്നതുകൊണ്ടല്ലേ, ലോകം ഇക്കാലത്തു സംഭരിക്കുന്ന പാപകുമ്പാരത്തിനു് "സംവർത്തനം" (പ്രളയം) സംഭവിച്ചു നശിച്ചുപോകാതിരിക്കുന്നതു്. എങ്ങനെയാണു് അമ്മയുടെ കൈ "ആതാമ്ര"മായതു്? ജപമാലാപരമായ നിരന്തരപ്രാർത്ഥനയുടെ ഫലമായിട്ടല്ലേ അമ്മയുടെ കൈ ചുമപ്പുവർണ്ണമായതു്. ഫാത്തിമായിൽ അമ്മ കൊണ്ടുവന്നു ഈ ജപമാലയുടെ സന്ദേശവും, എന്നിട്ടും ലോകം, ക്രൈസ്തവലോകമെങ്കിലും, വേണ്ടപോലെ സ്വീകരിച്ചു പ്രായോഗികമാക്കുന്നുണ്ടോ ഈ സന്ദേശത്തെ?

ഭാരതം ദൈവമാതാവിൻെറ രാജ്യമാണെന്നു അന്വർത്ഥമായി നാം കണ്ടുവല്ലോ! അജ്ഞാതമായിട്ടാണെങ്കിലും ഈ അമ്മയുടെ സങ്കേതം പണ്ടേ തേടുന്നവരാണു് ഭാരതീയർ. അമ്മയുടെ അഭയംതേടുന്നവർക്കല്ലേ കൈവരുന്നതു് സ്വാതന്ത്ര്യം. ഇതാ നോക്കണം ദൈവമാതാവു്, പ്രതാപപൂർണ്ണയായി സ്വർഗ്ഗകിരീടം ചൂടാൻ ആകാശത്തിലേക്കു് ആനയിക്കപ്പെട്ട ആഗസ്റ്റ് പതിനഞ്ചാം തീയതിതന്നെ ഇൻഡ്യക്കു് സ്വാതന്ത്ര്യം കൈവന്നിരിക്കുന്നതു്. അജ്ഞാതരായിട്ടും സുജ്ഞാതരായിട്ടും ഈ അമ്മയെ അനുഗ്രഹീതയെന്നു വിളിച്ചു—തലമുതലമുറയായി സംബോധനചെയ്ത—അമ്മയുടെ

ഗാഥ

"ആകയാൽ ലോകർ അനുഗ്ര
ഹപൂർണ്ണയെ-
ന്നാചന്ദ്രതാരം വിളിക്കുമെ
ന്നെ"

എന്നുള്ള പ്രവചനത്തെ യഥാർത്ഥീകരിച്ചു ഭാരതീയർക്കു മാനം കരകവരാത്ത ആ കൈവല്യത്തിൻെറ സ്വാതന്ത്ര്യവും അചിരേണ കൈവരട്ടെയെന്നു് പ്രാർത്ഥിക്കാം.

ആഗസ്റ്റ് പതിനഞ്ചാംതീയതി എന്താണു് ഭാരതത്തിൽ നടക്കുന്നതു്? സ്വാതന്ത്ര്യലബ്ധിയിലുള്ള ആനന്ദത്തിൻെറ ആന്ദോളനങ്ങൾ. ഇതു ദർശിച്ചു് ലോകമാതാവു് ആനന്ദനൃത്തം ചെയ്യുന്നു.

എങ്ങനെയാണെന്നു് ഒരു മഹാപണ്ഡിത കവിയുടെ വാക്യങ്ങളെത്തന്നെ ഉദ്ധരിക്കാം; കൈരളിക്കു് കടിച്ചാൽ പൊട്ടാത്തതാണെങ്കിലും. അതിൽ വാഗ്ദേവിയുടെ "പദ"പങ്കജപാംക്തികൾ നൃത്തംചെയ്യുന്നതു് കേട്ടെങ്കിലും ആസ്വദിക്കാം.

"സുര-ലലനാത-തഥോയി-ത
ഥോയി -തഥോഭി- നയോത്തര
നൃത്യരതേ;
കൃതക -കഥാക-കഥാഭി - ഗ
ഡാധിക-താളകുതൂഹല -ഗാനര
തേ;
ധിമികട-ധിക്കട - ധികടാ-
ധിമിദ്ധ്വനി- ധീര-മൃദംഗ -നി
നാദരതേ;
ജയ, ജയ ഹേ-മഹിഷാസുരമ
ർദ്ദിനി-രമ്യകപർദ്ദിനി -ശൈലസു
തേ!

ഒരു ക്രൈസ്തവൻ ഇതിൻെറ അർത്ഥം ഇങ്ങനെയാണു് കാണുന്നതു്:

സ്വർഗ്ഗത്തിലെ സനാതനസന്തോഷത്തിൻെറ ആനന്ദനൃത്തങ്ങളോടുകൂടി ലോകരത്തിലേക്കുവന്നു,വാനവിരോധിയായആ മഹിഷാസുരനെ, കാട്ടുപോത്തിൻെറ ആകൃതിപൂണ്ട ആ ലൂസിഫേറിനെ, പിടിയെടാ, കെട്ടെടാ, ഓടെടാ, ചാടെടാ പോകടാ, നിൻെറ കപാലങ്ങളുടെ നാട്ടിലേക്കു് —ആത്മാവും ശരീരവും മൃതിയടഞ്ഞ നരകത്തിലേക്കു്—ഇന്നു ലോകത്തിൽത്തന്നെയുണ്ടു് അങ്ങനെ ഒരുസ്ഥലം —ആ നിരീശ്വരകരാളകാരാഗൃഹത്തിലേക്കു് —ഭാരതത്തിൽ നിന്നെ വേണ്ട, ഇതു് എൻെറ നാടാണു് എന്നു് ജഗദംബ വിജയശ്രീലാളിതയായി ലസിക്കുന്നതിൻെറ പ്രതിധ്വനിയല്ലേ, ഇപ്രകടീകരണം. ഏതായാലും ഭാരതീയഹൃദയങ്ങളേ, നമ്മുടെ ചിത്തങ്ങളുടെ അടിത്തട്ടുകളിൽ നിന്നും യഥാർത്ഥകൈവല്യത്തിൻെറ സ്വാതന്ത്ര്യംനമുക്കു് പ്രാർത്ഥിക്കാം, ലോകമാതാവായദൈവമാതാവിനോടുതന്നെ. മാതൃഭക്തനായ ക്രൈസ്തവകവി വിശ്രുതബെൺനാഡിൻെറ ആ മനോഹരകീർത്തനത്തെ, നമ്മുടെ ആസ്ഥാനകവിശ്രീവള്ളത്തോൾ കൈരളിയുടെ കാവ്യമധുവിൽ കലർത്തിപകർത്തിതന്നിട്ടുള്ളതിനെ ഈ സുദിനത്തിൽ നമുക്കു് എല്ലാവർക്കും ചേർന്നു് ഗാനംചെയ്യാം.

ഗാഥ

"തള്ളാതെന്നാർത്ഥനം കേൾക്ക
ണേ ജാതമാം
ചൊല്ലിൻെറതായേ, നൽ അ
മ്പിൽ, ആമ്മേൻ."

(തുടരും)

## സംഭവകഥകൾ

### കല്ലെറിഞ്ഞു്, കത്തോലിക്കനായി

ഏഡ്വേറിയൻ ഒരു കത്തോലിക്കനല്ലായിരുന്നു. എന്നാൽ ഒരു കത്തോലിക്കാ സ്കൂളിൽ പോയി പഠിക്കണമെന്നായിരുന്നു അവൻെറ ആഗ്രഹം. അവൻെറ രക്തബന്ധത്തിൽപ്പെട്ട പല കൂട്ടുകാരും കത്തോലിക്കാവിദ്യാലയത്തിൽ പഠിക്കുന്നവരായിരുന്നു. അവരിൽനിന്നും അവിടത്തെ അദ്ധ്യയനരീതിയെപ്പററി കുറച്ചൊന്നുമല്ല അവൻ കേട്ടിരുന്നതു്.

തൻെറ ആഗ്രഹനിവൃത്തിക്കായി ഏഡ്വേറിയൻ കണ്ടുപിടിച്ച വിദ്യവിചിത്രമാണു്. അവൻ കന്യാസ്ത്രീകൾ നടത്തിവന്ന ആ വിദ്യാലയത്തിൻെറ അടുത്തുകൂടി കടന്നുപോകുമ്പോൾ കല്ലവലിച്ചെറിയാൻ തുടങ്ങി, അവരുടെ ശ്രദ്ധ ആകർഷിക്കാൻവേണ്ടി. ഗത്യന്തരമില്ലാതെ വന്നതിനാൽ, കന്യാസ്ത്രീകൾ അവൻെറ മാതാപിതാക്കന്മാരെ തിരക്കി പുറപ്പെട്ടു. അമ്മയെയാണു് ആദ്യം കണ്ടതു്. ആ സ്ത്രീ സന്ദർശനമുറിയിലേക്കു ഏഡ്വേറിയനെവിളിപ്പിച്ചു. സന്തോഷപൂർവ്വം അവൻ ഓടിവരുകയും സന്ദർശകരെ ഉപചാരപൂർവ്വം അഭിവാദ്യംചെയ്യുകയും ചെയ്തു. ഇതു് അവൻെറ അമ്മയേയും കന്യാസ്ത്രീകളേയും ആശ്ചര്യപ്പെടുത്തി. വീട്ടിലെ അവൻെറ പെരുമാററത്തിൽ യാതൊരു ന്യൂനതയും കണ്ടുപിടിക്കാൻ അവർക്കാർക്കും കഴിഞ്ഞില്ല. തന്നെക്കൂടി കന്യാസ്ത്രീകളുടെ സ്കൂളിൽ ചേർക്കുന്നപക്ഷം താൻ യാതൊരു ശല്യവും വരുത്തുകയില്ലെന്നു് അവൻ വാഗ്ദാനംചെയ്തു.

ഏഡ്വേറിയൻെറ പിതാവിൻെറ സമ്മതവുംകൂടി വാങ്ങിയശേഷം കന്യാസ്ത്രീകൾ അവനെ തങ്ങളുടെ സ്കൂളിൽ ചേർത്തു. നാലാം ക്ലാസിലെ ഒരു വിദ്യാർത്ഥിയായി ചേർന്ന അവനു പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു പോകാൻ യാതൊരു പ്രയാസവുമുണ്ടായില്ല. കുറച്ചുകഴിഞ്ഞപ്പോൾ അവൻ, തൻെറ കൂട്ടുകാരെപ്പോലെ തനിക്കും വേദോപദേശം പഠിക്കണമെന്നായി. അതിനുവേണ്ട അനുമതിയും നൽകപ്പെട്ടു. പിന്നീടു് അവൻെറ മാതാപിതാക്കന്മാരുടെ അനുവാദത്തോടുകൂടി ജ്ഞാനസ്നാനവും സ്വീകരിച്ചു് അവൻ ഒരു കത്തോലിക്കനായി.

(കാത്തലിക് ഡൈജസ്റ്റ്)

### ജീവിതത്തിലും മരണത്തിലും

ഫ്രാൻസിലെ രാജകുമാരനായിരുന്ന ഡോഫിൻ മരണാസന്നനായി കിടക്കുകയായിരുന്നു. അദ്ദേഹം "മരണപരാക്രമം" കാണിക്കുന്നതുപോലെ തോന്നിയ ഒരവസരത്തിൽ അദ്ദേഹത്തിൻെറ ധർമ്മപത്നി ചുവരിൽനിന്നു ക്രൂശിതരൂപം എടുത്തു് അതു അദ്ദേഹത്തിൻെറ അധരങ്ങളോടു് ചേർത്തുപിടിച്ചുകൊണ്ടു് ആ തിരുസ്വരൂപത്തെ ഈശോയെ ചുംബിക്കുവാൻ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം പറകയാണു്: "എത്ര ഉൽകൃഷ്ടമായ ഒരു സ്ത്രീയാണിവൾ. ജീവിതകാലത്തു് എൻെറ ആനന്ദത്തിനു നിദാനമായിരുന്നശേഷം ഇപ്പോഴിതാ അവളെന്നെ ഒരു നല്ലമരണംമരിക്കുന്നതിനു സഹായിക്കുകകൂടി ചെയ്യുന്നു."

### കണ്ണിൻെറ കാഴ്ചയും വിശ്വാസവെളിച്ചവും

ഒരപകടത്തിൽപ്പെട്ടു് ഫ്രാൻസിലെ പാവപ്പെട്ട ഒരു കൃഷിക്കാരൻെറ കണ്ണിൻെറ കാഴ്ച നഷ്ടപ്പെട്ടു. സമർത്ഥരായ ഡോക്ടർമാരെക്കൊണ്ടു ചികിത്സിപ്പിക്കുവാൻവേണ്ട ധനശക്തി അയാൾക്കില്ലായിരുന്നു. ആകയാൽ സമീപസ്ഥനായ ഒരാൾ പാരീസിൽപോയി ചികിത്സചെയ്യുന്നതിൻെറ ചെലവെല്ലാം വഹിക്കാമെന്നു സദയം വാഗ്ദാനം ചെയ്തു. ഒരൊററ വ്യവസ്ഥമാത്രം. അയാൾ തൻെറ മകളെ കത്തോലിക്കാ വിദ്യാലയത്തിൽനിന്നു പിൻവലിച്ചു ഗവമ്മെൻറുവിദ്യാലയത്തിൽ ചേർക്കണം. അല്പസംശയത്തിനുപോലും ഇടംകൊടുക്കാതെ, വിശ്വാസചൈതന്യനിർഭരനായ ആ കൃഷീവലൻ മറുപടിപറഞ്ഞു:

"എൻെറ കണ്ണിനു കാഴ്ചകിട്ടിയില്ലെങ്കിലും വേണ്ടില്ല. എൻെറ മകൾ വിശ്വാസവെളിച്ചം സംരക്ഷിച്ചാൽ മതി."


## വിനോദവീഥി



"എന്താണമ്മാവാ, ഈ പഴേ കുടശീലയൊക്കെ മേടിച്ചോണ്ടു് —എന്താ കുടപണി നടത്തുന്നുണ്ടോ?"

"ഹെയ്. മകളുടെ മകളുപെണ്ണു് കോളേജിപ്പോണു്. അവൾക്കു് കറുത്ത ബ്ലൗസേ വേണ്ടു. എന്തുചെയ്യും?"

* * *



"നമ്മുടെ കണക്കുസാറിനു് പനി ഭേദായി ഇന്നു ക്ലാസിൽ വരുന്നേ!"

"എൻെറ ഗോപീ എനിക്കു് ഇന്നു് വയററില് നോവാ. ഞാൻ ഗൃഹപാഠം ചെയ്തിട്ടില്ല. ഞാൻ ക്ലാസില് വരുന്നില്ല."

* * *

മജിസ്ട്രേററ്: "10 രൂപ പിഴ."

മോഷ്ടാവു്: "എൻെറ കൈയില് 10 രൂപ ഉണ്ടായിരുന്നെങ്കി ഞാൻ കക്കാൻ പോകോ ഏമാനേ?"

* * *

ആഗതൻ: "ഇവിടെ എക്കിളിനു വല്ല മരുന്നുമുണ്ടോ?"

മരുന്നുവില്പനക്കാരൻ മറുപടിയായി അയാളുടെ കന്നത്തു് ഒരടിവച്ചുകൊടുത്തു. അയാൾ കോപിച്ചു. "എന്തു തെമ്മാടിത്തരമാണു് നിങ്ങളീ കാണിച്ചതു്?" അയാൾ പ്രതിഷേധം പ്രകാശിപ്പിച്ചു.

മരുന്നുവില്പനക്കാരൻ: "നിങ്ങൾക്കിപ്പോൾ എക്കിളുണ്ടോ?"

ആഗതൻ: "ഇല്ല. എനിക്കു മുമ്പുണ്ടായിരുന്നുമില്ല. എൻെറ ഭാര്യക്കു് എക്കിളുണ്ടു്. അവൾ കാറിലിരിക്കയാണു്."

*Permissu Ecclesiastico*
Printed & Published by
K. L. Varkey
t the Mar Louis Memorial Press
Ernakulam —1

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam August 26 1953 No. 2

## വിവിധവൃത്താന്തങ്ങൾ

### പാക്കിസ്ഥാൻ മെത്രാൻ കർഷകരെ സഹായിക്കുന്നു

റാവൽപ്പിണ്ടിയിലെ കത്തോലിക്കാ മെത്രാൻ ഹോളണ്ടിൽനിന്നു ഒരു കൃഷിവിദഗ്ദ്ധനെ വരുത്തിയിരിക്കുന്നു. തൻെറ രൂപതയിലുള്ള കത്തോലിക്കാ കർഷകന്മാരുടെ ഉദ്യമങ്ങളിൽ ശാസ്ത്രീയമായ സഹായം നൽകുകയെന്നുള്ളതാണു അദ്ദേഹത്തിൻെറ ജോലി. ഹിന്ദുമുസ്ലീം വഴക്കകാലത്തു ഹിന്ദുകർഷകരെയെല്ലാം അടിച്ചോടിച്ചതോടെ അവിടത്തെ കൃഷി അത്യധികം അധഃപതിച്ചിരിക്കയാണു്. ഇതിനെ പരിഹരിപ്പാനുള്ള സത്വരനടപടികൾ ബിഷപ്പു് തിരുമേനി ആരംഭിച്ചിരിക്കുന്നു. കൃഷിവിഷയത്തിൽ മുന്നണിയിൽനില്ക്കുന്ന ഹോളണ്ടിൻെറ മാതൃകയാണു് അദ്ദേഹം അനുകരിച്ചുവരുന്നതു്.

### ഞാൻ കണ്ട ഇൻഡ്യാ
### കാനൻ കാർഡിജിൻ പറയുന്നു

കഴിഞ്ഞ നവംബർമാസം മുതൽ ഒരുനൂറുദിവസം ദീർഘിച്ച ഏഷ്യൻ പര്യടനാനന്തരം ബൽജിയത്തിൽ തിരിച്ചെത്തിയിരിക്കുന്ന കാനൻ ജോസ് കാർഡിജിൻ എന്ന സുപ്രസിദ്ധ തൊഴിലാളി അപ്പോസ്തലൻ തൻെറ യാത്രാവിവരണം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇൻഡ്യയെപ്പററി അദ്ദേഹം എഴുതുന്നു: "എൻെറ വായനകൾകൊണ്ടു ഞാൻ മുമ്പു സമ്പാദിച്ചുവച്ചിരുന്ന മാനസികചിത്രങ്ങളെല്ലാം ഇൻഡ്യൻ ജനതയെ ഞാൻ നേരിട്ടുകണ്ടപ്പോൾ അസ്ഥപ്രായങ്ങളായി. അത്യന്തം പരിഷ്കൃതരായ ഒരു ജനാവലിയെയാണു ഞാൻ കണ്ടുമുട്ടിയതു്—സൗമ്യശീലർ, മര്യാദസമ്പന്നർ, ആനന്ദഭരിതർ. വനിതാവിഭാഗം ബഹുമാന്യരായി കാണപ്പെട്ടു. മനോമോഹനമായ ചുരുക്കുകളോടുകൂടിയ അവരുടെ നീണ്ട വസ്ത്രങ്ങൾ ദർശിച്ചാൽ പുരാതനപ്രസിദ്ധങ്ങളായ ചില കൊത്തുരൂപങ്ങളുടെ പ്രതീതിയാണുണ്ടാവുക. ബാലഗണങ്ങൾ ഏററിയക്കുറും അനല്പമായ വാത്സല്യത്തിനും പരിസേവനത്തിനും വിധേയരായി കാണപ്പെട്ടു. ആത്മാർത്ഥവും നിഷ്കന്മഷവുമായ ഒരു സ്വാഗതം എവിടെയും നിങ്ങളെ അഭിമുഖീകരിക്കും. നൃത്തങ്ങളും സംഗീതങ്ങളും, പുഷ്പങ്ങളും പൂമാലകളും, ആഭരണങ്ങളും അലങ്കാരങ്ങളും, നിർദ്ധനന്മാരുടെ ചെററക്കുടിലുകളിൽപ്പോലും ദൃശ്യമാണു്. പൗരാണികത്വവും സ്വാഭാവികഗുണവിശേഷങ്ങളും തികഞ്ഞ ഒരു വലിയ ജനപദമാണിതെന്നു പ്രത്യക്ഷത്തിൽ കാണാം. പാശ്ചാത്യരുമായുള്ള സമ്പർക്കംകൊണ്ടു് ഈ ഗുണവിശേഷങ്ങളെല്ലാം നഷ്ടീഭവിക്കയില്ലയോ എന്നൊരു ഭീതി പ്രകൃത്യാതന്നെ തോന്നിപ്പോകുന്നു........."

### ഉപവിയുടെ സഹോദരികൾ ചൈനായിലില്ല

ഇരുനൂറുകൊല്ലങ്ങൾക്കിടയിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു സംഭവമാണു്. ആതുരസംരക്ഷണനിരതരായ ഉപവിയുടെ കന്യകാസഭാംഗങ്ങളിൽ ഒററയാളുപോലും ഇനി കമ്മ്യൂണിസ്റ്റു ചൈനായിൽ അവശേഷിച്ചിട്ടില്ല. ഏവരെയും നിഷ്കരുണം നാട്ടിൽനിന്നു ബഹിഷ്കരിച്ചുകളഞ്ഞു. അവസാനംവരെ പൊരുതിനിന്ന 66 വയസ്സുകാരിയായ സിസ്റ്റർ ക്ലെയർ ലപ്പോർട്ടേയും ഇക്കഴിഞ്ഞ മാസത്തിൽ ബഹിഷ്കൃതയായിരിക്കുന്നു. നാടുകടത്തപ്പെട്ട ഹോങ്കോങ്ങിലെത്തിയ മിഷനറിമാർ പറകയാണു്: മർദ്ദനം വർദ്ധിച്ചുവരുന്തോറും ചൈനീസ് കത്തോലിക്കരുടെ വിശ്വാസദാർഢ്യവും ബലപ്പെട്ടുവരികയാണു്.

### കമ്മ്യൂണിസ്റ്റ് മേധാവിത്വത്തെക്കാൾ പുരോഹിതമേധാവിത്വംതന്നെ നന്ന്

ജർമ്മനിയുടെ ഇപ്പോഴത്തെ പോക്കുകണ്ടിട്ടു് ഫെഡറൽ റിപ്പബ്ലിക്കിൻെറ മേധാവിത്വം വൈദികാദ്ധ്യക്ഷന്മാരുടെയും സഭാധികാരികളുടെയും പിടിയിൽ അമരേണ്ടുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു എന്നു കമ്മ്യൂണിസ്റ്റു് വക്താക്കൾ പുലമ്പിത്തുടങ്ങിയിരിക്കയാണു്. ഒരു പാർലമെൻറു മെമ്പർ അതിനു പ്രത്യുത്തരം നൽകിയിരിക്കുന്നതു് ഇങ്ങനെയാണു്: "ബോൾഷെവിക്കു് ഭരണത്തിൽ കുടുങ്ങുന്നതിനെക്കാൾ വൈദികാദ്ധ്യക്ഷഭരണത്തിനു വിധേയമാകുന്നതിനു ഞങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നു." ജർമ്മൻ തൊഴിലാളികളെ ചെമ്പട വേട്ടയാടിയതിനോടെ ജർമ്മൻകാരുടെയെല്ലാം കണ്ണുകൾ പൂർവ്വാധികം തുറന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

### പ്രദർശനം വഴിയായി ബ്രിട്ടനിലുണ്ടായ ദൈവവിളികൾ

വൈദികാന്തസ്സിലേക്കും മിഷനറിവേലകൾക്കായുമുള്ള ദൈവവിളിയുടെ മഹത്വത്തെയും കടമകളെയും വിശദീകരിക്കുന്ന ഒരു പ്രദർശനം കുറേമുമ്പു ബ്രിട്ടനിൽ നടന്നു. അതിൻെറ ഫലങ്ങൾ ധാരാളമായി അവിടെ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. 372 ആളുകൾ ഇതിനകം പ്രദർശനഫലമായി വിവിധസന്യാസസഭകളിൽ പ്രവേശനത്തിനു അപേക്ഷിച്ചിട്ടുണ്ടെന്നു ഗ്രഹിക്കാൻകഴിഞ്ഞു. 941 പേരോളം ഈ വിഷയം സംബന്ധിച്ചു കൂടുതൽ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്. വഴിതെററി നടന്നിരുന്ന പല കത്തോലിക്കരും മാനസാന്തരപ്പെടുവാൻ ഈ പ്രദർശനം കാരണമായി. ഒരു സന്യാസസഭയിൽത്തന്നെ ഇത്തരം 60 പേരുടെ പാപസങ്കീർത്തനം നടന്നതായി കണക്കെടുത്തിരിക്കുന്നു. അകത്തോലിക്കരും, അകത്തോലിക്കാ വൈദികരുമായി അനേകർ പ്രദർശനത്തിൽ പങ്കെടുത്തതായി കാണുന്നു.

### തോങ്ങായിലെ രാജ്ഞി ബ്രിട്ടനിൽ

പാസിഫിക്കിൻെറ തെക്കേഭാഗത്തായി കിടക്കുന്ന തോങ്ങാ ദ്വീപുകൾ ഇന്നു ലോകത്തിലുള്ളതിലേക്കും ചെറിയ ഒരു സ്വതന്ത്രരാജ്യമാണു്. ആയിരം കൊല്ലങ്ങളായി ഈ സ്വാതന്ത്ര്യനില അവർ പാലിച്ചുപോരുന്നതുമാണു്. 36 ചെറുദ്വീപുകൾ ചേർന്നുള്ള ഈ രാജ്യത്തിൽ ആകെ 50,000 ജനങ്ങളുണ്ടു്. അതിൽ എട്ടിലൊന്നു്—ആറായിരത്തോളം—കത്തോലിക്കരുമാണു്. അവിടത്തെ ഇപ്പോഴത്തെ ഭരണാധികാരിയാണു സലോത്തി രാജ്ഞി. പര്യടനാർത്ഥം രാജ്ഞി ഇപ്പോൾ ബ്രിട്ടൻ, അയർലണ്ടു് മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചുവരുന്നു. കിരീടാവകാശിനിയായ കുമാരിയും രാജ്ഞിയുടെ പരിവാരസഹിതം സഞ്ചരിക്കുന്നുണ്ടു്.

### മാർഗരററു രാജകുമാരിയുടെ വിവാഹകാര്യം

ബ്രിട്ടനിലെ ഇടതുപക്ഷപത്രങ്ങൾ മാർഗരററ് രാജകുമാരിയുടെ വിവാഹത്തെപ്പററി ചില കിംവദന്തികൾ പ്രചരിപ്പിച്ചുവരുന്നുണ്ടു്. "ഡെയലിമിറർ" പത്രം പറയുന്നതു്, 26 വയസ്സുള്ള റോബിൻ മക്കേവൻ എന്ന പ്രഭുകുലജാതനായ കത്തോലിക്കനുമായിട്ടുള്ള വിവാഹം സംബന്ധിച്ചു് ആലോചനകൾ നടന്നുവരുന്നുണ്ടെന്നാണു്. ഇതു വെറും അസംബന്ധം മാത്രമാണെന്നു കാര്യവിവരമുള്ള കേന്ദ്രങ്ങൾ പറയുന്നു. സ്കോട്ട്ലണ്ടുകാരനായ ക്യാപ്ററൻ മക്കേവൻ എന്ന കത്തോലിക്കൻെറ ഏഴു സന്താനങ്ങളിൽ ഒരുവനാണു് റോബിൻ. അയാളുടെ സഹോദരിയായ ഹെസ്റ്റേത്തു പ്രഭ്വി ബാല്യംമുതൽ രാജകുമാരിയുടെ ഒരു ആപ്തമിത്രമാണു്. റോബിൻ വളരെക്കാലം മാർഗരററിൻെറ അംഗരക്ഷകരിൽ ഉൾപ്പെട്ടിരുന്നിട്ടുള്ളതാണു്. ഈ ബന്ധങ്ങളെയെല്ലാം ആസ്പദമാക്കി കെട്ടിച്ചമച്ചിട്ടുള്ള ഒരു നോവൽമാത്രമാണു് ഈ ശ്രുതി എന്നത്രെ പൊതുവേയുള്ള അഭിപ്രായം.

### ഓസ്ട്രേലിയൻ ഗവർമ്മെൻറു തീർച്ചയിം ഭേദപ്പെടുത്തി

ഔദ്യോഗികസമ്മേളനങ്ങളിൽ ഇപ്പോഴത്തെ ആംഗ്ലിക്കൻ മെത്രാപ്പോലീത്തായെക്കാൾ മുൻസ്ഥാനം കാർഡിനൽ ഗിൽറോയിക്കായിരിക്കും എന്നു ഓസ്ട്രേലിയൻ ഫെഡറൽ ഗവർമ്മെൻറു ചെയ്ത നിശ്ചയത്തെ ഇപ്പോൾ അവർ ഭേദപ്പെടുത്തിയിരിക്കുന്നു. ആംഗ്ലിക്കൻ ആർച്ചുബിഷപ്പു് ഓസ്ട്രേലിയാ മുഴുവൻെറയും മെത്രാപ്പോലീത്തായാണെന്നും കാർഡിനൽ ഗിൽറോയിക്കു് അങ്ങനെയൊരു പ്രൈമററുസ്ഥാനം ഇല്ലെന്നുമാണു ക്യാബിനററ് പറയുന്ന ന്യായം. ഓസ്ട്രേലിയാ മുഴുവൻെറ മേലും അധികാരമുള്ള കത്തോലിക്കാമതാദ്ധ്യക്ഷൻ ഡെലഗേറ്റ് അപ്പോസ്തോലിക്കാ മാത്രമാണെന്നു അവർ പറയുന്നു. ഡെലഗേറ്റ് അപ്പോസ്തോലിക്കാസ്ഥാനം ഇപ്പോൾ അവിടെ ഒഴിവായിരിക്കയുമാണു്.

### ജപമാലവഴി തിരുസഭയിലേക്കു്

കഴിഞ്ഞ മാസത്തിൽ കാർഡിനൽ സ്പെൽമൻ തിരുമനസ്സുകൊണ്ടു കത്തോലിക്കാസഭയിലേക്കു സ്വീകരിച്ച ഒരു എപ്പിസ്കോപ്പേലിയൻ പുരോഹിതനായ ഡോക്ടർ ജയിംസ് ഹാരിപ്രൈസ് എന്ന ദേഹം തൻെറ മാനസാന്തരത്തെപ്പററി ചില വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. "സത്യസഭയിൽ ചെന്നെത്തിയ എൻെറ ഒരു സ്നേഹിതൻ എനിക്കു് ഒരു ജപമാല തന്നു. ഞാൻ അതുപയോഗിച്ചു തുടങ്ങി. അതോടെ എനിക്കു അതിൻെറ ശക്തി ബോദ്ധ്യമായി. സത്യം അറിയുന്നതിനുള്ള ആശയും ആഗ്രഹവും എന്നിൽ വർദ്ധിച്ചു. തുടർന്നു ദീർഘനാളത്തെ ചിന്തയുടെയും പ്രാർത്ഥനയുടെയും പഠനത്തിൻെറയും ഫലമായി ക്രമേണ ക്രമേണ എപ്പിസ്കോപ്പേലിയൻ സഭയിൽ ദൈവസ്ഥാപിതമായ ഒരു വൈദികാദ്ധ്യക്ഷസ്ഥാനം ഇല്ലെന്നു എനിക്കു മനസ്സിലായി. കത്തോലിക്കാസഭയിൽ മാത്രമാണു് അതുള്ളതെന്നു് ഒടുവിൽ ഞാൻ തെളിവായി ഗ്രഹിച്ചു. ഇങ്ങനെ എനിക്കു വിശ്വാസമില്ലാത്ത ഒരു സഭയിലെ പുരോഹിതസ്ഥാനം വഹിക്കാൻ മനസ്സാക്ഷി എന്നെ സമ്മതിക്കാതെയായി. അതുമായപ്പോൾ പിന്നെ എനിക്കു് ഒട്ടും താമസിക്കാൻ കഴിഞ്ഞില്ല. കത്തോലിക്കാസഭയിൽ പ്രവേശിക്കാൻതന്നെ ഞാൻ തീർച്ചപ്പെടുത്തി. ഞാൻ ഇവിടെ കണ്ടെത്തിയിട്ടുള്ള സത്യത്തിനും സമാധാനത്തിനുംവേണ്ടി ദൈവത്തിനു ഞാൻ കൃതജ്ഞതാസ്തോത്രം ചെയ്തുകൊള്ളുന്നു.

### ബിഷപ്പ് ഫൾട്ടൻ ഷീൻ ഇൻഡ്യയെപ്പററി

അമേരിക്കയിൽ ഒരു അഖിലലോക മിഷൻ പ്രദർശനത്തിൽ, പതിനേഴായിരത്തോളം വരുന്ന ജനക്കൂട്ടത്തോടു പ്രസംഗിക്കയിൽ ഫൾട്ടൻ ഷീൻ പറഞ്ഞതായതു്: ഭാരതീയ ഉപഭൂഖണ്ഡത്തിൽ സഭയ്ക്കു് അത്ഭുതപൂർവ്വമായ വളർച്ചയുടെ ഒരു കാലം വരുന്നു. സഭയുടെ ഭാവി ഇനിമേൽ പടിഞ്ഞാറിനെ ആശ്രയിച്ചല്ല ഇരിക്കുന്നതു്, കിഴക്കിനെ ആശ്രയിച്ചാണു്. ഇൻഡ്യൻ സഭ വികസിച്ചു കഴിയുമ്പോൾ 600 കൊല്ലത്തിനിപ്പുറം നാം കണ്ടിട്ടില്ലാത്തതരത്തിലുള്ള ഒരു ആദ്ധ്യാത്മികവളർച്ച നാം ദർശിക്കും. ആദ്ധ്യാത്മികത്വം ഇൻഡ്യയെ രൂപാന്തരപ്പെടുത്തും. ഇൻഡ്യയിൽനിന്നോ ടിബററിൽനിന്നോ ഒരു പാപ്പാപോലും ഉദയം ചെയ്തേക്കുമെന്നും ചിലർ പറയുന്നുണ്ടു്."

### രക്തം നൽകി മാതാവിനെ രക്ഷിച്ചു

പാക്കിസ്ഥാനിലെ റാവൽപ്പിണ്ടി ആസ്പത്രിയിൽ നടന്നതാണു്. അടിയന്തിരമായ ഒരു പ്രസവക്കേസ്സ്. മെഡിക്കൽ മിഷൻ സഹോദരിമാരുടെ ആസ്പത്രിയിലേക്കു കൊണ്ടുവന്നിരിക്കുന്നു. കുറേ രക്തം കുത്തിവച്ചല്ലാതെ മാതാവിനെ രക്ഷിച്ചെടുക്കാൻ സാദ്ധ്യമല്ലെന്നു സിസ്റ്റർ കാരെൻ ഗോസ്ലാൻ മനസ്സിലാക്കി. വിവരം രോഗിയുടെ ഭർത്താവിനെ അറിയിച്ചു. അയാൾ അന്വേഷിച്ചതിൽ രക്തം നൽകുന്നതിലേക്കു് ആരെയും ലഭിച്ചില്ല. കാര്യം അപകടത്തിലാകുന്നതു കണ്ടു് ധീരയായ ആ സിസ്റ്റർ തൽക്ഷണം സ്വന്തദേഹത്തിൽനിന്നു ഒരു പൈൻറു രക്തം കുത്തിയെടുത്തു രോഗിണിക്കു ഇൻജെക്റ്റ് ചെയ്തു. അങ്ങനെ ആ മാതാവു മൃത്യുവക്ത്രത്തിൽനിന്നു രക്ഷപ്രാപിക്കയും ചെയ്തു.

### മലായായിലെ സ്തുത്യർഹമായ ഒരു പ്രസ്ഥാനം

അശ്ലീലങ്ങളായ ഗ്രന്ഥങ്ങളെയും സിനിമാകളെയും തടയുന്നതിലേക്കു കത്തോലിക്കാ പ്രമുഖന്മാരുടെ നേതൃത്വത്തിൽ ഒരു വലിയ പ്രസ്ഥാനം മലയായിൽ ആരംഭിച്ചിരിക്കുന്നു. കുറഞ്ഞൊരുകാലത്തെ പരിശ്രമംകൊണ്ടു ഗണ്യമായ ഫലം പ്രത്യക്ഷപ്പെട്ടിട്ടുമുണ്ടു്. ഒരു മഹമ്മദീയൻെറ പുസ്തകക്കടയിൽ ഒരു പുസ്തകവും രണ്ടു മാസികകളും മേല്പറഞ്ഞതരത്തിൽ കണ്ടെത്തിയതിനെപ്പററി കേസെടുത്തു. ക്വാലാലംപൂർ സെഷൻകോർട്ടിൽനിന്നു പ്രതിക്കു ഒരു വലിയ തുക പിഴ ചുമത്തി. ജഡ്ജ്മെൻറിൽ മജിസ്ട്രേട്ടു് ഇങ്ങനെ എഴുതിയിരിക്കുന്നു: "യുവാക്കന്മാരെ വഷളാക്കി അധഃപതിപ്പിക്കുന്ന ഈദൃശപ്രസിദ്ധീകരണങ്ങൾക്കെതിരായി ഒരു മുറവിളി എല്ലാ സഭാവിഭാഗങ്ങളിൽനിന്നും നമ്മുടെ നാട്ടിൽ കേൾക്കുന്നുണ്ടു്. അതു കേൾക്കാതെ വിട്ടുകളയാൻ സാദ്ധ്യമല്ല."

——

## DON'T QUIT

I

When things go wrong, as they sometimes will,
When the road you're trudging seems all uphill,
When the funds are low and the debts are high,
And you want to smile, but you have to sigh,
When care is pressing you down a bit—
Rest if you must, but don't you quit.

II

Life is queer with its twists and turns,
As every one of us sometimes learns,
And many a fellow turns about,
When he might have won had he stuck it out.
Don't give up though the pace seems slow—
You may succeed with another blow.

III

Often the goal is nearer than
It seems to a faint and faltering man;
Often the struggler has given up
When he might have captured the victor's cup;
And he learned too late when the night came down,
How close he was to the golden crown.

IV

Success is failure turned inside out—
The silver tint of the clouds of doubt,
And you never can tell how close you are,
It may be near when it seems afar;
So stick to the fight when you're hardest hit—
It's when things seem worst that you mustn't quit.

—Archbishop Richard Cushing.